ജനകീയാസൂത്രണം

വികസന റിപ്പോർട്ട്

രാജക്കാട്
ഗ്രാമപഞ്ചായത്ത്

ഭരണസമിതി അംഗങ്ങൾ



M.M. തോമസ്
പ്രസിഡന്റ്



K.V. മോഹനൻ
വൈസ് പ്രസിഡന്റ്



ജേക്കബ് ഫിലിപ്പ്
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ



C.J. തങ്കച്ചൻ
മെമ്പർ



V.J. ബാബു
മെമ്പർ

P.A. വസുമതി ടീച്ചർ
മെമ്പർ

സുഭാഷിണി സോമൻ
മെമ്പർ



സുജാത രാജപ്പൻ
മെമ്പർ

60-4
3

"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ
കണ്ടെത്തിയ മഹാത്മാവ്"

എഡിറ്റോറിയൽ ബോർഡ്



ചീഫ് എഡിറ്റർ
ജേക്കബ് ഫിലിപ്പ്



സബ്ബ് എഡിറ്റർ
K.T. സുരേന്ദ്രൻ



കൺവീനർ
P.J. ജോസഫ്



M.P. ജോസ്



ജോസഫ് മണിക്കൊമ്പേൽ



സ്റ്റാലിൻ മർക്കോസ്

പഞ്ചായത്ത് സ്റ്റാഫ്

P.R. ഭാസ്കരൻനായർ
പഞ്ചായത്ത് സെക്രട്ടറി



ഇരിക്കുന്നവർ:- E.K. രവി, U.D. ക്ലർക്ക്, K.E. ഗോപാലൻ U.D. ക്ലർക്ക്, C.D. ജോസഫ് U.D. ക്ലർക്ക്

നില്ക്കുന്നവർ:- സ്റ്റാലിൻ W ഗോമസ്. L.D. ക്ലർക്ക്, T. മാണിക്യം, പ്യൂൺ.



പഞ്ചായത്ത് രാജ് - നഗരപാലിക ബില്ലിന്റെ ശില്പി



താഴെക്കാട് ഗ്രാമ പഞ്ചായത്ത് മാപ്പ്.



"ജനകീയ ആസൂത്രണത്തിന്റെ ജനനായകൻ"

ഉള്ളടക്കം

1. ആമുഖം 11
2. പഞ്ചായത്ത് പൊതുവിവരണം 12
3. സാമൂഹ്യ സാംസ്കാരിക ചരിത്രം 16
4. ഭൂപ്രകൃതി, കാലാവസ്ഥ 20
5. സാമൂഹ്യ സാമ്പത്തിക മേഖലകൾ 22
   - 5-1 കൃഷിയും ജലസേചനവും 29
   - 5-2 മൃഗസംരക്ഷണം 33
   - 5-3 വ്യവസായം 42
   - 5-4 വിദ്യാഭ്യാസം 45
   - 5-5 കുടിവെള്ളവും, പൊതുജനാരോഗ്യവും 62
   - 5-6 ഗതാഗതം, ഊർജം 70
   - 5-7 പാർപ്പിടവും, സാമൂഹ്യക്ഷേമവും 81
   - 5-8 സംസ്കാരം 97
   - 5-9 വനിത 100
   - 5-10 സഹകരണം 103
   - 5-11 പട്ടികജാതി - പട്ടിക വർഗ്ഗക്ഷേമം 108
   - 5-12 വിഭവ സമാഹരണം 112
6. ടൂറിസം 120
7. ജനകീയാസൂത്രണം - പ്രവർത്തന റിപ്പോർട്ട് 121
8. ഉപസംഹാരം 124

എഡിറ്ററുടെ പേജ്



സാക്ഷരതാ യജ്ഞത്തിലൂടെ
നിരക്ഷരരുടെ മുൻപിൽ
അറിവിന്റെ കവാടം തുറക്കുക വഴി
ലോക രാഷ്ട്രങ്ങളുടെയിടയിൽ
ശ്രദ്ധാ കേന്ദ്രമായി മാറിയ കേരളം
ദൈവത്തിന്റെ സ്വന്തം നാട്-
ഇപ്പോഴിതാ
മറ്റൊരു മഹത്തായ സംരംഭത്തിന്റെ
പണിപ്പുരയിലാണ് - ജനകീയാസൂത്രണത്തിന്റെ
കൈക്കോട്ടേന്തി തഴമ്പിച്ച കൈൾക്കും
ജീവിത പ്രാരാബ്ധങ്ങളിൽപ്പെട്ട്
ഉഴലുന്ന സാധാരണക്കാരനും
വിദ്യാർത്ഥിക്കും - വ്യവസായിക്കും
തന്റെ നാടിനും - നാട്ടാർക്കും
എന്തു വേണം - എങ്ങിനെ വേണം എന്ന്
ഒരേമനസ്സോടെ ചർച്ച ചെയ്ത്
നിർദ്ദേശിക്കുവാനും - ആസൂത്രണം ചെയ്യുവാനുമുള്ള
അവകാശം,
സാമ്പത്തിക ശാസ്ത്രജ്ഞന്മാരുടെയും
ആസൂത്രണ വിദഗ്ധന്മാരുടെയും
വകുപ്പു മേധാവികളുടെയും കൈകളിൽ
നിന്നും വീണു കിട്ടിയിരിക്കുന്നു.

വിശേഷാൽ ഗ്രാമസഭകളിൽ നടത്തിയ ചർച്ചകളിൽ ഉരിത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളും വിവിധ മേഖലകളിൽ നിന്നും ശേഖരിച്ച ദ്വിതീയ സ്ഥിതിവിവരങ്ങളും സമഗ്രമായി പഠിച്ച് ക്രോഡീകരിച്ചതാണീ റിപ്പോർട്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ പുരാതന ചരിത്രം മുതൽ സമീപ ദശകങ്ങളിലെ പ്രധാനകാര്യങ്ങൾ വരെ കഴിയുന്നത്ര വസ്തുനിഷ്ഠവും സത്യസന്ധവുമായി പ്രതിപാദിക്കുവാനും നിലവിൽ നടന്നുവരുന്ന പദ്ധതി പ്രവർത്തനങ്ങളെ സാമാന്യമായി അവലോകനം ചെയ്യുവാനും ശ്രമിച്ചിട്ടുണ്ട്. ഭൂപ്രകൃതിയുടെ പ്രത്യേകതകളെ വിലയിരുത്തുവാൻ പഞ്ചായത്തിലുടനീളം നടത്തിയ പഠന പര്യടനം സഹായകമായി.
ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗങ്ങളും, L.R.P. D.R.P.മാരും അടങ്ങുന്ന ഒരു കോർ ഗ്രൂപ്പാണ് റിപ്പോർട്ടിന്റെ കരടുരൂപം തയ്യാറാക്കിയത്. പരിമിതമായ സമയത്തിനുള്ളിൽ നമ്മുടെ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച സമഗ്രരേഖ തയ്യാറാക്കുക എന്നത് അയത്ന ലളിതമായ ഒന്നായിരുന്നില്ല. ഇക്കാരണത്താൽ തന്നെ പൂർണ്ണമായി വിജയിച്ചു എന്നവകാശപ്പെടുന്നില്ല. വികസന സെമിനാറിലെ സജീവ ചർച്ചകളിലൂടെ ഈ റിപ്പോർട്ടിനെ സമഗ്രവും സമ്പൂർണ്ണവുമാക്കി മാറ്റുവാൻ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു. ഇത്തരമൊരു റിപ്പോർട്ട് തയ്യാറാക്കുന്നതിനായി അളവറ്റു സഹായിച്ച കോർ ഗ്രൂപ്പ് അംഗങ്ങളെയും, വിശേഷാൽ ഗ്രാമസഭാ ചർച്ചകളിൽ പങ്കെടുത്തവരെയും സന്നദ്ധ പ്രവർത്തകരെയും വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

എന്ന്,
എഡിറ്റോറിയൽ ബോർഡിനുവേണ്ടി
ജേക്കബ്ബ് ഫിലിപ്പ്



ആദ്യകാല താമസത്തിനായ് ഒരു മരവീട്
ഗിത സാഹു.

ആമുഖം

യഥാർത്ഥ ജനാധിപത്യ വികേന്ദ്രീകരണത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് നമ്മുടെ സംസ്ഥാനഗവൺമെന്റും പ്ലാനിംഗ് ബോർഡും 9-ാം പദ്ധതി ജനകീയപദ്ധതിയായി പ്രഖ്യാപിച്ചത് തികച്ചും സ്വാഗതാർഹമാണ്. ചരിത്രപരമായി ജനകീയാസൂത്രണം ഒരു പുതിയ ആശയമല്ലെങ്കിലും, ഇന്ത്യക്കു തന്നെ മാതൃകയായിതീരുന്ന ഈ വികസന സമീപനം കേരളീയ ജനതക്ക് ഒരു പുതുപുത്തൻ അനുഭവമാണ് എന്നതിൽ സംശയമില്ല. എട്ട് പഞ്ചവത്സരപദ്ധതികൾ കണ്ടുകഴിഞ്ഞ നമുക്ക് ഒമ്പതാം പദ്ധതി രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കാളിത്തം ഉറപ്പുവരുത്തുന്നു എന്നതാണ് ഈ ജനകീയ പദ്ധതിയുടെ സവിശേഷതകളിലൊന്ന്. 1997 മാർച്ച് മാസത്തിൽ രൂപം കൊള്ളുന്ന ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ മൊത്തം അടങ്കൽതുകയുടെ 35 - 40% വരുന്ന തുകക്ക് തുല്യമായി വരുന്ന വികസന പ്രവർത്തനങ്ങൾ ബഹുജനപങ്കാളിത്തത്തോടെയും വിഭവസമാഹരണത്തിലൂടെയും നടപ്പിലാക്കുക എന്നതാണ് നമ്മുടെ സംസ്ഥാന ഗവൺമെന്റും, പ്ലാനിംഗ് ബോർഡും ലക്ഷ്യമിടുന്നത്.

ഒമ്പതാം പദ്ധതി നമ്മൾ ഒരു വെല്ലുവിളിയോടെ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തുതലത്തിൽ, ഗ്രാമസഭകൾ വഴി രൂപപ്പെടുത്തിയിട്ടുള്ള ഓരോ പദ്ധതിയുടെ വിജയം അതിനായി വേണ്ടിവരുന്ന പൊതുജനപങ്കാളിത്തത്തെ ആശ്രയിച്ചിരിക്കും എന്നുള്ള വസ്തുത നമ്മൾ മറന്നുകൂടാ. ഒരുപക്ഷേ നമ്മുടെ ഭാവനയ്ക്കനുസൃതമായ വിധത്തിൽ വികസനപ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് ഫണ്ടുകൾ കിട്ടിയില്ലെന്നുവരും. എങ്കിൽ കൂടി നാമമാത്ര വരുമാനമുള്ള ഗ്രാമപഞ്ചായത്തുകൾക്ക് പോലും സാമാന്യജനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന ചുമതലയിൽ നിന്നും ഒഴിവായി നില്ക്കാൻ സാധിക്കുകയില്ലന്നുള്ളതാണ് യാഥാർത്ഥ്യം.

"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു" എന്നും എന്റെ ഭാവനയിലുള്ള ഗ്രാമത്തിൽ ഒന്നാമനും, രണ്ടാമനുമില്ലയെന്നും പ്രവചിച്ച നമ്മുടെ രാഷ്ട്രപിതാവിന്റെ സങ്കല്പം, പ്രധാനമന്ത്രിയായിരുന്ന ശ്രീ രാജീവ്ഗാന്ധിയുടെ ബുദ്ധികൂർമ്മതയിൽ വിരിഞ്ഞ `പഞ്ചായത്ത് രാജ് നഗരപാലിക' എന്ന ആശയത്തിലൂടെ 73-ാം ഭരണഘടനാഭേദഗതിവഴി സാക്ഷാൽകരിക്കപ്പെടുകയായിരുന്നു. എന്നാൽ ഇത്തരമൊരു മഹത്സംരംഭം പരിപൂർണ്ണതയിലെത്തിക്കുന്നതിന് നാം ഇനിയും വളരെ ദൂരം മുമ്പോട്ടു പോകേണ്ടതായിട്ടുണ്ട്. പൊതുജനപങ്കാളിത്തമെന്നത് ജനപ്രതിനിധികളുടെ മാത്രമല്ല, മറിച്ച് ഓരോ പദ്ധതിയുടെയും ഗുണം ലഭിക്കേണ്ടുന്ന ജനതയുടെ സജീവ പങ്കാളിത്തം കൂടിയാണ് എന്നുള്ള കാര്യം പ്രത്യേകം സ്മരണീയമാണ്. ന്യൂനതകൾ കാലോചിതമായി പരിഹരിച്ച് മുമ്പോട്ടു പോകാൻ കഴിഞ്ഞാൽ ഇതൊരു ചരിത്രസംഭവമായിതീരുമെന്നതിൽ സംശയമില്ല.

ജനകീയ ആസൂത്രണപരിപാടിയുടെ ആരംഭംമുതൽ നടത്തിയിട്ടുള്ള പ്രാഥമിക വിവരശേഖരണത്തിലൂടെയും ദ്വിതീയ വിവരശേഖരണത്തിലൂടെയും ലഭിച്ചിട്ടുള്ള സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിലാണ് ഈ വികസനരേഖ തയ്യാറാക്കിയിട്ടുള്ളത്. ഈ പദ്ധതി പ്രായോഗികമായി വിജയിത്തിലെത്തിക്കുവാൻ ത്യാഗസന്നദ്ധതയോടെ പ്രതിഫലേച്ഛ കൂടാതെ സഹകരിച്ച മുഴുവൻ DRP, LRP മാരേയും സാമൂഹ്യ സന്നദ്ധ സംഘടന പ്രവർത്തകരോടും സർക്കാർ ജീവനക്കാരോടും നിസീമമായ നന്ദിരേഖപ്പെടുത്തുന്നതിനോടൊപ്പം തുടർന്നും നടക്കാൻ പോകുന്ന ജനകീയാസൂത്രണ മൂന്നാംഘട്ടപരിശീലനപരിപാടികളിലും നല്ലവരായ ഇന്നാട്ടിലെ മുഴുവൻ ആളുകളുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. ചുരുക്കത്തിൽ എന്തിനും, ഏതിനും സർക്കാരിനെ ആശ്രയിക്കുന്ന സ്ഥിതിക്ക് മാറ്റം വരുത്തിക്കൊണ്ട് നമ്മുടെ ഗ്രാമത്തിന്റെ സമഗ്രമായ വികസനത്തിനായി നമുക്കൊന്നിച്ചണി നിരക്കാം.

എന്ന്
എം.എം. തോമസ്
പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത്
രാജാക്കാട്

അദ്ധ്യായം - 2

ഗ്രാമപഞ്ചായത്ത് പൊതുവിവരണം

പേര്	:	രാജാക്കാട്
ഉൾപ്പെടുന്ന വില്ലേജുകൾ	:	രാജാക്കാട്
ബ്ലോക്ക് പഞ്ചായത്ത്	:	നെടുങ്കണ്ടം
താലൂക്ക്	:	ഉടുമ്പൻചോല
അസംബ്ലി മണ്ഡലം	:	ഇടുക്കി
വിസ്തീർണ്ണം	:	31.03 ച:കി
അതിരുകൾ	:	വടക്ക് : ബൈസൻവാലി പഞ്ചായത്ത്
	:	കിഴക്ക് : രാജകുമാരി, സേനാപതി പഞ്ചായത്തുകൾ
	:	തെക്ക് : കൊന്നത്തടി പഞ്ചായത്ത്
	:	പടിഞ്ഞാറ് : വെള്ളത്തൂവൽ പഞ്ചായത്ത്
സ്ഥാനം	:	കിഴക്കേ രേഖാംശം 77^0 6 മിനിറ്റ്, 7 സെക്കൻറ്
ഉത്തരഅക്ഷാംശം	:	9^0 66 മിനിറ്റ്, 10 സെക്കന്റ്
ജനസംഖ്യ	:	13886
പുരുഷൻമാർ	:	6817
സ്ത്രീകൾ	:	7069
ജനസാന്ദ്രത	:	447.5/ ച:കിലോമീറ്റർ
അക്ഷരാഭ്യാസമുള്ളവർ	:	11599
പുരുഷന്മാർ	:	6021
സ്ത്രീകൾ	:	5578
സാക്ഷരത ശതമാനം	:	83.53
വാർഡുകൾ	:	8
പ്രസിഡന്റിന്റെ പേര്	:	എം.എം. തോമസ്
വൈസ്പ്രസിഡന്റിന്റെ പേര്	:	കെ.വി. മോഹൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	:	ജേക്കബ്ബ് ഫിലിപ്പ്
ഗ്രാമപഞ്ചായത്ത് രൂപീകരിച്ച വർഷം	:	1962

ഭരണപരമായ ചരിത്രം

1962-63ൽ സ്പെഷ്യൽ ഓഫീസർ ശ്രീ. V.A മാധവൻ അഡ്മിനിസ്ട്രേറ്ററായി ഭരണം നടത്തി. 20.12.63-ൽ ആദ്യ കമ്മിറ്റി രൂപീകരിച്ചു. ശ്രീ. ചാണ്ടി ജോസഫ് പ്രസിഡന്റായുള്ള ആദ്യകമ്മറ്റി 1968 വരെ പഞ്ചായത്ത് ഭരണം നടത്തി. 1969 മുതൽ 1979 വരെയുള്ള കാലയളവിൽ ശ്രീ. P.T ജോൺ, അതിനുശേഷം ജി. സുകുമാരൻ പ്രസിഡന്റായുള്ള നോമിനേറ്റഡ് കമ്മറ്റിയും ഇടകലർന്ന് പഞ്ചായത്ത് ഭരണം നടത്തിയിരുന്നു.

1969 to 1979

ശ്രീ. P.T. ജോൺ - പ്രസിഡന്റ്
ശ്രീ. M. ജനാർദ്ദനൻ - മെമ്പർ
ശ്രീ. V.K. കുരുവിള - മെമ്പർ
ശ്രീ. V.N. ഗോപാലപിള്ള - മെമ്പർ

1979-88ൽ

ശ്രീ. എം. ജനാർദ്ദനൻ - പ്രസിഡന്റ്
ശ്രീ. V.E. ഡോമിനിക് - വൈ. പ്രസിഡന്റ്
ശ്രീ. P.T. ജോൺ - മെമ്പർ
ശ്രീ. P.J. ജോസഫ് പെരുനിലം BSc. Engg - മെമ്പർ
ശ്രീ. P.K. ചന്ദ്രൻ - മെമ്പർ
ശ്രീ. M.M. തോമസ് - മെമ്പർ
ശ്രീ. C.A. മാധവൻ - മെമ്പർ
ശ്രീമതി P.N. സുമതി - മെമ്പർ

P.N സുമതി ജോലികിട്ടിപ്പോയ ഒഴിവിൽ റീ ഇലക്ഷൻ നടത്തുകയും T.M. കമലം തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

ശ്രീ. K.P. രാജേന്ദ്രൻ - മെമ്പർ

1988-95 ൽ

ശ്രീ. A.K. ദാമോദരൻ - പ്രസിഡന്റ്
ശ്രീമതി T.M. കമലം - വൈസ് പ്രസിഡന്റ്
ശ്രീമതി രാജമ്മ കുഞ്ഞുകൃഷ്ണൻ - മെമ്പർ
ശ്രീമതി മേരി ഡോമിനിക് - മെമ്പർ
ശ്രീ. M.M. തോമസ് - മെമ്പർ
ശ്രീ. N.K. രാജൻ - മെമ്പർ
ശ്രീ. K.A. ശശി - മെമ്പർ
ശ്രീ. P.B. സുകുമാരൻനായർ - മെമ്പർ
ശ്രീ. T.K. കുട്ടപ്പൻ - മെമ്പർ

ജനസംഖ്യാടിസ്ഥാനത്തിൽ നടത്തിയ വാർഡ് വിഭജനത്തിൽ വാർഡുകളുടെ എണ്ണം 9-ൽ നിന്നും 8-ായി കുറച്ചു.

1995 ഒക്ടോബർ - 2

ശ്രീ. M.M. തോമസ് - പ്രസിഡന്റ്
ശ്രീ. K.V. മോഹൻ - വൈ. പ്രസിഡന്റ്
ശ്രീ. ജേക്കബ്ബ് ഫിലിപ്പ് - സ്റ്റാ: കമ്മറ്റി. ചെയർമാൻ
ശ്രീ. C.J. തങ്കച്ചൻ - മെമ്പർ
ശ്രീ. V.J. ബാബു - മെമ്പർ
ശ്രീമതി : P.A. വസുമതി - മെമ്പർ
ശ്രീമതി സുഭാഷിണി സോമൻ - മെമ്പർ
ശ്രീമതി സുജാതാ രാജപ്പൻ - മെമ്പർ

അനുബന്ധം - 1

രാജാക്കാട് ഗ്രാമപഞ്ചായത്ത്

1.1 ഭരണം സംബന്ധിച്ച വിവരങ്ങൾ

Ref:A

1	പഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലേജുകൾ	1. രാജാക്കാട്
2	വിസ്തീർണ്ണം Sq Km ജനസംഖ്യ	16.36 ചതു.മൈൽ 31.03 Sq.Km
3	വാർഡുകൾ സംവരണവാർഡുകൾ ഏതെല്ലാം 1. വനിത 2. പട്ടിക ജാതി / പട്ടികവർഗ്ഗം	Ward No.III,VII,VIII, Ward V
4	പഞ്ചായത്ത്രാജ് നിയമപ്രകാരം രൂപീകരിക്കപ്പെട്ട സമിതികൾ ഏവ? (ജോയിന്റ് കമ്മറ്റി മുതലായവ)	സ്റ്റാന്റിംഗ് കമ്മറ്റി(ധനകാര്യം) ജോയിന്റ് കമ്മറ്റി (വികസനം)
5	പഞ്ചായത്ത് വികസനപരിപാടിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട മറ്റു സമിതികൾ ഏവ? (പഞ്ചായത്ത് വികസനസമിതി, വാർഡ് വികസന സമിതികൾ വിദ്യാഭ്യാസസമിതി, ആരോഗ്യസമിതി etc)	പഞ്ചായത്ത് വികസനസമിതി
6	സ്വന്തമായി ആഫീസ് കെട്ടിടമുണ്ടോ? ഇല്ലെങ്കിൽ പ്രതിമാസ വാടക എത്ര?	സ്വന്തമായി കെട്ടിടമുണ്ട്
7	പഞ്ചായത്ത് ആഫീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ Ref: A annexure XXXIV	സെക്രട്ടറി -1, ഹെഡ്ക്ലാർക്ക് -1, യു.ഡി ക്ലാർക്ക് -3, എൽ.ഡി ക്ലാർക്ക് - 2, പ്യൂൺ -1 PTL-1, PTS-1, P.T Seavanger-1
8	ഭരണചെലവ് എത്ര? വരുമാനത്തിന്റെ എത്രശതമാനം	468783 .00 67%

11.7 നിർമ്മാണം പൂർത്തിയാക്കിയ സാമൂഹിക ആസ്തികളുടെ വിവരം

വാർഡ്നമ്പർ	എണ്ണം							റോഡ് കി.മീ				മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ
	സ്കൂൾ കെട്ടിടങ്ങൾ	ആശുപത്രി കെട്ടിടങ്ങൾ	പാലം	കൾവർട്ട്	കുളം	ജലസേചന കിണറുകൾ	കുടിവെള്ള കിണറുകൾ	ടാർ ചെയ്തത്	പുതിയത് ടാർ ചെയ്തത്	ഇനി ടാർ ചെയ്യാനുള്ള നീളം	അറ്റകുറ്റപ്പണികൾ ചെയ്യാനുള്ളത്	
1	2	3	4	5	6	7	8	9	10	11	12	13
I	4	-	3	4	-	-	4	600മീ	-	5.400	5.400	
II	-	2	-	6	1	-	6	-	-	16.250	16.250	
III	-	1	2	5	1	-	4			12.725	12.725	
IV	-	-	2	6	5	-	6			8k.m	8k.m	
V	4	2	1	12	5	-	4	5		20.250	20.250	
VI	5	5	1	15	5	-	6	600മീ		24.340	24.340	
VII	-	1	4	7	2	-	4	1km		10.320	10.320	
VIII	7	-	1	6	-	-	4	3.350		12.637	12.637	

രാജാക്കാട് ഗ്രാമപഞ്ചായത്ത്

7.3 ജനന മരണ വിവരങ്ങൾ

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1	2	3	4
1993	148	64	Nil
1994	133	60	Nil
1995	57	49	Nil
1996	30 up to 10/96	44 up to 10/96	Nil

അദ്ധ്യായം 3
സാമൂഹ്യ സാംസ്കാരിക ചരിത്രം

പുരാതന ചേര രാജാക്കന്മാർ വാണിരുന്ന ഇന്നത്തെ, കേരളക്കരയെ കാവൽഭടന്മാരെപോലെ കാത്തുസൂക്ഷിച്ചുകൊണ്ടിരിക്കുന്ന പശ്ചിമഘട്ട പർവ്വതനിരകളോട് തൊട്ടുരുമികിടക്കുന്നതും, ആറുമുടി മലകളിൽ നിന്നും കൈവഴികളായി ഒഴുകിയെത്തുന്ന ചരിത്രപ്രസിദ്ധമായ പന്നിയാർ പുഴയും, മുതിരപ്പുഴയും അതിർ വരമ്പുകളിടുന്നതും സമുദ്രനിരപ്പിൽ നിന്നും ഉദ്ദേശം 3000 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്നതും അങ്ങിങ്ങായി കാണുന്ന ഏലത്തോട്ടങ്ങളും കൃഷിയിടങ്ങളും ഉൾപ്പെട്ടിട്ടുള്ള ഒരു മലയോര ഗ്രാമപ്രദേശമാണ് രാജാക്കാട് ഗ്രാമ പഞ്ചായത്ത്.

ചേര ഗോത്ര സംസ്കാരത്തിന്റെ തായ് വഴി ഇവിടെ നിലനിന്നിരുന്നു എന്ന് ചരിത്രരേഖകളിൽ നിന്ന് മനസിലാക്കുന്നു. രാജഭരണത്തിന്റെ ശക്തമായ തെളിവുകളാണ് മമ്മട്ടിക്കാനം ഭാഗത്തിനപ്പുറമുള്ള കുത്തുങ്കൽ വെള്ളച്ചാട്ടത്തിന് പിന്നിലെ ഗുഹയും മമ്മട്ടിക്കാനം, N.R. സിറ്റി, കള്ളിമാലി എന്നിവിടങ്ങളിൽ കണ്ടുവരുന്ന മൺ ജാറകളും, കള്ളിമാലി പ്രദേശത്ത് ഇപ്പോഴുമുള്ള കല്ലറകളും മറ്റും. ഇവയിൽ നിന്നും ഓടിൽ തീർത്ത ചിലമ്പ് ഇരുമ്പുകൊണ്ട് നിർമ്മിച്ച വാൾ, ഇവ കണ്ടെടുത്തിട്ടുണ്ട്. ഗോത്രസംഘട്ടനങ്ങൾ ധാരാളമായി നടന്നിരുന ആ കാലഘട്ടത്തിൽ AD 8 - ാം നൂറ്റാണ്ടിൽ ചേരമാൻ പെരുമാൾ ആഴ്വർ രാജാവിന്റെ അധീനതയിലായിരുന്നു ഈ പ്രദേശമെന്ന് പുരാതന രേഖകളിൽ കാണുന്നു. ചേരമാൻ പെരുമാൾ ആഴ്വർ രാജാവിന്റെ വംശത്തിൽപ്പെട്ട ചേരചെങ്കുവന്റെ ഭരണസിരാകേന്ദ്രം നിലനിന്നിരുന്ന ഇവിടം രാജാക്കാട് എന്നും, രാജപുത്രിയെ പാർപ്പിച്ചിരുന്നിടം രാജകുമാരിയെന്നും, സേനാനായകന്റെ അധീനതയിലുണ്ടായിരുന്നിടം സേനാപതിയെന്നും പിൽക്കാലത്ത് അറിയാൻ തുടങ്ങി. ഇക്കാര്യങ്ങളെപ്പറ്റി വായ്മൊഴിയായി പ്രചാരത്തിലിരിക്കുന്നവയല്ലാതെ ആധികാരികപഠനങ്ങൾ സമീപകാലത്ത് നടന്നിട്ടില്ല.

എന്നാൽ തുടരെ തുടരെ ഉണ്ടായിക്കൊണ്ടിരുന്ന ഗോത്രസംഘട്ടനങ്ങളും വന്യജീവികളുടെ ആക്രമണവും, പ്രതികൂലകാലാവസ്ഥയും മൂലം ജനജീവിതം ദുഷ്കരമാവുകയും, ജനങ്ങൾ മറ്റ് ഭാഗങ്ങളിലേക്ക് ചേക്കേറുകയും ചെയ്തു. തുടർന്നു വന്ന നൂറ്റാണ്ടുകളിൽ നിരന്തരമായി ഉണ്ടായിരുന്ന പേമാരി, കൊടുങ്കാറ്റ്, മലയിടിച്ചിൽ, വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ ഇവയിൽപ്പെട്ട് ഒരു കാലത്തെ ജനവാസകേന്ദ്രങ്ങളും, സാംസ്കാരിക പൈതൃകവും, നാമമാത്രമായ ഭാഗങ്ങളെമാത്രം, വരുംതലമുറകൾക്കായി നീക്കിവെച്ചുകൊണ്ട് നാശത്തിനടിപ്പെട്ടു.

1940 കളുടെ മദ്ധ്യത്തോടെ ദിവാൻ സർ സി.പി. രാമസ്വാമിയുടെ കാലത്ത് തിരു - കൊച്ചിയിൽ രൂക്ഷമായി വന്ന ഭക്ഷ്യപ്രതിസന്ധി പരിഹരിക്കുവാൻ ആവിഷ്കരിച്ച ഊർജ്ജിത ഭക്ഷ്യോത്പാദന പദ്ധതിപ്രകാരം റവന്യൂ കമ്മീഷണറായിരുന്ന ശ്രീ. N.S. കൃഷ്ണപിള്ള അനുവദിച്ച അലോട്ട്മെന്റ് ഭൂമി വിലക്കുവാങ്ങുന്നതിനും, വനഭൂമി വെട്ടിപ്പിടിക്കുന്നതിനും വേണ്ടി മുഖ്യമായും, മീനച്ചിൽ, തൊടുപുഴ, മൂവാറ്റുപുഴ, കുന്നത്തുനാട് താലൂക്കുകൾ ഉൾപ്പെടെയുള്ള നാടൻ പ്രദേശങ്ങളിൽ നിന്നും കർഷകരുടെ കുടിയേറ്റം ആരംഭിച്ചു. ആദ്യകാല കുടിയേറ്റക്കാർ വന്യമൃഗങ്ങളോടും, മലമ്പനി, വസൂരി തുടങ്ങിയ മാരക രോഗങ്ങളോടും മല്ലടിച്ച് മരങ്ങളിൽ നിർമ്മിച്ച ഏറുമാടങ്ങളിലാണ് താമസിച്ചിരുന്നത്. തങ്ങളുടെ കൃഷി സംരക്ഷിക്കുന്നതിനായി വന്യമൃഗങ്ങളോടൊപ്പം ഫോറസ്റ്റ് ഉദ്യോഗസ്ഥരെയും ഇവർക്ക് നേരിടേണ്ടതായിവന്നു. നിത്യോപയോഗ സാധനങ്ങളും, ഔഷധങ്ങളും മറ്റും ആലുവ - മൂന്നാർ റോഡിലെ ഇരുട്ടുകാനത്തുനിന്നും

തലച്ചുമടായി എല്ലക്കല്ലിൽ കൊണ്ടുവന്നതി നുശേഷം ചങ്ങാടത്തിൽ മുതിരപ്പുഴയാർ കടത്തി വീണ്ടും തലച്ചുമടായി വലിയകണ്ട മെന്നറിയപ്പെട്ടിരുന്ന ഇന്നത്തെ രാജാക്കാ ട്ടിൽ എത്തിക്കുകയായിരുന്നു പതിവ്. കൊടുംവനത്തിലെ കാട്ടാനത്താരയിൽ കൂടി 25-ൽ പരം കിലോമീറ്റർ ഇതിനായി നമ്മുടെ മുൻഗാമികൾ തരണം ചെയ്തിരുന്നു.

1956-ൽ കുടി ഒഴിപ്പിക്കലിനെതിരെ കർഷകരുടെ നേതൃത്വത്തിൽ കാൽനടയായി വലിയകണ്ടത്തിൽ നിന്നും കോട്ടയം കള ക്ട്രേറ്റിലേക്ക് നടത്തിയ കർഷക മാർച്ച് അവിസ്മരണീയമാണ്. 1958-ൽ പഞ്ചായ ത്തിൽ ആദ്യമായി പഴയവിടുതി U.P. സ്കൂളിൽവെച്ച് സംസ്ഥാന റവന്യൂ വകു പ്പുമന്ത്രിയായിരുന്ന ശ്രീമതി. K.R. ഗൗരിയമ്മ കൈവശഭൂമിയുടെ പട്ടയ വിതരണോൽഘാ ടനം നടത്തി. 1950 കളുടെ ആദ്യം കുടിപ ള്ളിക്കൂടങ്ങളുടെ രൂപത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ തുടങ്ങി. 1955-ൽ രാജാക്കാട്ടിൽ ഒരു ഗവൺമെന്റ് എൽ.പി. സ്കൂൾ അനുവദിക്കുകയും 1964-ൽഹൈസ്കൂളായി ഉയർത്തുകയും ചെയ്തു. 1963 - ൽ N.R. സിറ്റി S.N.V.L.P. സ്കൂൾ ആരംഭിച്ചു. 1968-ൽ U.P. സ്കൂളായി ഉയർന്നു. 1983-ൽ ഇത് ഹൈസ്കൂൾ ആയി. ഈ സ്കൂൾ ഇടുക്കിജില്ലയിൽ കലാ കായിക രംഗങ്ങളിലും അദ്ധ്യയനത്തിലും വളരെ മുൻപന്തിയിലാണ്. 1957- 58-ൽ പന്നിയാർകൂടി സെന്റ് മേരീസ് ചർച്ചിനോട നുബന്ധിച്ച് പന്നിയാർ കൂട്ടിയിൽ കൊള്ളി മല കുടിപള്ളിക്കൂടം തുടങ്ങി. 1972 - 73-ൽ L.P. സ്കൂളായും 79 - 80ൽ U.P. സ്കൂളായും അംഗീകാരം ലഭിച്ചു.

1958-ൽ പഴയവിടുതിയിൽ L.P. സ്കൂൾ അനുവദിച്ചു. ഇതേ കാലഘട്ടത്തിൽ തന്നെ പോസ്റ്റാഫീസ് പ്രവർത്തനവും തുടങ്ങിയി രുന്നു. 1.1.1962-ൽ ദേവികുളം പഞ്ചായത്ത് ഇൻസ്പെക്ടർ സ്പെഷ്യൽ ഓഫീസറായി നിരപ്പേൽ ബിൽഡിംഗിൽ രാജാക്കാട് പഞ്ചാ യത്ത് ഓഫീസ് ആദ്യമായി പ്രവർത്തനം ആരംഭിച്ചു. 20.12.63-ൽ ആദ്യകമ്മറ്റി രൂപീ കരിച്ചു. ശ്രീ ചാണ്ടി ജോസഫ് ആയിരുന്നു ആദ്യ പ്രസിഡന്റ്. 20-9-1969-ൽ രാജാക്കാ ട്, ബൈസൺവാലി, രാജകുമാരി എന്നി ങ്ങനെ വിഭജിക്കുകയും ഇന്നുള്ള രാജാ ക്കാട് പഞ്ചായത്ത് നിലവിൽ വരുകയും ചെയ്തു. അന്ന് പഞ്ചായത്തു പ്രസിഡന്റാ യിരുന്ന ശ്രീ. P.T. ജോൺ, സൗജന്യമായി നല്കിയ സ്ഥലത്താണ് ഇന്ന് ഗ്രാമപഞ്ചാ യത്ത് കെട്ടിട സമുച്ചയങ്ങൾ സ്ഥിതിചെ യ്യുന്നത്. തുടർന്ന് രാജാക്കാട് നിവാസിക ളുടെ കൂട്ടായ്മയുടെയും, സംഘബോധ ത്തിന്റെയും ഫലമായി സാമൂഹ്യവും, ആദ്ധ്യാ ത്മീകവുമായ പുരോഗതിക്കുവേണ്ടി നിസ്തു ലമായി പ്രവർത്തിച്ചുവരുന്ന രാജാക്കാട് ശിവ ക്ഷേത്രം, ക്രിസ്തുരാജ ഫെറോനപള്ളി, പഴ യവിടുതി സെന്റ് മേരീസ് യാക്കോബായ പള്ളി, രാജാക്കാട് സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ച് എന്നീ മതസ്ഥാപനങ്ങളുടെ ഉദയ വും ഇതേ ദശകത്തിൽ തന്നെയാണ്. പിന്നീ ടുണ്ടായ കള്ളിമാലി ദേവീക്ഷേത്രം, N.R. സിറ്റി സെന്റ് മേരീസ് ചർച്ച്, സിലോൺ പെന്തെക്കോസ്തുമിഷൻ, സി.എം.എസ്. ആംഗ്ലിക്കൻ ചർച്ച് ,പന്നിയാർകൂട്ടി സെന്റ്മേ രീസ് ചർച്ച്, ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യ, പന്നിയാർകൂട്ടി മുരുകനമ്പലം എന്നീ മതസ്ഥാപനങ്ങളും ഈ നാടിന്റെ പുരോഗ തിക്കും മതമൈത്രിക്കും വേണ്ടി കാര്യമായ സംഭാവനകൾ നല്കിയിട്ടുണ്ട്.

1957-ൽ കുഞ്ചിത്തണ്ണി - രാജാക്കാട് റോഡിലൂടെയുള്ള വാഹനഗതാഗതം ആരംഭി ച്ചു. 1974-ൽ മൂവാറ്റുപുഴയിൽ നിന്നും ദേവി കുളം - പൂപ്പാറവഴി രാജാക്കാട്ടിലേക്ക് P.P.K. കമ്പനിവക ബസ് സർവീസ് ആരംഭിച്ചു. 1963-ൽ ഇഞ്ചക്കവല (പൊന്മുടി) പന്നിയാർ കണ്ടം എന്നിവിടങ്ങളിൽ നിന്നും പൊന്മുടി ഡാം നിർമ്മിക്കുന്നതിനായി കർഷകരെ കുടി ഒഴിപ്പിച്ചു. 1957-ൽ രാജാക്കാട് വില്ലേജ് ഓഫീസ് പ്രവർത്തനം ആരംഭിച്ചു. 1971-ൽ

ഈ മേഖലയിൽ പന്നിയാർ കൂട്ടിയിൽ ആദ്യമായി വൈദ്യുതകണക്ഷൻ ലഭിച്ചു. തുടർന്നുള്ള കാലഘട്ടങ്ങളിൽ നിരവധി സർക്കാർ ഓഫീസുകളും, സാമൂഹ്യ സാംസ്കാരിക പ്രസ്ഥാനങ്ങളും ആശുപത്രികൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവ രൂപം കൊള്ളുകയും ഗ്രാമപഞ്ചായത്തിന്റെ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിച്ചു പോരുകയും ചെയ്തുവരുന്നു.

സ്ഥലനാമചരിത്രം

1. **പഴയവിടുതി:-** രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ ഒന്നാം വാർഡ് സ്ഥിതിചെയ്യുന്ന പഴയവിടുതി ആദികാല കുടിയേറ്റ മേഖലകളിൽ ഏറ്റവും പ്രധാനപ്പെട്ടതും ജനസാന്ദ്രതയേറിയ പ്രദേശവുമാണ്. ക്രിസ്ത്യൻ മിഷ്യനറിമാരുടെ പ്രവർത്തനം ഏറ്റവും കൂടുതൽ കടന്നുചെന്നിട്ടുള്ള ഈ പ്രദേശത്തിന് അവർ നല്കിയ Old Hostel (പഴയതാമസസ്ഥലം) എന്ന പേരിൽ നിന്നും പഴയവിടുതി എന്ന പദമെന്ന് പഴമക്കാർ പറയുന്നു. കൂടാതെ പി. ചാക്കോ M.L.A. നേതൃത്വം നല്കിയിരുന്ന ചേരമർ ക്രിസ്ത്യൻ ഫെഡറേഷൻ എന്ന സാമുദായിക സംഘടനയുടെ നിസ്തുല സേവനവും ഈ പ്രദേശത്തിന് കാര്യമായ സംഭാവനകൾ നല്കിയിട്ടുണ്ട്.

2. **മാരാർസിറ്റി:-** 2-ാം വാർഡ് ഉൾപ്പെടുന്ന ഈ മേഖല തികഞ്ഞ കാർഷികമേഖലയാണ്. ആദ്യകാല കുടിയേറ്റക്കാരിലൊരാളായ മാരാർ എന്നയാളുടെ കുടുംബം താമസമുറപ്പിച്ചതുകൊണ്ട് ഈ പ്രദേശം മാരാർസിറ്റി എന്ന് പിൽക്കാലത്ത് അറിയാൻ തുടങ്ങി.

3. **കള്ളിമാലി:-** 3-ാം വാർഡിന്റെ സിരാകേന്ദ്രമായ ഇവിടം നാണ്യവിളകളുടെ നല്ലൊരുല്പാദനകേന്ദ്രമാണ്. ഇവിടുത്തെ ദേവീക്ഷേത്രം വളരെ പ്രസിദ്ധമാണ്. കാളി വസിക്കുന്നിടം എന്ന അർത്ഥത്തിൽ ആവാം പിൽക്കാലത്ത് ഇവിടം കള്ളിമാലി എന്നറിയപ്പെടുന്നത്.

4. **പന്നിയാർകൂട്ടി:-** 4, 5 വാർഡുകളുടെ സംഗമസ്ഥാനമായ ഈ മേഖലയിലാണ് ഈ ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ റബർ, കൊക്കോ, നാളികേരം, അടയ്ക്കാ എന്നിവ ലഭിക്കുന്നത്. മുതിരപ്പുഴയാറും പന്നിയാറും കൂടി ചേരുന്നതിനാലാണ് ഇവിടുത്തിന് പന്നിയാർകൂട്ടി എന്നു പേരു വന്നതെന്ന് കരുതപ്പെടുന്നു.

5. **മുല്ലക്കാനം:-** 5, 6 എന്നീ വാർഡുകൾ, ഗ്രാമപഞ്ചായത്തിനെ ബൈസൺവാലി ഗ്രാമപഞ്ചായത്തിൽനിന്നും വേർതിരിക്കുന്ന ഈ മേഖലയിലൂടെയാണ് കുടിയേറ്റകാലത്ത് രാജാക്കാട്, രാജകുമാരി പ്രദേശത്തേക്ക് ജനങ്ങൾ സഞ്ചരിച്ചിരുന്നത്. ഇരുട്ടുകാനത്തു നിന്നും വന്നിരുന്നവർക്ക് താരതമ്യേന വന്യമൃഗങ്ങളുടെ ശല്യം കൂടാതെ സ്വതന്ത്രമായി സഞ്ചരിക്കാമായിരുന്ന ഈ പ്രദേശത്ത് ഒരിക്കൽ കാട്ടുമുല്ലകളും കുറ്റിച്ചെടികളും കൊണ്ട് സമൃദ്ധമായിരുന്നു. ഇക്കാരണത്താലാണ് ഈ പ്രദേശത്തിന് മുല്ലക്കാനമെന്ന് പേരുവന്നതെന്ന് നാട്ടറിവ്.

6. **കുരങ്ങുപാറ:-** 6-ാം വാർഡ് ഉൾപ്പെടുന്ന കുരങ്ങുപാറ ഈ ഗ്രാമപഞ്ചായത്തിലെ ഏറ്റവും ഉയർന്നതും തരിശുപാറക്കെട്ടുകൾ നിറഞ്ഞിരുന്നതുമായ സ്ഥലമാണ്. കുടിയേറ്റക്കാലത്ത് ഈ പാറക്കെട്ടുകളിൽ സായാഹ്നസൂര്യന്റെ ചൂടേൽക്കുവാനായി എത്തിച്ചേർന്നിരുന്ന മർക്കടസമൂഹത്തിന്റെ ഓർമ്മക്കായി ഈ പ്രദേശത്തിനു കുരങ്ങുപാറയെന്നു പേര് വന്നു എന്നു പഴമൊഴി. കൂടാതെ ഈ ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഓറഞ്ചു

മരങ്ങളുള്ളതും ഈ പ്രദേശത്താണ്.

7. **എൻ.ആർ. സിറ്റി:-** ഗ്രാമപഞ്ചായത്തിന്റെ 7-ാം വാർഡായ ഇവിടം ആദ്യകാല കുടിയേറ്റ മേഖലയാണ്. ഇക്കൂട്ടത്തിൽപ്പെട്ട ശ്രീ. N.R. രാഘവൻ എന്നയാൾ നടത്തിവന്നിരുന്ന ചെറിയ കച്ചവട പീടിക കാലാന്തരത്തിൽ കച്ചവട കേന്ദ്രമായി മാറുകയും ഈ പ്രദേശത്തിന് N.R. സിറ്റി എന്ന പേര് വീഴുകയും ചെയ്തു.

8. **കനകക്കുന്ന്:-** പഞ്ചായത്തിലെ ഏറ്റവും മനോഹരമായ പ്രദേശങ്ങളിലൊന്നായ ഈ മൊട്ടക്കുന്ന് കുടിയേറ്റ മേഖലകളിലെ ഏറ്റവും സുരക്ഷിതമായതുകൂടിയായിരുന്നു. അസ്തമയ സൂര്യന്റെ സുവർണ്ണ രശ്മികളേറ്റ് വെട്ടിതിളങ്ങാറുള്ള ഇതിന് ഇക്കാരണത്താൽ തന്നെയായിരിക്കണം കനകക്കുന്ന് എന്ന പേര് കിട്ടിയതെന്നനുമാനിക്കുന്നു. കൂടാതെ ക്രൈസ്തവ വിശ്വാസികൾ പുതുഞായറാഴ്ച സ്വർഗ്ഗാരോഹണ ഓർമ്മ പെരുന്നാളും ഈ കുന്നിൻ നെറുകയിൽ ആഘോഷിച്ചുവരുന്നു.

രാജാക്കാട് പഞ്ചായത്ത് മതസൗഹാർദ്ദമാലി

അദ്ധ്യായം 4

ഭൂപ്രകൃതി

പശ്ചിമഘട്ടത്തിന് 50 K.M. തെക്കുപടിഞ്ഞാറുമാറി കേരള തമിഴ്നാട് അതിർത്തിയിൽ നിന്നും 28 KM പടിഞ്ഞാറുമാറി കിഴക്കേരേഖാംശം 77° 6' 27" ലും ഉത്തര അക്ഷാംശം 9° 66' 10" ലും സമുദ്രനിരപ്പിൽ നിന്നും ഉദ്ദേശം 3000 അടി ഉയരത്തിൽ സ്ഥിതിചെയ്യുന, മലയോര ഗ്രാമപ്രദേശം ഉൾപ്പെട്ടതാണ് രാജാക്കാട് ഗ്രാമപഞ്ചായത്ത്. ഇതിന്റെ ഭൂവിസ്തൃതിയിൽ ഏറിയപങ്കും ചരിഞ്ഞ പ്രദേശങ്ങളാണ്. താഴ്വാരങ്ങൾ നെൽകൃഷിക്ക് പറ്റിയ വയലുകളായി മാറ്റിയിരിക്കുന്നു. പഞ്ചായത്തിന്റെ കിഴക്ക് തെക്കായി ഒഴുകുന്ന പന്നിയാറും, പടിഞ്ഞാറ് തെക്കായൊഴുകുന്ന മുതിരപ്പുഴയാറുമാണ് പ്രധാന നദികൾ. നിരവധി ഇടത്തരം തോടുകളും നീർച്ചാലുകളും ധാരാളമായുണ്ടെങ്കിലും മിക്കവയും വേനൽ മദ്ധ്യത്തോടുകൂടി വറ്റിവരണ്ടു പോകുന്നവയാണ്.

ഈ പഞ്ചായത്തിന്റെ വടക്കുഭാഗം ചേർന്ന് കിഴക്ക് N R സിറ്റി മുതൽ പടിഞ്ഞാറ് ഈറ്റക്കാനം വരെയുള്ള പ്രദേശം താരതമ്യേന ഉയരത്തിൽ സ്ഥിതിചെയ്യുന്നതും സാമാന്യം ഫലഭൂയിഷ്ടമായതും നീർവാർച്ച കുറഞ്ഞ് കറുത്ത മണ്ണോടുകൂടിയതുമായ ചരിഞ്ഞ പ്രദേശമാണ്. രാജാക്കാട് ടൗൺ, മുല്ലക്കാനം, പഴയവിടുതിയുടെ ഏതാനും ഭാഗങ്ങൾ, കള്ളിമാലി എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന പ്രദേശം മേൽവിവരിച്ച പ്രദേശങ്ങളെ അപേക്ഷിച്ച് കുറച്ചു താഴ്ന്ന് സ്ഥിതിചെയ്യുന്നതും ഉപരിതലജലലഭ്യത ധാരാളമായിട്ടുള്ളതുമാണ്. ഈ പ്രദേശത്ത് പൊതുവെ ചുവപ്പുനിറം കലർന്ന ചരൽ മണ്ണാണുള്ളത്. കൊച്ചുമുല്ലക്കാനം, പനച്ചിക്കുഴി, പന്നിയാർകൂട്ടി, കള്ളിമാലിയുടെയും മമ്മട്ടിക്കാനത്തിന്റെയും ചില ഭാഗങ്ങൾ, കലുങ്കുസിറ്റി, പൊന്മുടി, ആനപ്പാറ എന്നീ പ്രദേശങ്ങളും പഞ്ചായത്തിലെ ഏറ്റവും താഴ്ന്ന പ്രദേശങ്ങളാണെങ്കിലും ഭൂരിഭാഗവും കടുംതൂക്കായ ഭൂപ്രകൃതിയോടുകൂടിയവയാണ്. പൊതുവെ വളക്കൂറുള്ള മണ്ണാണെങ്കിലും നിരന്തരമായ മണ്ണൊലിപ്പുമൂലം ഈ പ്രദേശത്തെ കൃഷിയിടങ്ങൾ ഫലഭൂയിഷ്ടി നഷ്ടപ്പെട്ട് കൃഷിനാശത്തെ നേരിടുകയാണ്. മുല്ലക്കാനം വലിയകണ്ടം, പഴയവിടുതി, കള്ളിമാലി എന്നീ ഭാഗങ്ങളിലായി പഞ്ചായത്തിലെ നെൽവയലുകളിൽ ഏറിയ പങ്കും സ്ഥിതിചെയ്യുന്നു.

കാലാവസ്ഥ

പഞ്ചായത്തിന്റെ തെക്കും പടിഞ്ഞാറും ഭാഗങ്ങളിൽ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് കൂടിയ താപനില അനുഭവപ്പെടുമ്പോൾ വടക്ക് - വടക്ക് - കിഴക്ക് ഭാഗങ്ങളിൽ ഏറ്റവും കുറഞ്ഞ താപനില അനുഭവപ്പെടുന്നു. ഹൈറേഞ്ചിന്റെ ഇതര ഭാഗങ്ങളിലേതുപോലെ തന്നെ ഇവിടെയും മാർച്ച് ഏപ്രിൽ മെയ് മാസങ്ങളിൽ കടുത്ത വേനലും, ഡിസംബർ ജനുവരി ഫെബ്രുവരി മാസങ്ങളിൽ വരണ്ട കാറ്റും ശൈത്യവും അനുഭവപ്പെടുന്നു. തമിഴ്നാട്ടിൽ നിന്നും വീശുന്ന വരണ്ട കാറ്റാണ് ഈ കാലാവസ്ഥ മാറ്റത്തിന് കാരണമെന്ന് അനുമാനിക്കുന്നു.

ജലലഭ്യത

പൊന്മുടി ഡാമിന്റെ വൃഷ്ടിപ്രദേശങ്ങളിലൊന്നായ ഈ പഞ്ചായത്തിലെ ഉപരിതലജലസമ്പത്ത് ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ ഉതകുന്ന ശാസ്ത്രീയമാർഗ്ഗങ്ങൾ ഒന്നും തന്നെ ഇതുവരെ അവംബിച്ചിട്ടില്ല.ഈ പ്രദേശത്തെ ശരാശരി മൺസൂൺ മഴ 250 സെ. മീറ്ററാണ്. ജൂൺ മദ്ധ്യത്തോടെ തെക്കുപടിഞ്ഞാറൻ കാലവർഷം ആരംഭിക്കുന്നു. ഈ മേഖലയിൽ തുലാവർഷം പൊതുവെ കുറവാണ്. മാംഗോഷമർ വൃശ്ചികചണ്ടി എന്നെല്ലാം അറിയപ്പെടുന്ന വേനൽമഴയും

ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഇവിടെ ലഭിക്കാറുണ്ട്.

ജൈവസമ്പത്ത്

വൈവിധ്യമാർന്ന ഒരു ജൈവസമ്പത്ത് ഈ പഞ്ചായത്തിനുണ്ടായിരുന്നു. എന്നാൽ വനനശീകരണം ഇതിനെ പാടെ നശിപ്പിച്ചിരിക്കുന്നു. കുന്നിൻചെരുവുകളിലെ തരിശുപാറക്കെട്ടുകളിലും ഏലത്തോട്ടങ്ങളിലും ഇപ്പോഴും അപൂർവ്വ സസ്യങ്ങളും ഔഷധച്ചെടികളും ഓർക്കിഡുകളും ദുർലഭമായി കണ്ടുവരുന്നു. കൃഷിയിടങ്ങളിലെ വർദ്ധിച്ച തോതിലുള്ള കീടനാശിനി പ്രയോഗം ജന്തു സസ്യജാലങ്ങളുടെ നാശത്തിന് വഴി തെളിച്ചിട്ടുണ്ട്. ചില സമയത്ത് വേഴാമ്പൽ, പുകവിഴുങ്ങിപ്പക്ഷി, മഴപുള്ള്, കഴുകൻ, മലമ്പ്രാവ്, കാട്ടുകാട, ദേശാടനക്കിളികൾ എന്നീ അപൂർവ്വ പക്ഷികൾ പ്രത്യക്ഷപ്പെടാറുണ്ട്. കാട്ടുപന്നി, മുള്ളൻപന്നി, മുയൽ, കൂരൻ, ഈംപേച്ചി, വെള്ളക്കുരങ്ങ്, ഉടുമ്പ്, പാറയാൻ, കാട്ടുപാക്കാൻ, മരപ്പട്ടി, മലയണ്ണാൻ തുടങ്ങിയ ജന്തുക്കളെയും കാടുകളിലും, പാറയിടുക്കുകളിലും കാണാം. എന്നാൽ ഇവയുടെ എണ്ണം വിരലിൽ എണ്ണാവുന്നത്രയായി ചുരുങ്ങിയിരിക്കുന്നു. അപൂർവ്വ സ്പീഷ്യസുകളിൽപ്പെട്ട ഇവയുടെ സംരക്ഷണത്തിനായി പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാത്തപക്ഷം ഇവയും താമസിയാതെ നാശത്തിനടിപ്പെടുമെന്നുള്ളത് തർക്കമറ്റ സംഗതിയാണ്.

മനുഷ്യവിഭവം

വിശേഷാൽ ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് പഞ്ചായത്തിലെ ആകെ ജനസംഖ്യ 13886 ആണ്. ഇതിൽ പുരുഷന്മാർ 6817 ഉം സ്ത്രീകൾ 7069 ഉം ആണ്. സാക്ഷരതാ നിരക്ക് പഞ്ചായത്തുതലത്തിൽ 83.53% ആണ്. സാക്ഷരരായ പുരുഷന്മാർ 6021 പേരും സ്ത്രീകൾ 5578 പേരുമാണ്.

95 ശതമാനവും കാർഷിക പ്രാധാന്യമുള്ള പഞ്ചായത്താണ് രാജാക്കാട്. എന്നാൽ കാർഷികരംഗത്തെ ഉല്പാദനക്ഷമത ഇന്നും വളരെയേറെ കുറഞ്ഞിരിക്കുന്നു. ഈ രംഗം ആദായകരമല്ലാതായതോടെ മറ്റു തൊഴിൽ മേഖലകളിലേക്ക് പ്രധാനമായും കെട്ടിട നിർമ്മാണരംഗത്തേക്ക് ജനങ്ങൾ കടന്നുകൊണ്ടിരിക്കുകയാണ്. ഈ കാരണത്താൽ കാർഷികരംഗത്തെ തൊഴിലാവശ്യങ്ങൾ നിറവേറ്റുവാൻ ആളുകളെ കിട്ടാനില്ല എന്ന സ്ഥിതിയും നിലനില്ക്കുന്നു. കെട്ടിട നിർമ്മാണ മേഖല കഴിഞ്ഞാൽ മൃഗപരിപാലനരംഗത്തും തോട്ടം മേഖലയിലുമാണ് ഏറ്റവും കൂടുതൽ ആളുകൾ ജോലി ചെയ്യുന്നത്. നമ്മുടെ പഞ്ചായത്തതിർത്തിക്കുള്ളിൽ സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവാണ്. ഇക്കാരണത്താൽ തന്നെ സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരുടെ എണ്ണവും കുറവുതന്നെ. ഹൈസ്കൂൾ പ്രീഡിഗ്രി തലം പിന്നിട്ടവരാണ് അഭ്യസ്തവിദ്യരിൽ ഏറിയ പങ്കും.

കാർഷികരംഗത്തും, മൃഗപരിപാലനരംഗത്തും ചെറുകിട വ്യവസായ രംഗത്തും ആവശ്യമായ വിദഗ്ധ പരിശീലനം നല്കി മാനുഷിക വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുവാൻ പോന്ന പദ്ധതികൾ ആവിഷ്കരിച്ചാൽ ഗ്രാമപഞ്ചായത്തിന്റെ മുഖച്ഛായതന്നെ മാറ്റിയെടുക്കാനാവും.

ജാതിപരമായ ഉച്ചനീചത്വങ്ങൾ ഏറെയൊന്നും സ്പർശിക്കാത്ത ഇവിടുത്തെ ജനങ്ങൾ മതസഹിഷ്ണുതയുടേയും പരസ്പര സഹകരണത്തിനും, ഉദാത്ത മാതൃകകളും മതനിരപേക്ഷ സംസ്കാരത്തിന് ഏറെ മൂല്യം കല്പിക്കുന്നവരുമാണ്.

അദ്ധ്യായം 5

സാമൂഹിക സാമ്പത്തിക മേഖലകൾ

കൃഷിയും ജലസേചനവും

മലയോരഗ്രാമപ്രദേശമായ രാജാക്കാട് ഗ്രാമപഞ്ചായത്തിൽ ഏറിയപങ്കും കൃഷിയും അനുബന്ധ ജോലികളും ചെയ്തു ഉപജീവനം കഴിക്കുന്നവരാണ്. ഉദ്ദേശം 95 ശതമാനം ആളുകളും കൃഷിയെ ആശ്രയിച്ചുജീവിക്കുന്നവരായിട്ടാണ് കണ്ടുവരുന്നത്. ആദ്യകാല കുടിയേറ്റ സമയത്തുതന്നെ വനഭൂമി വെട്ടിത്തെളിച്ച് ഇവിടെ കൃഷികൾ ആരംഭിച്ചിരുന്നു. കൃഷിക്കാർ തങ്ങളുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്കുള്ള നെല്ല്, കപ്പ, ചേന, കാച്ചിൽ, ചേമ്പ്, ചെറുകിഴങ്ങ്, ചോളം, തിന, ചാമകേപ്പ എന്നീ വിളകളായിരുന്നു ഏറ്റവും കൂടുതൽ കൃഷി ചെയ്തിരുന്നത്. ഇതിനും പുറമെ പ്രധാന വരുമാനമാർഗ്ഗമെന്ന നിലയിൽ ഇഞ്ചിപ്പുൽ കൃഷിയും വ്യാപകമായിട്ടുണ്ടായിരുന്നു. എന്നാൽ വന്യമൃഗങ്ങളുടെ ശല്യവും പിന്നീട് കാലാവസ്ഥയിൽ വന്ന മാറ്റങ്ങളും കണക്കിലെടുത്ത് ക്രമേണ കൃഷിക്കാർ ഏലം, കാപ്പി, കുരുമുളക്, തെങ്ങ്, കവുങ്ങ്, റബർ തുടങ്ങിയ നാണ്യവിളകളിലേക്ക് ശ്രദ്ധതിരിക്കുകയും ചെയ്തു. തന്മൂലം രാജാക്കാട് ഗ്രാമം ഒരു തികഞ്ഞ കാർഷികമേഖലയായിതീർന്നു. സമ്മിശ്ര കൃഷിരീതിയാണ് ബഹുഭൂരിപക്ഷം കർഷകരും ഈ മേഖലയിൽ അവലംബിച്ചിരിക്കുന്നത്. എന്നാൽ കൃഷിയെ സംബന്ധിച്ചുള്ള ഉല്പാദനക്ഷമത പരിശോധിക്കുമ്പോൾ ഓരോ വർഷം കഴിയും തോറും ഉല്പാദനം കുറഞ്ഞുവരുന്നതായി കാണുന്നു. കാലാവസ്ഥയിലുണ്ടായ മാറ്റങ്ങൾ, മണ്ണിന്റെ ജൈവ സമ്പത്തിന്റെ നാശം, അശാസ്ത്രീയമായ കൃഷിരീതികൾ, അപ്രതീക്ഷിതമായി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ എന്നീ കാര്യങ്ങളൊക്കെ കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തൻനിമിത്തം കാർഷികമേഖലയിൽ അനുദിനം പ്രശ്നങ്ങൾ കൂടുതൽ വന്നുകൊണ്ടിരിക്കുകയാണ്.

പ്രശ്നങ്ങൾ

കാർഷിക മേഖലയായ രാജാക്കാട് പഞ്ചായത്തിൽ കൃഷി സംബന്ധമായ പ്രശ്നങ്ങൾ ഒട്ടേറെയുണ്ട്. അശാസ്ത്രീയ കൃഷിരീതികളും കാലാവസ്ഥ മാറ്റവും കാർഷിക മേഖലയിലെ പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാക്കിക്കൊണ്ടിരിക്കുന്നു. ഫലപ്രദമായ മണ്ണു സംരക്ഷണ പദ്ധതികളില്ലാത്തതിനാൽ ഫലഭൂയിഷ്ടമായ മേൽമണ്ണ് മലവെള്ളപ്പാച്ചിലിൽപ്പെട്ട് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. തന്മൂലം മണ്ണിന്റെ ജൈവസമ്പത്ത് കുറഞ്ഞുവരുന്നു. വേണ്ടത്ര ജലസേചന സൗകര്യങ്ങൾ നിലവിലില്ലാത്തതിനാൽ ചെറുകിട നാമമാത്ര കൃഷിക്കാർ മഴയെ ആശ്രയിച്ചുമാത്രം കൃഷിയിറക്കുന്നവരാണ്. അടിയ്ക്കടി ഉണ്ടാകാറുള്ള പ്രകൃതിക്ഷോഭം നിമിത്തം ഗണ്യമായ തോതിൽ കൃഷിനാശമുണ്ടാകാറുണ്ട്. പഞ്ചായത്തിലുള്ള മിക്കതോടുകളും, നീർച്ചാലുകളും വേനൽക്കാലാരംഭത്തോടെ വറ്റി വരണ്ടുപോകുന്നതിനാൽ സ്ഥിരമായ ജലസ്രോതസ്സുകൾ നിലനില്ക്കുന്നില്ല.

അജ്ഞാതമായ രോഗബാധകളും കീടബാധകളും കാർഷികരംഗം നേരിടുന്ന ഗുരുതരമായ വെല്ലുവിളികളാണ്. കുരുമുളകു കൃഷിയെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ ധൃതവാട്ടം, തിരിപൊഴിച്ചിൽ, കുമിൾരോഗം, സാവധാനവാട്ടം എന്നിവയാണ്. വൈറസ്സ് രോഗങ്ങളും, കുരുമുളകു ചെടികളെ ആക്രമിക്കുന്നു. അഴുകൽ, വേരുപുഴ, മഞ്ഞപിഞ്ചു കൊഴിയൽ, തണ്ടുതുരപ്പൻ, കറ്റരോഗം, കുറുനാമ്പ്, തട്ടമരച്ചിൽ, ചൊറി തുടങ്ങിയ രോഗങ്ങൾ ഏലച്ചെടികളെയും ബാധിക്കുന്നു. ഇതേപോലെ തന്നെ ചീയൽ, കമ്പുണക്ക് തണ്ടുതുരപ്പൻ, പൊള്ളുവണ്ട് എന്നിവ കാപ്പികൃഷിക്ക് ഭീഷണിയാകുന്നു. തെങ്ങിനെ

ബാധിക്കുന്ന പ്രധാന രോഗങ്ങൾ കാറ്റുവീഴ്ച, ഓലമഞ്ഞളിപ്പ്, കൂമ്പ് ചീയൽ, ചെന്നീരൊലിപ്പ്, മച്ചിങ്ങ പൊഴിയൽ, മണ്ടമരപ്പ് എന്നിവയാണെങ്കിൽ മഹാളി, പൂപ്പൽ, മണ്ട ചീയൽ, അടയ്ക്കാ പൊഴിച്ചൽ തുടങ്ങിയ രോഗങ്ങളാണ് കമുകിനെ പ്രധാനമായും ബാധിക്കാറുള്ളത്.

കുറുംപൂപ്പു കൃഷികളായ ഇഞ്ചി, മഞ്ഞൾ, തുടങ്ങിയ കൃഷികളെയും ചില അജ്ഞാത രോഗങ്ങൾ പിടിപെടാറുണ്ട്. അഴുകൽ, തണ്ടുതുരപ്പൻ, പൂപ്പൽ, മാണപ്പുഴു എന്നീ രോഗങ്ങളും, കീടങ്ങളുമാണ് ഇത്തരം കൃഷികളെ പ്രധാനമായും ബാധിക്കാറുള്ളത്.

കൂടാതെ കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദന ചെലവിൽ വന്ന വർദ്ധനവും, വളങ്ങളുടെയും കീടനാശിനികളുടെയും വില വർദ്ധനവ്, കർഷകതൊഴിലാളികളുടെ കൂലി വർദ്ധനവ് എന്നിവയ്ക്ക് അനുസൃതമായി ഉല്പന്നങ്ങൾക്ക് വില ലഭിക്കായ്കയാൽ കാർഷികരംഗം വൻ പരാജയത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.

നിർദ്ദേശങ്ങൾ

ശാസ്ത്രീയമായ കൃഷിരീതികളെകുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനും, അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ, നടീൽ വസ്തുക്കൾ എന്നിവ യഥാസമയം കർഷകർക്ക് സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനും, ഉള്ള സംവിധാനം കുറ്റമറ്റ രീതിയിൽ കൃഷിഭവൻ മുഖേന നടപ്പിലാക്കുക. കമ്പോസ്റ്റ്, ജൈവാണുവളം, എന്നിവ നിർമ്മിക്കുന്നതിന് ശാസ്ത്രീയമായ പരിശീലനങ്ങളും കർഷകർക്ക് പ്രോത്സാഹനവും, സാമ്പത്തിക സഹായവും ലഭ്യമാക്കുക. മണ്ണൊലിപ്പ് തടയുന്നതിന് കയ്യാലകൾ നിർമിക്കുന്നതിന് സോയിൽ കൺസർവേഷൻ വകുപ്പിൽ നിന്നും സാങ്കേതിക ഉപദേശങ്ങളും മണ്ണൊലിപ്പു നിവാരണ മാർഗ്ഗങ്ങളും ലഭ്യമാക്കുക. ജലസേചന സൗകര്യങ്ങൾക്കുവേണ്ടി കുളങ്ങൾ, ചെക്കുഡാം, ചെറുകിട ഇറിഗേഷൻ പദ്ധതി എന്നിവ നിർമ്മിച്ച് പ്രയോജനപ്പെടുത്തുക. പ്രകൃതിക്ഷോഭംമൂലവും, അജ്ഞാതരോഗങ്ങൾ മൂലവും നശിച്ചുകൊണ്ടിരിക്കുന്ന കൃഷിക്ക് മതിയായ നഷ്ടപരിഹാരം നല്കുക. നെല്ലുൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന്, പാടശേഖരങ്ങൾക്ക് സംരക്ഷണ ഭിത്തികെട്ടുകയും തോടുകൾ നവീകരിക്കുകയും ചെയ്യുക. തെങ്ങ്, കവുങ്ങ്, ഏലം, കുരുമുളക്കൊടി, കാപ്പി, കൊക്കോ, റബർ തുടങ്ങിയ കാർഷികവിളകളെ ബാധിക്കുന്ന വിവിധതരം രോഗങ്ങളെ നിയന്ത്രിക്കുന്നതിലേക്കായി കർഷകർക്ക് കീടനാശിനികളും സ്പെയറുകളും സൗജന്യനിരക്കിൽ ലഭ്യമാക്കുക. പട്ടയമില്ലാത്തവർക്കുകൂടി കാർഷിക വായ്പകളും മറ്റു സർക്കാർ ആനുകൂല്യങ്ങളും കാലാകാലങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന ലഭ്യമാക്കുക. കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുകയും സർക്കാർ തലത്തിൽ വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. കാർഷികാവശ്യങ്ങൾക്ക് സൗജന്യ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക. ആധുനിക കാർഷികയന്ത്രോപകരണങ്ങളും കൃഷിയായുധങ്ങളും ആവശ്യാനുസരണം കൃഷിസമിതികൾ വഴി കർഷകർക്ക് ലഭ്യമാക്കുക. പലിശയില്ലാത്ത കാർഷിക വായ്പാസൗകര്യങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നല്കുക. ഗ്രൂപ്പ്ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് യഥാർത്ഥ പങ്കാളികളെ കണ്ടെത്തുന്നതിനും പഞ്ചായത്തിനധികാരം നല്കുക. 2-ാം വാർഡിൽ കൃഷിയാഫീസിന്റെ വകസ്ഥലത്ത് ഓഫീസ് പണിയണം. ഗ്രാമപഞ്ചായത്തിലെ മുഴുവൻ കർഷകരെയും വിള. ഇൻഷ്വറൻസ് എന്നിവയുടെ പരിധിയിൽ കൊണ്ടുവരുകയും, കർഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുകയും ചെയ്യുക. ആഗ്രോ ബയിസ്ഡ് ഇൻഡസ്ട്രീസ് ആരംഭിക്കുക. കാർഷിക ഉല്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുക, കൃഷി വ്യവസായമായിട്ടംഗീകരിക്കുകയും, പഞ്ചായത്തിലെ

തൊഴിൽരഹിതരായിട്ടുള്ള യുവതീയുവാക്കൾക്ക് കാർഷികാവശ്യത്തിന് സ്വന്തം ജാമ്യത്തിന്മേൽ ഒരുലക്ഷം രൂപവരെ ദീർഘകാലവായ്പ നല്കുക. ഏലക്കായ് ഉണങ്ങുന്നതിന് ഗ്രാമപഞ്ചായത്തുതലത്തിൽ വൈദ്യുതി ഡ്രയറുകൾ സ്ഥാപിക്കുക. ഗവൺമെന്റ് തരിശു ഭൂമികളും, പുറംപോക്കുകളും കാർഷികാവശ്യങ്ങൾക്ക് ഉപയുക്തമാക്കുന്നതിനു വെണ്ടി പഞ്ചായത്തുകൾക്ക് വിട്ടുതരിക. 2-ാം വാർഡിൽ കൃഷിയാഫീസിനു വേണ്ടി വാങ്ങിയിട്ടുള്ള സ്ഥലത്ത് കൃഷിഭവൻ ആഫീസ് പണിയണം. 2-ാം വാർഡിൽ നിരപ്പേൽ ജോസഫ് ഫ്രീ സറണ്ടർ തരാമെന്നു പറഞ്ഞിട്ടുള്ള സ്ഥലത്ത് കുളം നിർമ്മിച്ച് 50-ൽ പരം ഏക്കർ നിലം ഇരുപൂനിലമാക്കുക.

അനുബന്ധം 3

രാജാക്കാട് ഗ്രാമപഞ്ചായത്ത്

3.1. ഭൂമി സംബന്ധിച്ച വിവരങ്ങൾ

(REF: അടിസ്ഥാന വിവര രജിസ്റ്റർ)

ഇനം	വിസ്തീർണ്ണം
നിലം	155 ഹെക്ടർ
പുരയിടം	2849.76 ഹെക്ടർ
പുറമ്പോക്ക്	3.0074.00 "
കൃഷിയോഗ്യ തരിശ്	2975.95 "
കൃഷിയോഗ്യമല്ലാത്ത തരിശ്	—
ആകെ	5983.7174

രാജാക്കാട് ഗ്രാമപഞ്ചായത്ത്

3.2. വിള വിസ്തീർണവും ഉത്പാദനവും (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

വിള	വിസ്തീർണ്ണം ഹെക്ടർ	മൊത്തം ഉത്പാദനം	ഉത്പാദനക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)			
നെല്ല് (രണ്ടാം വിള)	155.00	279000 കിലോ	1800 കിലോ
നെല്ല് (മൂന്നാം വിള)			
പയർ	5.00	1250 കിലോ	250 കിലോ
എള്ള്	-		
പച്ചക്കറികൾ	25.00	25000 കിലോ	1000 കിലോ
തെങ്ങ്	400.00	40,000 എണ്ണം	10,000 എണ്ണം
വാഴ	100.00	130000 കിലോ	1300 കിലോ
മരച്ചീനി	30.00	27000 കിലോ	900 കിലോ
കുരുമുളക്	1025.00	1025000 കിലോ	1000 കിലോ
പ്ലാവ്	50.00	25,000 എണ്ണം	500 എണ്ണം
കശുമാവ്	5.76	500 കിലോ	100 കിലോ
മാവ്	17.00	17000 കിലോ	1000 കിലോ
റബ്ബർ	8.00	8000 കിലോ	1000 കിലോ
കവുങ്ങ്	200.00	50000 കിലോ	250 കിലോ
കൊക്കോ	30.00	15000 കിലോ	500 കിലോ
ഏലം	750.00	150000 കിലോ	200 കിലോ
കാപ്പി	194.00	19400 കിലോ	100 കിലോ

രാജാക്കാട് ഗ്രാമപഞ്ചായത്ത്
3.8 കാർഷികോപകരണങ്ങൾ

വാർഡ് നമ്പർ	ഉഴവുപകരണങ്ങൾ			മരുന്നുതളി ഉപകരണങ്ങൾ			മെതിയന്ത്രം	തെങ്ങുകയറ്റയന്ത്രം	ഷോർട്ടബിൾ പമ്പുസെറ്റ്
	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രെയർ	നാപ്സ്റ്റാക്ക് സ്പ്രെയർ	മറ്റുള്ളവ			
1	2	3	4	5	6	7	8	9	10
		3		5	1		1	1	

രാജാക്കാട് ഗ്രാമപഞ്ചായത്ത്
3.9 കൈവശഭൂമി വിസ്തീർണ്ണം

വാർഡ് നമ്പർ	നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1-2 ഹെക്ടർ)	വൻകിടകർഷകർ (2 ഹെക്ടറിനു മുകളിൽ)
1	2	3	4
	1263	2324	370

രാജാക്കാട് ഗ്രാമപഞ്ചായത്ത്
3.7 തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	തെങ്ങ് എണ്ണം				രോഗം ബാധിച്ച തെങ്ങ്					
	തെങ്ങ് കൃഷി വിസ്തീർണം	കായ് ക്കാത്തത്	കായ് ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ	ലീഫ് റോട്ട്	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
1	2	3	4	5	6	7	8	9	10	11
	400 HC					1000				

രാജാക്കാട് ഗ്രാമപഞ്ചായത്ത്
3.5 നടീൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ്	1.803	485	1335
കശുമാവ്	-	-	-
കുരുമുളക്	16,500	28,500	30,000
കവുങ്ങ്	400		-
കൊക്കോ	100		-
ജാതി	40	150	150
ഗ്രാമ്പൂ	-	100	250

രാജാക്കാട് ഗ്രാമപഞ്ചായത്ത്
3.6 ദുരിതാശ്വാസ വിതരണം

വർഷം	പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)				ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾപൊട്ടൽ		
1	2	3	4	5	6	7
1993-94	ഇല്ല					
1994-95	ഇല്ല					
1995-96	ഇല്ല					

അനുബന്ധം -5
മണ്ണ് സംരക്ഷണം

ക്രമ നമ്പർ	പദ്ധതിയുടെ പേര്	പദ്ധതി പ്രദേശം വിസ്തീർണ്ണം	പദ്ധതി പ്രദേശത്തെ നീർച്ചാലുകളുടെ നീളം	അടങ്കൽ തുക	മൊത്തം ഗുണഭോക്താക്കൾ	പദ്ധതി ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം	പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം	ചെലവായതുക	മറ്റു കാര്യങ്ങൾ
1	2	3	4	5	6	7	8	9	10	11	12
1.	പ്രളയക്കെടുതി	4Hec.	–	21116	9	90-91	90-91	4 Hec	9	21116	
2		95 Hec	1680 M	881500	130	96-97	-	-	-		ഫണ്ടുലഭിക്കാത്തതുകൊണ്ട് പണം ലഭിച്ചില്ല
3	മുല്ലക്കാനം		I H.D.P.	കോളനിയിൽ	പ്രൊപ്പോസൽ			പോയെങ്കിലും	വർക്കിംങ്ങ് ഗ്രൂപ്പിന്റെ	അംഗീകാരം	ലഭിച്ചില്ല

N.R. സിറ്റി. S.N.V.H.S ലെ മാതൃ [illegible]
ഉത്ഘാടനത്തിൽ നിന്ന്

ഗ്രാമപഞ്ചായത്ത്

1.19 പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ Ref. K

വാർഡ് / തരം	വിസ്തീർണ്ണം								
	I	II	III	IV	V	VI	VII	VIII	IX
I	2	3	4	5	6	7	8	9	10
റോഡ്			1.53 Acre		50 Cent		10 Cent	2 Cent	
ഇടവഴി									
തോട് /പുഴ									
കുളം എണ്ണം	-	1	1	5	5	5	2		
കുളം വിസ്തീർണ്ണം									
മറ്റുള്ളവ	4	6	4	6	4	6	4	4	
ആകെ	4	7	5	11	10	11	6	4	

പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല

1.20 സേവനമേഖലയിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ Ref. F 95/96

എണ്ണം	വിദ്യാഭ്യാസം				ആരോഗ്യം			
	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ
സ്ഥാപനങ്ങൾ	3	-	2	5	2	-	2	4
ജീവനക്കാർ	54	-	75	129	22	-	10	32

എണ്ണം	മറ്റ് സേവനമേഖലകൾ			
	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ
സ്ഥാപനങ്ങൾ	14	5	1	20
ജീവനക്കാർ	94	19	3	116

കൃഷി - ജലസേചനം (ഗ്രാമസഭ റിപ്പോർട്ട്)

1. കൃഷി, ജലസേചനം പ്രശ്നങ്ങൾ

വാർഡ് - 1

1. നെല്ലുൽപാദനക്ഷമത വർദ്ധിപ്പിക്കുവാൻ തോടുകൾ നവീകരിക്കുക. പാടശേഖരത്തിന് സംരക്ഷണഭിത്തി കെട്ടുക.
2. സൗജന്യമായി വിത്ത്, വളം, കീടനാശിനി, നിർദ്ദേശങ്ങൾ ഇവ ലഭ്യമാക്കുക.
3. കാർഷികോത്പന്നങ്ങൾക്ക് ന്യായവിലയും, വിപണനസാദ്ധ്യതകളും ഗവ. തലത്തിലുണ്ടാവണം.
4. സൗജന്യ വൈദ്യുതി ലഭ്യമാക്കണം.
5. ഉയർന്ന സബ്സിഡി ലഭ്യമാക്കുക.
6. പച്ചക്കറി - സൗജന്യമായി വിത്തും വളവും കൃഷിഭവൻ വഴി വിള ഇൻഷുറൻസ് ഏർപ്പെടുത്തുക.
7. യന്ത്രോപകരണങ്ങൾ കൃഷിഭവൻവഴി ലഭ്യമാക്കുക.
8. കാർഷിക വായ്പകൾക്ക് പലിശയില്ലാതാക്കുക.
9. ചൗക്ക, യൂക്കാലി, പ്ലാവ് ഇവയുടെ കൃഷിക്ക് ദീർഘകാല സംരക്ഷണം ലഭ്യമാക്കണം.
10. പട്ടയം സമയബന്ധിതമായി നല്കണം.
11. രോഗവും, പ്രകൃതിക്ഷോഭവും മൂലം നശിക്കുന്ന വിളകൾക്ക് നഷ്ടപരിഹാരം നല്കുക.
12. കമ്പോസ്റ്റ് - ജൈവവളം നിർമ്മാണത്തിന് സംവിധാനവും, ബോധവൽക്കരണവും നടത്തുക.
13. കൃഷി സമിതികൾ യഥാർത്ഥകർഷകന് മാത്രം
14. KLDMM ബോർഡ്, കൃഷിഭവൻ ഇവ രാജാക്കാട് ടൗണിലാക്കണം.
15. ബോധവൽക്കരണസെമിനാറുകൾ വേണം.

വാർഡ് - 2

1. മണ്ണൊലിപ്പ് കയ്യാലക്ക് പഞ്ചായത്തിൽ നിന്നും സാമ്പത്തിക സഹായം വേണം.
2. 50% സബ്സിഡി നിരക്കിൽ വിത്ത്, വളം, കീടനാശിനി ലഭ്യമാക്കണം.
3. പട്ടയമില്ലാത്തവർക്കും, എല്ലാ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കണം.
4. ഗ്രൂപ്പ് ഫാമിംഗ്, യന്ത്രവൽക്കരണം ഇവ നടപ്പിലാക്കുക.
5. അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റികൾ വാർഡ് തലത്തിലാരംഭിക്കണം.
6. നിരപ്പേൽ ജോസ് സൗജന്യമായി നൽകുന്ന സ്ഥലത്തു കുളം കുഴിച്ച് പമ്പ് സ്ഥാപിച്ച് ജലസേചനം നടത്താവുന്നതാണ്.
7. പന്നിയാർ നീരൊഴുക്കിൽ നിന്ന് പഴയവിടുതി കുരിശുപടിഭാഗത്തേക്ക് കനാൽ നിർമ്മിച്ചാൽ മുഴുവൻ നെൽപ്പാടങ്ങളും ഇരുപ്പൂ ആക്കാം.
8. പച്ചക്കറി : സൗജന്യമായി വിത്ത്, വളം, കീടനാശിനി ലഭ്യമാക്കണം.
9. കൃഷി ആവശ്യത്തിനുള്ള വൈദ്യുതി നിയമതടസവും, കാലതാമസവും

കൂടാതെ ലഭ്യമാക്കണം.

10. നാണ്യവിളകൾക്ക് വളം കീടനാശിനികൾ ഇവ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുക.

11. മമ്മട്ടിക്കാനത്ത് വാങ്ങിയിട്ടുള്ള സ്ഥലത്ത് കൃഷിഓഫീസ് കെട്ടിടം നിർമ്മിക്കണം.

വാർഡ് - 3

1. കൃഷിഭവൻ പ്രവർത്തനം ശക്തമാക്കണം. മണ്ണ് പരിശോധന, കുരുമുളക്, കൊക്കോ, കാപ്പി, തെങ്ങ്, വാഴ, ഏലം, ഇഞ്ചി ഇവയുടെ ദൃതവാട്ടം. മഹാളി, മഞ്ഞളിപ്പ്, അഴുകൽ ഇവ നിയന്ത്രിക്കണം.

2. തരിശുഭൂമിയിൽ, തേയില, കൊടി, തെങ്ങ്, കൊക്കോ എന്നിവ കൃഷി ചെയ്യുക.

3. മണ്ണൊലിപ്പിനെതിരെ കയ്യാല മൺതിട്ട തീർക്കണം.

4. വാർഡിൽ 6 കുളങ്ങൾ വേണം.

5. പച്ചക്കറിക്ക് വിത്ത്, വളം ഇവ സൗജന്യമായി ലഭ്യമാക്കണം.

6. നെൽകൃഷിക്ക് വേണ്ട വിത്ത്, വളം കീടനാശിനി ഇവ ലഭ്യമാക്കണം.

7. ഒരു വാർഡിൽ ഒരു ട്രില്ലർ വീതം ഗവ. അനുവദിക്കണം.

8. തടയണകൾ 2 എണ്ണം വേണം.

9. ജൈവവള നിർമ്മാണത്തിന് സഹായം ലഭ്യമാക്കണം.

10. വാർഡ് തല കൃഷി സമിതികൾ വേണം.

11. രാജാക്കാട് പഞ്ചായത്തിൽ KLD ബോർഡ് ഓഫീസ് വേണം.

12. കൃഷിഭവൻ സൗകര്യപ്രദമായ സ്ഥാനത്തേക്ക് മാറ്റി സ്ഥാപിക്കണം.

വാർഡ് - 4

1. കുരുമുളക് നടീൽ വസ്തുക്കൾ പഞ്ചായത്ത് തല നഴ്സറി ആരംഭിച്ച് വിതരണം ചെയ്യുക.

2. പച്ചക്കറി, കൂൺകൃഷി ഇവ നടപ്പിലാക്കാവുന്നതാണ്.

3. കുരുമുളക് സമിതി പ്രവർത്തനം ശക്തമാക്കുക. വളം, കീടനാശിനി ഇവ വിതരണം ചെയ്യണം. ചിലവ് കർഷകർ വഹിക്കണം.

4. കാർഷിക വിളകൾക്ക് തറവില നിശ്ചയിക്കുക.

5. കേരസമിതി പ്രവർത്തനം ശക്തമാക്കുക. തെങ്ങ്, കമുക്, Re-Plant ചെയ്യുന്നതിന് ധനസഹായം ലഭ്യമാക്കുക.

6. റബധിഷ്ടിത വ്യവസായം തുടങ്ങണം. (പന്നിയാർകൂട്ടി)

7. വിളകളെ കാട്ടുമൃഗങ്ങളുടെ ശല്യത്തിൽ നിന്നും സംരക്ഷിക്കണം.

വാർഡ് - 5

1. മണ്ണ് പരിശോധന വേണം. കൃഷി ശാസ്ത്രീയാടിസ്ഥാനത്തിൽ പുന സംഘടിപ്പിക്കണം.

2. മണ്ണൊലിപ്പ് തടയുന്നതിന്, മണ്ണ്, കല്ല്, കയ്യാലകൾ വേണം.

3. വിളകൾക്കുണ്ടാകുന്ന രോഗങ്ങൾ നിർമ്മാർജ്ജനം ചെയ്യുക. ഇതിന് കൃഷിഭവൻ ജീവനക്കാരുടെ സേവനം ഉറപ്പാക്കുക.

4. തെങ്ങ് റീപ്ലാന്റ് ചെയ്യുന്നതിന് 500/- രൂപയാക്കിയുയർത്തുക. തെങ്ങിൻതൈ സൗജന്യമായി നല്കുക.

5. കൃഷി സമിതികൾ പുനസംഘടിപ്പി

ക്കുക. സഹായങ്ങൾ അർഹരായവർക്ക് മാത്രം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

6. വിള ഇൻഷ്വറൻസ് വ്യാപകമാക്കുക.
7. രാസവളം വിലവർദ്ധന നിയന്ത്രിക്കുക. സബ്സിഡി നൽകുക.
8. മുഴുവൻ കൃഷിഭൂമിക്കും പട്ടയം നൽകുക.
9. കൃഷിവ്യവസായമായി അംഗീകരിക്കുക, കർഷകതൊഴിലാളി പെൻഷൻ ഉയർത്തുകയും, കാലതാമസം ഒഴിവാക്കുകയും ചെയ്യുക.
10. കൃഷിമേഖലയിൽ യുവാക്കൾക്ക് 1 ലക്ഷം രൂപവരെ വായ്പ നല്കുക.
11. കാർഷികമേഖലയിൽ 1 ലക്ഷം യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽ ദാന പദ്ധതി വാഗ്ദാനം പൂർണ്ണമായും നടപ്പിലാക്കുക.
12. വാർഡു തലത്തിൽ, കർഷകർക്ക് അവാർഡുകൾ നല്കുക.
13. പച്ചക്കറി: ഉത്പാദനത്തിനും, വിപണനത്തിനും വേണ്ട പദ്ധതികൾ നടപ്പിലാക്കുക.
14. രാജാക്കാട്ടിൽ പച്ചക്കറി മാർക്കറ്റ് ആരംഭിക്കുക.
15. ജൈവവളം നിർമ്മാണത്തിന് പരിശീലനവും ധനസഹായവും ലഭ്യമാക്കുക.
16. കർഷകരുടെ ബാങ്ക് കടങ്ങളിൽ ഇളവനുവദിക്കുക.
17. വാർഡ്തല കൃഷിനഴ്സറികൾ തുടങ്ങുക.
18. കാർഷികോത്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുക.
19. കർഷകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുക.

വാർഡ് - 6

1. ജലസേചനത്തിനായി വലിയണ്ടംഭാഗത്ത് ചിറകൾ, കുളങ്ങൾ ഇവ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കുക.
2. പാടത്തിന് സംരക്ഷണഭിത്തി കെട്ടുക.
3. പുതിയ ഇനം വിത്തുകൾ ലഭ്യമാക്കുക. സബ്സിഡി ചോർച്ച തടയുക. കൃഷിഭവൻ പ്രവർത്തനം ശക്തമാക്കുക.
4. തെങ്ങ്, കുരുമുളക് ഇവയുടെ രോഗങ്ങൾ കണ്ടുപിടിച്ച് പ്രതിരോധനടപടികൾ സ്വീകരിക്കുക. തെങ്ങിന് ആവർത്തന കൃഷിക്കുള്ള സഹായം ലഭ്യമാക്കുക.
5. പച്ചക്കറിക്കുള്ള വിത്ത്, വളം, കീടനാശിനി ഇവ സൗജന്യനിരക്കിൽ ലഭ്യമാക്കുക.
6. 10,000/- രൂപവരെ കുറഞ്ഞ പലിശക്ക് സഹകരണസംഘങ്ങൾ വഴി വായ്പ നൽകുക.
7. ജലസേചനത്തിന് പരപ്പനങ്ങാടിയിൽ കറന്റും, മോട്ടറും എത്തിക്കുക.
8. മന്നാക്കുടി, ഈറ്റക്കാനം, കുരങ്ങുപാറ എന്നിവിടങ്ങളിൽ ജലസേചനകുളങ്ങൾ സ്ഥാപിക്കുക.
9. പാലക്കുഴിയിൽ കുടിവെള്ളത്തിനായി മോട്ടോർ സ്ഥാപിക്കുക.
10. ഏലക്കാ ഉണങ്ങുവാൻ കറന്റ് ഡ്രയർ വേണം.
11. കാർഷികോപകരണങ്ങൾ വാങ്ങുവാൻ വായ്പ അനുവദിക്കുക.
12. നട്ടുവളർത്തിയ മരങ്ങൾ മുറിക്കുവാൻ അനുവാദം ലഭിക്കുക.

13. വിള ഇൻഷ്വറൻസിലെ അപാകതകൾ പരിഹരിക്കുക.

വാർഡ് - 7

1. കൃഷിഭവൻ പ്രവർത്തനം കാര്യക്ഷമമാക്കുക.
2. കൃഷി - പഠനക്ലാസുകൾ വാർഡ് തലത്തിൽ
3. വാർഡ് തല കൃഷി സമിതികൾ രൂപീകരിക്കണം.
4. പച്ചക്കറി: വിത്ത്, വളം ഇവ സൗജന്യമായി ലഭ്യമാക്കുക.
5. കമുക് കൃഷി: ന്യായവില ലഭിക്കണം. പഞ്ചായത്ത് കേന്ദ്രമാക്കി 'പാക്ക് അടി' സ്ഥാപിക്കണം.
6. മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കണം.
7. തരിശുഭൂമി: മണ്ണുപരിശോധന നടത്തി തേയില കൃഷിക്ക് മണ്ണനുയോജ്യമെങ്കിൽ കൃഷിയിറക്കണം.
8. കാർഷികവിള ഇൻഷുറൻസ് പ്രീമിയം 50% കണ്ട് കുറക്കുകയും മുഴുവൻ കർഷകരെയും ഇൻഷുറൻസിൽ കൊണ്ടുവരുകയും ചെയ്യുക.
9. ജലസേചനം: സാധ്യമായിടത്ത്, സബ്സിഡിയോടുകൂടി കുളം കുഴിച്ച് പമ്പ്സെറ്റ് വയ്ക്കുക.
10. പട്ടയമില്ലാത്തവർക്ക് കൈവശരേഖയുടെ അടിസ്ഥാനത്തിൽ കൃഷിവായ്പ ലഭ്യമാക്കണം.
11. വിള ഇൻഷുറൻസ് ക്ലെയിം 5000/- രൂപവരെയുള്ളത് പഞ്ചായത്തിൽ നിന്നും നേരിട്ടു നൽകുക.

വാർഡ് - 8

1. കൃഷിഭവൻ പ്രവർത്തനം ശക്തമാക്കണ്. മണ്ണ് പരിശോധന നടത്തണം.
2. പാടശേഖരത്തിന് സംരക്ഷണ ഭിത്തി കെട്ടുക.
3. ജലസേചനം കുളം 2, ചെക്ക് ഡാം - 1 ഇവ വേണം.
4. നല്ലയിനം വിത്ത്, വളം, കീടനാശിനി ഇവ സബ്സിഡിയോടെ ലഭ്യമാക്കുക.
5. മണ്ണൊലിപ്പ് : കയ്യാലക്ക് ധനസഹായം വേണം.
6. പ്രകൃതിക്ഷോഭം : കൃഷിനാശം സംഭവിച്ചവർക്ക് ആനുകൂല്യങ്ങൾ വേണം.
7. കാർഷികോപകരണങ്ങൾ സബ്സിഡിയിനത്തിൽ ലഭിക്കണം.
8. കൃഷിഭവൻ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുക.
9. കർഷകസെമിനാർ നടത്തണം. കൃഷി ഉദ്യോഗസ്ഥന്റെ സേവനം വേണം.

5-2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

രാജാക്കാട് പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്നാണ് കന്നുകാലി വളർത്തൽ. ഈ രംഗത്ത് ഇന്ന് നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു. പശു, ആട്, കോഴി, പന്നി, മുയൽ എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങൾ. കാർഷികരംഗത്തുണ്ടായ ഉത്പാദനത്തകർച്ചയും, വിലയിടിവും മൂലം ഒട്ടേറെ ആളുകൾ കാലിവളർത്തലിലേക്ക് തിരിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ ആകെ 3 ആപ്കോസ് സംഘങ്ങളും ഒരു ക്ഷീരോത്പാദക സഹകരണസംഘങ്ങളും, മൂന്ന് മിൽമ സംഭരണയൂണിറ്റുകളും ഉണ്ട്. ഇവയിൽ കൂടി ആകെ 2600 ലിറ്ററോളം പാൽ പ്രതിദിനം സംഭരിക്കുന്നുണ്ട്.

രാജാക്കാട് ടൗണിൽ ഒരു സർക്കാർ വക മൃഗാശുപത്രി പ്രവർത്തിക്കുന്നു. 1963-ൽ സ്ഥാപിച്ചതാണിത്. ദഹനസംബന്ധമായ രോഗങ്ങൾ, ത്വക്രോഗങ്ങൾ, അകിടുവീക്കം, മുടന്തൻപനി, പകർച്ച വ്യാധികൾ, പരാദരോഗങ്ങൾ, ധാതുലവണങ്ങളുടെ അഭാവത്താലുണ്ടാകുന്ന രോഗങ്ങൾ, ശ്വാസകോശസംബന്ധമായ രോഗങ്ങൾ ഇവയാണ് മൃഗങ്ങൾക്ക് ഉണ്ടാകുന്ന പ്രധാന രോഗങ്ങൾ. രോഗപ്രതിരോധ നടപടികളെക്കുറിച്ചും, പരിസരശുചിത്വത്തെ സംബന്ധിച്ചും കാലികർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മമൂലം രോഗങ്ങളെ തുടക്കത്തിലെ കണ്ടുപിടിക്കുന്നതിനോ, പ്രതിരോധനടപടികൾ സ്വീകരിക്കുന്നതിനോ ചികിത്സിച്ച് ഭേദമാക്കുന്നതിനോ കഴിയാതെ വരുന്നു.

N.R. സിറ്റിയിൽ, കാലിത്തീറ്റ നിർമ്മിക്കുന്നതിനായി സ്വകാര്യമേഖലയിൽ ഒരു സ്ഥാപനം പ്രവർത്തിച്ചുവരുന്നു.

മുൻകാലങ്ങളിൽ നമുക്കാവശ്യമായ കോഴിയിറച്ചിയും, മുട്ടയും ഇവിടെതന്നെ നാം ഉത്പാദിപ്പിച്ചിരുന്നു. എന്നാൽ ഉപഭോഗത്തിനുണ്ടായ വർദ്ധനക്കനുസരിച്ച് ഉത്പാദനം വർദ്ധിക്കാതിരിക്കുകമൂലം, ഇക്കാര്യത്തിന് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലാണ് നാം. ഈ പഞ്ചായത്തിൽ കോഴി വളർത്തൽ കേന്ദ്രങ്ങളൊന്നും നിലവിലില്ല.

ചുരുക്കം ചില വീടുകളിൽ മുയൽ വളർത്തലുണ്ട്. പ്രത്യുത്പാദനനിരക്ക് കൂടുതലായതിനാൽ ഇറച്ചി ആവശ്യത്തിലേക്കായി മുയലിനെ വളർത്തുന്നത് ഏറെ ലാഭകരമായിരിക്കും.

പഞ്ചായത്തിൽ നാമമാത്രമായി മാത്രമെ പന്നി വളർത്തൽ നടക്കുന്നുള്ളൂ. ശാസ്ത്രീയമായ രീതിയിൽ ഒറ്റക്കും, കൂട്ടായും പന്നി വളർത്തൽ ലാഭകരമായി നടത്തുവാൻ കഴിയും.

ശാസ്ത്രീയാടിസ്ഥാനത്തിൽ മത്സ്യം വളർത്തുന്നതിനും, ഇതിനായി നിലവിലുള്ള ഉപരിതല ജലസമ്പത്തിനെ ഉപയോഗപ്പെടുത്തുവാനും നമുക്ക് കഴിഞ്ഞിട്ടില്ല. ചില മേഖലകളിൽ, സ്വകാര്യഉടമസ്ഥതയിൽ ഒറ്റപ്പെട്ടരീതിയിൽ മത്സ്യകൃഷി നടക്കുന്നുണ്ട്. പൊൻമുടി ജലാശയത്തിലെ നിലവിലുള്ള മത്സ്യസമ്പത്തിനെ ശാസ്ത്രീമായി വിനിയോഗിക്കുന്നതിനും, ജലാശയത്തിൽ പുതിയയിനം മീനുകളെ വളർത്തുന്നതിനും ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

1962-63-ൽ കേരളത്തിലെ പാലിന്റെ ആളോഹരി ലഭ്യത 30 ഗ്രാം ആയിരുന്നു. എന്നാൽ ക്ഷീരവികസനവകുപ്പിന്റെ ശ്രമഫലമായി 1995-96-ൽ ഇത് 190 ഗ്രാം ആയി ഉയർന്നിട്ടുണ്ട്. ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണപദ്ധതിയിൽപ്പെടുത്തി ഇടുക്കി ജില്ലാ ക്ഷീരവികസനവകുപ്പ് 95-96ൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി.

1. പ്രവർത്തനമൂലധനം.
2. ഫർണിച്ചർ സബ്സിഡി
3. കെട്ടിടനിർമ്മാണം
4. മിൽക്ക് ടെസ്റ്റർ വാങ്ങൽ
5. പാൽപരിശോധനാ വസ്തുക്കൾ വാങ്ങൽ
6. മിൽക്ക് ക്യാൻ വാങ്ങുന്നതിന്
7. മാനേജീരിയൽ സബ്സിഡി
8. കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് ധനസഹായം.
9. ക്ഷീരോൽപന്ന യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സഹായം.

സമീപകാലത്ത് നടപ്പിലാക്കിയ മേൽ പദ്ധതികളുടെ ഫലങ്ങൾ പൂർണ്ണമായും ജനങ്ങൾക്ക് പ്രയോജനപ്പെടുന്നവിധത്തിൽ ആയിട്ടില്ല. കാലവിളംബം കൂടാതെ പദ്ധതി നടത്തിപ്പിന്റെ പ്രയോജനം എല്ലാവർക്കും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കാം.

പഞ്ചായത്തിലെ മൃഗസംരക്ഷണത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു

നിർദ്ദേശങ്ങൾ

1. അത്യുല്പാദനശേഷിയുള്ള കറവമാടുകളെ സബ്സിഡിയോടുകൂടി കർഷകർക്ക് ലഭ്യമാക്കുന്നതിന്, ഗ്രാമപഞ്ചായത്തുതലത്തിൽ സംവിധാനം ഉണ്ടാക്കുക.
2. തീറ്റപ്പുൽ കൃഷിക്ക് ആവശ്യമായ വിത്ത്, വളം, സബ്സിഡി എന്നിവ ലഭ്യമാക്കുക.
3. വാർഡുകൾ തോറും പാൽസംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും, പാൽ ഉല്പാദകർക്ക് ന്യായമായ വില ലഭിക്കുന്നതിനുള്ള കുറ്റമറ്റ സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
4. സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി ആട്, മാട്, കോഴി, പന്നി, മുയൽ തുടങ്ങിയ വളർത്തുമൃഗങ്ങളെ വാങ്ങുവാനും, സംരക്ഷിക്കുവാനും ശാസ്ത്ര സാങ്കേതിക നിർദ്ദേശങ്ങളോടൊപ്പം സബ്സിഡിയോടുകൂടി പഞ്ചായത്തു മുഖാന്തിരം വായ്പകൾ ലഭ്യമാക്കുക.
5. പഞ്ചായത്തിൻകീഴിൽ പ്രവർത്തിക്കുന്ന ICDP സെന്റർ മൃഗാശുപത്രികളായി ഉയർത്തുക.
6. പഞ്ചായത്തിലെ മുഴുവൻ വളർത്തുമൃഗങ്ങൾക്കും, സമയബന്ധിതമായി വീടുവീടാന്തരം കയറിയിറങ്ങി പ്രതിരോധകുത്തിവയ്പുകൾ നടത്തുക.
7. പഞ്ചായത്തുതലത്തിൽ വിവിധയിനം വളർത്തുമൃഗങ്ങളെ സംരക്ഷിക്കുന്നതിന് ഫാമുകൾ ആരംഭിക്കുകയും, പാൽ ശീതികരണകേന്ദ്രവും, മാംസ സംരക്ഷണത്തിനായി കോൾഡ് സ്റ്റോറേജും സ്ഥാപിക്കുക.
8. വളർത്തുമൃഗങ്ങളെ മുഴുവൻ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുകയും ഇവകളുടെ വ്യക്തമായ സെൻസസ് എടുക്കുകയും ചെയ്യുക.
9. ദരിദ്രകുടുംബങ്ങൾക്ക് സൗജന്യമായി വളർത്തുമൃഗങ്ങളെ ലഭ്യമാക്കുന്നതിന് പഞ്ചായത്തിന് ആവശ്യമായ ഫണ്ടും അധികാരങ്ങളും നല്കണം.
10. മത്സ്യകൃഷി സംബന്ധിച്ച വിദഗ്ധ പരിശീലനം പഞ്ചായത്തുതലത്തിൽ നല്കുക.
11. മത്സ്യം വളർത്തുന്നതിനാവശ്യമായ കുളം, ടാങ്ക് ഇവ നിർമ്മിക്കുന്നതിനുള്ള വായ്പ പഞ്ചായത്ത് മുഖാന്തിരം നടപ്പാക്കുക.

12. മത്സ്യകുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ ലഭ്യമാക്കുക.

13. പൊന്മുടി ഡാമിൽ മീൻ വളർത്തുന്നതിനായി കൊന്നത്തടി പഞ്ചായത്തുമായി സഹകരിച്ച് പദ്ധതി തയ്യാറാക്കുകയും മീൻവളർത്തുന്നതിനാവശ്യമായ അംഗീകാരം വൈദ്യുതിബോർഡിൽ നിന്നും ഗവൺമെന്റ് തലത്തിൽ സമ്പാദിക്കുകയും ചെയ്യുക.

14. പഞ്ചായത്തിനുള്ളിൽ നിർമ്മിക്കുന്ന തടയണകളിലും, പൊതുകുളങ്ങളിലും മത്സ്യകൃഷി നടത്തുക.

പുനർ അർപ്പണദിനത്തിൽ 1-ാം വാർഡിൽ നടത്തിയ നിർമ്മാണ പ്രവർത്തനം പഞ്ചായത്തു മെമ്പർ ജേക്കബ് ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു

രാജാക്കാട് ഗ്രാമപഞ്ചായത്ത്

4:3 രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	
1.	ദഹനസംബന്ധമായവ Digestive disorders	1211	118	914	117					1	
2.	ശ്വാസകോശ സംബന്ധം Respiratory diseases	915	17	1115	215	4117					
3.	ഉപാപചയ സംബന്ധം Metabolic diseases	-	-								
4.	ത്വക് രോഗങ്ങൾ Skin diseases	4117	118	2511	1411						
5.	ധാതുലവണങ്ങളുടെ അഭാവം Deficiency diseases	3200	111								
6.	പരാദരോഗങ്ങൾ Parasitic diseases	1121	5427	425	542	125					
7.	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders	7211	112	127		85					
8.	വന്ധ്യത Infertility	182	17	22							
9.	അകിടുവീക്കം Mastitis	1217	18	118	-						
10.	മുടന്തൻ പനി Ephemeral Fever	7215	118	181							
11.	പകർച്ച വ്യാധികൾ contagion diseases	2125	15	127	15						

രാജാക്കാട് ഗ്രാമപഞ്ചായത്ത്
4.4 പേ വിഷബാധ - പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം	Nil	Nil	Nil	121	12	2
കടിയേറ്റതിനു ശേഷം കുത്തിവെയ്പു നടത്തിയവരുടെ എണ്ണം	Nil	Nil	Nil	Nil	Nil	

രാജാക്കാട് ഗ്രാമപഞ്ചായതത്
4.5. കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2 ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	4217	4217	2111
കിടാരി	2215	2215	955
എരുമ	175	175	98

രാജാക്കാട് ഗ്രാമപഞ്ചായത്ത്

4.2. വളർത്തുപക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
I	265	465	214	-	-	15
II	426	317	222			7
III	317	445	165			24
IV	214	372	224			14
V	317	476	175			15
VI	245	376	116			26
VII	375	342	75			32
VIII	112	335	96			37

അനുബന്ധം 4

രാജാക്കാട് ഗ്രാമപഞ്ചായത്ത്

4.1 വളർത്തുമൃഗസംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	വംശവർദ്ധനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
1	വളർത്തുമൃഗങ്ങളെ സംബന്ധിച്ചുള്ള ഏറ്റവും പുതിയ സെൻസസ് റിപ്പോർട്ട് ലഭിച്ചിട്ടില്ല													
2														
3														
4														
5														
6														
7														
8														

13.4 ക്ഷീര സഹകരണ സംഘം (ആപ്കോസ് ഉൾപ്പെടെ)

മൊത്തം ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽ തന്നെ വിൽക്കുന്നത്	പുറത്തേക്ക് അയയ്ക്കുന്നത്
ലിറ്റർ	ലിറ്റർ	ലിറ്റർ
1	2	3
2600	550	2050 ലിറ്റർ

മൃഗസംരക്ഷണം

വാർഡ് I

1. 90% കുടുംബങ്ങൾക്കും പശു, എരുമ എന്നീ കറവമാടുകളെ വളർത്തുന്നതിനും ആട്, കോഴി, പന്നി, മുയൽ എന്നിവയെ വളർത്തുന്നതിനും കൂടും തൊഴുത്തും നിർമ്മിക്കുന്നതിന് ആകെ ചെലവിന്റെ 1/3 വായ്പയും സബ്സിഡിയും നൽകുക. പഞ്ചായത്ത് തലത്തിൽ വിദഗ്ധ ഉപദേശം ലഭ്യമാക്കുക. ദരിദ്ര കുടുംബങ്ങൾക്ക് സൗജന്യമായി ലഭിക്കുന്നതിന് പഞ്ചായത്തിന് അധികാരം നൽകുക.

വാർഡ് II

1. മുഴുവൻ കുടുംബങ്ങൾക്കും കറവമാട്, ആട്, കോഴി, പന്നി എന്നിവ ലഭ്യമാക്കുക.
2. തേനീച്ചവളർത്തൽ നടപ്പിലാക്കുക.
3. മിൽമ സൊസൈറ്റി ആരംഭിക്കുക.

വാർഡ് III

1. വാർഡിൽ പാൽ സംഭരണയൂണിറ്റ് വേണം.
2. മൃഗാശുപത്രിയിൽ ചികിത്സ പൂർണ്ണമായും സൗജന്യമാക്കുക.
3. എല്ലാ കുടുംബങ്ങളിലും കറവപ്പശു വളർത്തുവാൻ സഹായം ലഭ്യമാക്കുക.
4. ആട്, കോഴി, മുയൽ, പന്നി ഇവ വളർത്തുന്നതിന് ലോൺ നൽകുക.
5. കുളം നിർമ്മിക്കുന്നതിനും മത്സ്യകൃഷിക്കും ലോൺ ലഭ്യമാക്കുകയും പൊൻമുടി ഡാം മത്സ്യം വളർത്തുന്നതിന് ഉപയോഗപ്പെടുത്തുക.
6. മത്സ്യം വളർത്തലുമായി ബന്ധപ്പെട്ട് സഹകരണസംഘം രൂപീകരിക്കുക.
7. കാലിതൊഴുത്ത് ബയോഗ്യാസ് പ്ലാന്റ് ഇവയ്ക്ക് ഉപാധികളില്ലാതെ ലോൺ ലഭ്യമാക്കുക.
8. പന്നിവളർത്തൽ ഘട്ടംഘട്ടമായി എല്ലാ കുടുംബങ്ങളിലും നടപ്പാക്കുക.

വാർഡ് IV

1. അത്യുത്പാദനശേഷിയുള്ള കന്നുകാലികളെ ലഭ്യമാക്കുക. ബാങ്കുകൾ മുഖേന വായ്പകൾ ലഭ്യമാക്കുക
2. ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് കൃഷിക്കാർക്ക് സഹായം ലഭ്യമാക്കുക.

3. പന്നിയാർ കൂട്ടിയിൽ പ്രവർത്തിക്കുന്ന I.C.D.P. സെന്റർ മൃഗാശുപത്രി ആയി ഉയർത്തുക.
4. കോഴി - പന്നി ഫാമുകൾ ആരംഭിക്കുക.

വാർഡ് V

1. പന്നിയാർകൂട്ടിയിൽ പ്രവർത്തിക്കുന്ന വെറ്റിനറി സബ് സെന്റർ മൃഗാശുപത്രി ആയി ഉയർത്തി മെച്ചപ്പെട്ട ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുക.
2. കറവമാടുകളെ വാങ്ങുന്നതിനും തൊഴുത്തു നിർമ്മിക്കുന്നതിനും സബ്സിഡിയോടുകൂടി വായ്പ ലഭ്യമാക്കുക.
3. പാലിന് ന്യായവില ഉറപ്പാക്കുക.
4. പഞ്ചായത്ത് തലത്തിൽ കാലിതീറ്റ ഫാക്ടറി സ്ഥാപിക്കുക.
5. ആട്, കോഴി, പന്നി, മുയൽ, പശു എന്നിവയെ പഞ്ചായത്ത് തലത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുകയും പരിശീലനവും വായ്പയും ലഭ്യമാക്കുക.
6. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സബ്സിഡി 90% ആയി ഉയർത്തുക.
7. മാംസസംസ്കരണം, പാൽസംസ്കരണം എന്നിവയ്ക്ക് ഫാക്ടറികൾ സ്ഥാപിക്കുകയും തീറ്റപുൽകൃഷിക്ക് ധനസഹായം നൽകുകയും കാലികളെ നനയ്ക്കുന്നതിന് പ്രത്യേക കടവുകൾ ഉണ്ടാക്കുക.

വാർഡ് VI

1. വെള്ളത്തിന്റെ ലഭ്യതയനുസരിച്ച് വിവിധ ഭാഗങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.
2. അത്യുല്പാദനശേഷിയുള്ള കന്നുകാലികളെ ഉല്പാദിപ്പിക്കുന്നതിന് വായ്പയും സബ്സിഡിയും ഏർപ്പെടുത്തുക.
3. വളർത്തുമൃഗങ്ങൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുക.
4. മത്സ്യ, മൃഗ ഉല്പന്നങ്ങൾ വിൽക്കുകയും വാങ്ങുകയും ചെയ്യുന്നതിന് സിവിൽ സപ്ലൈസ് വിപണനകേന്ദ്രം ആരംഭിക്കുക.
5. കോഴി, പന്നി, പശു എന്നിവയുടെ പരിപാലനം ശാസ്ത്രീയമായി ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുക.
6. ഗുണമേന്മയുള്ള കാലിതീറ്റയും കോഴിതീറ്റയും പഞ്ചായത്ത് തലത്തിൽ വിപണനം ചെയ്യുക.
7. മൃഗസംരക്ഷണത്തെകുറിച്ച് ബോധവത്കരണം നടത്തുക.
8. രണ്ടു കേന്ദ്രങ്ങളിൽ വിത്തുകാളകളെ വളർത്തുവാൻ സംവിധാനം ഉണ്ടാക്കുക.
9. സഹകരണഅടിസ്ഥാനത്തിൽ ആട് ഫാം ആരംഭിക്കുക.

വാർഡ് VII

1. ഉല്പാദനശേഷിയുള്ള കറവപ്പശുക്കളെ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
2. തൊഴുത്ത് നിർമ്മാണം തീറ്റപുൽകൃഷി ഇവയ്ക്കാവശ്യമായ ധനസഹായം ലഭ്യമാക്കുക. K.L.D.M.M. ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.
3. ക്ഷീരോൽപാദനസഹകരണസംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും കനകപ്പുഴ ഭാഗത്ത് പാൽ സംഭരണകേന്ദ്രം തുറക്കണം.

4. മൃഗാശുപത്രി മുഖേനയുള്ള ആനുകൂല്യം യഥാസമയം ലഭ്യമാക്കണം.
5. വീട്ടമ്മമാർക്ക് ആട്, കോഴി, പന്നി, മുയൽ എന്നിവയെ വളർത്താൻ അടിസ്ഥാനസൗകര്യങ്ങൾ ചെയ്തുകൊടുക്കുക.
6. മത്സ്യം വളർത്തലുമായി ബന്ധപ്പെട്ട് സഹകരണസംഘം രൂപീകരിച്ച് അതുവഴി ലോണുകൾ നൽകി പ്രോത്സാഹിപ്പിക്കുക.

വാർഡ് VIII

1. വ്യക്തികൾക്ക് സ്വയം തൊഴിലിനു വേണ്ടി ആട്, മാട്, കോഴി, മുയൽ തുടങ്ങി വളർത്തു മൃഗങ്ങളെ വാങ്ങുവാൻ സാമ്പത്തിക സഹായം ലഭ്യമാക്കുക.
2. മത്സ്യകൃഷികൾക്ക് ലോൺ ലഭ്യമാക്കുകയും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് മാർക്കറ്റുകൾ തുടങ്ങുക.



രാജാക്കാട് - അടിമാലി റോഡിൽ

ചേലച്ചുവട് - കുളത്രക്കുഴി പന്നിയാർകുട്ടിവരെയുള്ള റോഡിന്റെ ഉത്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എം.എം. തോമസ് നിർവ്വഹിക്കുന്നു.

5-3 വ്യവസായം

നമ്മുടെ പഞ്ചായത്തിന്റെ വ്യാവസായിക ചരിത്രത്തിന് കുടിയേറ്റത്തോളം പഴക്കമുണ്ട്. കൃഷിയോടൊപ്പം, ചെറുകിട വ്യവസായങ്ങളും ആരംഭിച്ചിരുന്നു. കാർഷികവിളകളായ ഇഞ്ചിപ്പുല്ല്, രാമച്ചം, കരിമ്പ് മുതലായവ വിളയിച്ച് സംസ്കരിക്കുന്നതിനായി കർഷകർ സംയോജിപ്പിച്ച് നടത്തിയിരുന്ന സംസ്കരണ യൂണിറ്റുകൾ മുൻപ് നിലനിന്നിരുന്നു. എന്നാൽ നാണ്യവിളകളുടെ ഉത്പാദനത്തിലുണ്ടായ മാന്ദ്യവും, വിപണിയിലെ വിലത്തകർച്ചയും മൂലം ഇത്തരം വ്യവസായങ്ങൾ കാലക്രമേണ നിന്നുപോവുകയാണുണ്ടായത്.

പരമ്പരാഗത കുടിൽ വ്യവസായങ്ങളായ പപ്പടനിർമ്മാണവും, മധുരപലഹാരനിർമ്മാണവും ശുഷ്കമായ രീതിയിലാണെങ്കിലും നടന്നുവരുന്നു.

സിമന്റിഷ്ടിക, ഹോളോബ്രിക്സ്, മെഴുകുതിരി, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, ബേക്കറി, കന്നുകാലിത്തീറ്റ, റെഡിമേയ്ഡ്, ഫർണിച്ചർ എന്നിവ നിർമ്മിക്കുന്ന 15-ൽ താഴെ ചെറുകിട വ്യവസായ യൂണിറ്റുകൾ നിലവിലുണ്ട്. SSI രജിസ്ട്രേഷനുള്ള ഫ്ലവറിംഗ് മില്ലുകളും നിലവിൽ ഉണ്ട്. ഖാദിബോർഡിന്റെ മാരാർസിറ്റിയിലുള്ള കൈത്തറി നെയ്ത്തു കേന്ദ്രം പ്രവർത്തിക്കാതായിട്ട് വർഷങ്ങൾ പലതായി.

പഞ്ചായത്തിലെ പ്രധാന നാണ്യവിളകളായ ഏലം, ചുക്ക്, കുരുമുളക് ഇവ സംസ്കരിക്കുന്നതിന് വ്യവസായ യൂണിറ്റുകൾ രൂപീകരിക്കാവുന്നതാണ്.

തടിവ്യവസായത്തിന് ഏറെ സാധ്യതകളാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. എന്നാൽ കേന്ദ്രഗവൺമെന്റിന്റെ വനപരിപാലനനിയമം മൂലം തടിമില്ലുകൾ പോലും പഞ്ചായത്തതിർത്തിയിൽ സ്ഥാപിക്കുവാൻ സാധ്യമല്ല എന്ന സ്ഥിതിയാണുള്ളത്.

സാങ്കേതിക വൈദഗ്ധ്യം ലഭിച്ചവരുടെ അഭാവവും, രൂക്ഷമായ വൈദ്യുതപ്രശ്നങ്ങളും, താറുമാറായ റോഡുകളും മൂലധനക്കമ്മിയും നമ്മുടെ പഞ്ചായത്തിന്റെ വ്യാവസായികവളർച്ചക്ക് വിലങ്ങുതടിയായി നിൽക്കുന്ന ഘടകങ്ങളാണ്.

പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യവസായ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ

1. വ്യവസായ സംരംഭകർക്ക് പഞ്ചായത്തുതലത്തിൽ ആവശ്യമായ പരിശീലനം നല്കുകയും, ശില്പശാലകളും, സെമിനാറുകളും സംഘടിപ്പിക്കുകയും ചെയ്യുക.
2. വ്യവസായ സംരംഭകർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പാസൗകര്യം ലളിതമാക്കുക.
3. വ്യവസായ സംരംഭകർക്ക് ആവശ്യമായ മൂലധനം ബന്ധപ്പെട്ട വകുപ്പിൽ നിന്നും പഞ്ചായത്തുവഴി നല്കുക.
4. കൃഷി അധിഷ്ഠിത വ്യവസായങ്ങൾക്ക് മുൻഗണന നല്കുക.
5. ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും, നിലവിലുള്ളവ പുനരുദ്ധരിക്കുകയും ചെയ്യുക.
6. കുടിൽ വ്യവസായങ്ങളെപ്രോത്സാഹിപ്പിക്കുന്നതിന് ഖാദിബോർഡിൽ നിന്നും ഖാദികമ്മീഷനിൽ നിന്നും ലഭിക്കുന്ന വായ്പയുടെ പലിശനിരക്ക് 4% ആയി നിജപ്പെടുത്തുക.
7. വ്യവസായശാലകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് മുൻഗണന നല്കുക.
8. മമ്മട്ടിക്കാനുള്ള കൈത്തറി നെയ്ത്തു

കേന്ദ്രം പുനർജീവിപ്പിക്കുക.

9. ജില്ലാതലത്തിൽ വ്യവസായസംരംഭകർക്കുവേണ്ടി ഒരു സ്ഥിരം പരിശീലനകേന്ദ്രം ആരംഭിക്കുകയും, ഇതിലേക്കുള്ള പ്രവേശനം പഞ്ചായത്തുമുഖേന ആക്കുകയും ചെയ്യുക.

10. വ്യവസായസ്ഥാപനങ്ങൾക്ക് അനുഭവപ്പെടാറുള്ള ജലദൗർലഭ്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

11. കാർഷികവിഭവങ്ങൾ വിറ്റഴിക്കുന്നതിന് രാജാക്കാട് ടൗണിൽ ഒരു പൊതുപഞ്ചായത്തുമാർക്കറ്റ് സ്ഥാപിക്കുന്നതിനും, ആഴ്ചയിൽ ഒരുദിവസം ചന്തദിവസമായി പ്രഖ്യാപിക്കുകയും ചെയ്യുക.

12. വ്യവസായം തുടങ്ങുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കണമെങ്കിൽ മതിയായ (പട്ടയവസ്തു) ഈടു നല്കണമെന്നാണ് നിലവിലുള്ള വ്യവസ്ഥ. എന്നാൽ രാജാക്കാട് മേഖലയിൽ പട്ടയം ബഹുഭൂരിപക്ഷം ആളുകൾക്കും ലഭിച്ചിട്ടില്ല. അതുകൊണ്ട് പട്ടയം ഇല്ലാത്തവർക്കും വ്യവസായ ലോൺ ലഭ്യമാക്കണം.

വാർഡ് 1

1. സിമന്റുകട്ട ചുടുകട്ട ഫർണിച്ചർ എന്നിവക്ക് പട്ടയം കൂടാതെ സാമ്പത്തിക സഹായം ലഭ്യമാക്കുക.

2. വിവിധ കരിപൗഡറുകളുടെ നിർമ്മാണത്തിനാവശ്യമായ യന്ത്രസാമഗ്രികൾ ലഭ്യമാക്കുക.

3. വനിതകൾക്ക് വേണ്ടി ഒരു തയ്യൽ സംഘം ആരംഭിക്കുക.

4. കുടിൽ വ്യവസായങ്ങൾക്ക് ഖാദിബോർഡിൽ നിന്നും സഹായം ലഭ്യമാക്കുക.

5. ചിപ്സ് നിർമ്മാണത്തിനാവശ്യമായ യന്ത്രസാമഗ്രികൾ പഞ്ചായത്തുവഴി നടക്കുക.

വാർഡ് 2

1. മാരാർ സിറ്റിയിലുള്ള ഖാദിബോർഡു ബിൽഡിംങ്ങിൽ ചെറുകിട വ്യവസായയൂണിറ്റ് ആരംഭിക്കുക.

2. മെഴുകുതിരി നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രങ്ങൾ സാമ്പ്രാണി നിർമ്മാണം എന്നിവക്ക് യൂണിറ്റ് ആരംഭിക്കുക.

3. ഫർണിച്ചർ മാർട്ടുകൾ തുടങ്ങുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കുക.

4. കുരിശുംപടി ഭാഗത്ത് കരിങ്കൽ ക്വാറി തുടങ്ങുക.

5. കരിപൗഡർ അച്ചാർ, യൂണിറ്റാരംഭിക്കുക.

6. പഞ്ചായത്ത് മുൻ കൈയെടുത്ത് ഒരു ഗാർമെന്റ് യൂണിറ്റ് മാരാർ സിറ്റിയിൽ ആരംഭിക്കുക.

വാർഡ് 3

1. സഹകരണാടിസ്ഥാനത്തിൽ വാർഡിൽ സിമന്റ്, ഇഷ്ടിക, ബ്ലോക്ക്, റെഡിമെയ്ഡ് വസ്ത്രം എന്നിവ നിർമ്മിക്കുക. യൂണിറ്റുകൾ തുടങ്ങുക

2. വീട് അടിസ്ഥാനത്തിൽ തേനീച്ച വളർത്തൽ, പന്നി, കോഴി വളർത്തൽ നോട്ടുബുക്ക്, റബർ ബാൻഡ്, മെഴുകുതിരി, മിക്ചർ, പപ്പടം ഇവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ തുടങ്ങുക.

വാർഡ് 4

1. സഹകരണാടിസ്ഥാനത്തിൽ സ്ത്രീകൾക്കായി കറിപൗഡർ, വസ്ത്ര നിർമ്മാണം എന്നിവക്ക് യൂണിറ്റാരംഭിക്കുക.
2. Hollow Bricks യൂണിറ്റാരംഭിക്കുക.

വാർഡ് 5

1. തടി വ്യവസായത്തിനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക.
2. ക്ഷീരസംസ്കരണഫാക്ടറി തുടങ്ങുക.
3. കാലിത്തീറ്റ ഫാക്ടറി തുടങ്ങുക.
4. സ്ത്രീകൾക്കായി തയ്യൽ, പൂച്ചെണ്ട്, കളിപ്പാട്ടം, കരകൗശലവസ്തുക്കൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റാരംഭിക്കുക.
5. ജൈവവള നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക.
6. ഈ പ്രദേശത്തു ലഭ്യമായ ചകിരി ഉപയോഗിച്ച് കയർ നിർമ്മിക്കുന്നതിനുള്ള ഒരു ചെറുകിട യൂണിറ്റാരംഭിക്കുക.

വാർഡ് 6

1. ഏലം, കുരുമുളക്, ചുക്ക്, അടയ്ക്ക എന്നിവ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുക.
2. തീപ്പെട്ടി, പവർലൂം, കാലിത്തീറ്റ, ബുക്ക് ബയന്റിങ്ങ്, പ്രിന്റിങ് എന്നിവക്കുള്ള ചെറുകിട യൂണിറ്റ് ആരംഭിക്കുക.
3. ആയുർവ്വേദ ഔഷധ നിർമ്മാണ യൂണിറ്റു തുടങ്ങുക.
4. ചിപ്സ്, അച്ചാറുകൾ എന്നിവയുടെ നിർമ്മാണ യൂണിറ്റാരംഭിക്കുക.

വാർഡ് 7

1. പാൽ ഉൽപ്പന്നം, ചിപ്സ്, അച്ചാറുകൾ, റെഡിമെയ്ഡ് വസ്ത്രം, തീപ്പട്ടി, മെഴുകുതിരി, ചന്ദനത്തിരി എന്നിവ നിർമ്മിക്കുന്നതിന് യൂണിറ്റാരംഭിക്കുക.

വാർഡ് 8

1. കുരുമുളക്, ഏലം, ചുക്ക് എന്നിവയുടെ സത്ത് എടുക്കുന്ന ഫാക്ടറി സ്ഥാപിക്കുക.
2. പഴം, പച്ചക്കറി സംസ്കരണം, അച്ചാറുകൾ, ചിപ്സ് എന്നിവ സഹകരണാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്ന യൂണിറ്റാരംഭിക്കുക.
3. Saw Mill, മെഴുകുതിരി, തീപ്പട്ടി, ചുടുകട്ട, ഹോളോ ബ്രിക്സ് എന്നിവ നിർമ്മാണ യൂണിറ്റാരംഭിക്കുക.

5-4 വിദ്യാഭ്യാസം

രാജാക്കാട് ഗ്രാമപഞ്ചായത്തിൽ വ്യാപകമായി ജനങ്ങൾ താമസമാരംഭിച്ചിട്ട് അര നൂറ്റാണ്ടിലേറെയാകുന്നു. ജനങ്ങളിലേറെയും അടിസ്ഥാന വിദ്യാഭ്യാസം ലഭിച്ചവരാണെങ്കിലും ഉന്നതവിദ്യാഭ്യാസത്തിന്റെയും സാങ്കേതിക വിദ്യാഭ്യാസത്തിന്റെയും കാര്യത്തിൽ നമ്മൾ വളരെ പിന്നോക്കമാണ്. ഉന്നത വിദ്യാഭ്യാസം നേടുന്നതിനായി 200ൽ പരം കിലോമീറ്റർ ദൂരെ പോയി താമസിച്ചു പഠിക്കേണ്ട സ്ഥിതി നിലനിൽക്കുന്നു. കർഷകരിൽ 90% വും പാവപ്പെട്ടവരായതിനാൽ സാമ്പത്തികപരാധീനതകൾ മൂലം അവരുടെ കുട്ടികൾക്ക് SSLC ക്ക് മേൽ പഠിക്കാൻ സാധിക്കാതെ വരുന്നു. സാക്ഷരതാ പ്രവർത്തനങ്ങൾ മൂലം ഒരു വിഭാഗം ആളുകളെ എഴുതാനും വായിക്കാനും പ്രാപ്തിയുള്ളവരാക്കി മാറ്റിയെങ്കിലും അവരെ തുടർന്ന് വിദ്യാഭ്യാസം ചെയ്യിക്കാത്തതിനാൽ പഴയ സ്ഥിതിയിലേക്ക് മടങ്ങിപ്പോയിക്കൊണ്ടിരിക്കുകയാണ്.

ഈ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പ്രധാനമായും താഴെപ്പറയുന്നവയാണ്.

1. പാഠപുസ്തകങ്ങൾ യഥാസമയം കുട്ടികൾക്ക് ലഭിക്കുന്നില്ല
2. കുട്ടികളുടെ കലാ-കായിക കഴിവുകൾ വികസിപ്പിക്കുവാൻ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല.
3. ആവശ്യത്തിന് അദ്ധ്യാപകർ മിക്ക സ്ക്കൂളുകളിലുമില്ല.
4. വിദ്യാർത്ഥികളിൽ പോഷകാഹാരക്കുറവും അതുമൂലമുള്ള പ്രശ്നങ്ങളും നിലനിൽക്കുന്നു.
5. നമ്മുടെ പഞ്ചായത്തിൽ ഉന്നതവിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനുമുള്ള സൗകര്യങ്ങളില്ല.
6. മാറുന്ന സിലബസനുസരിച്ച് അദ്ധ്യാപകർക്ക് വേണ്ടത്ര പരിശീലനം ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജും B.Ed സെന്ററും, I.T.I യും സ്ഥാപിക്കണം
2. സ്ക്കൂളുകളിലെ ശുദ്ധജലവിതരണവും, സാനിട്ടേഷൻ സൗകര്യങ്ങളും മെച്ചപ്പെടുത്തണം
3. രാജാക്കാട് കേന്ദ്രമാക്കി ഒരു ജൂനിയർ ടെക്നിക്കൽ ഹൈസ്ക്കൂൾ സ്ഥാപിക്കുക
4. പഴയവിടുതി ഗവ. സ്ക്കൂളിന്റെ ശോചനീയാവസ്ഥകൾ പരിഹരിക്കുകയും, ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.
5. പന്നിയാർകൂട്ടി, St.മേരീസ് യു.പി സ്ക്കൂൾ ഹൈസ്ക്കൂളാക്കി ഉയർത്തണം.
6. കൊച്ചുമുല്ലക്കാനത്ത് L.P. സ്ക്കൂൾ അനുവദിക്കുക
7. T.G.M.T സെന്ററിന് കെട്ടിടം പണിയുക
8. നിലവിലുള്ള ഗവ. ഹൈസ്ക്കൂളിൽ V.H.S.C, ആരംഭിക്കണം.
9. മഹാത്മാഗാന്ധിയൂണിവേഴ്സിറ്റിയുടെ ഇൻഫർമേഷൻ സെന്ററും, പരീക്ഷാകേന്ദ്രവും രാജാക്കാട്ടിൽ ആരംഭിക്കണം.
10. സാക്ഷരതാപ്രവർത്തനം പുനരാരംഭിക്കണം

11. രാജാക്കാട് പഞ്ചായത്തിൽപ്പെട്ട ഹൈസ്ക്കൂളുകളിൽനിന്നും ഡിസ്റ്റിംഗ്ഷനോടുകൂടി പാസ്സാകുന്ന കുട്ടികളെ ഗവൺമെന്റ് ഏറ്റെടുത്ത് പഠിപ്പിക്കണം.
12. സ്ക്കൂളുകളിൽ ഉച്ചഭക്ഷണത്തോടൊപ്പം പോഷകാഹാരങ്ങളും വിതരണം ചെയ്യുക.
13. 7-ാം സ്റ്റാൻഡേർഡ് വരെയുള്ള കുട്ടികൾക്ക് പഠനോപകരണങ്ങൾ സൗജന്യമായി നൽകുക
14. കുട്ടികളെ വഴിതെറ്റിക്കുന്ന അശ്ലീല പോസ്റ്ററുകൾ നിരോധിക്കണം.
15. യഥാസമയം കുട്ടികൾക്ക് പാഠപുസ്തകം ലഭ്യമാക്കുക.
16. അദ്ധ്യാപകർക്ക് സിലബസ് പരിഷ്ക്കരണത്തോടൊപ്പം റിഫ്രഷ്മെന്റ് കോഴ്സ് നൽകുക
17. ആവശ്യമായ അദ്ധ്യാപകരെ, ഒഴിവുള്ളയിടങ്ങളിൽ യഥാസമയം നിയമിക്കുക
18. രാജാക്കാട് ഗവ.ഹൈസ്ക്കൂൾ, N.R സിറ്റി SNV HS, പഴയവിടുതി ഗവ. യു.പി.എസ്, പന്നിയാർകുട്ടി സെന്റ് മേരീസ് എന്നീ സ്ക്കൂളുകളിൽ നിലവിലുള്ള കളിസ്ഥലങ്ങളും കായികബോധന ഉപകരണങ്ങളും മെച്ചപ്പെടുത്തുക.

പഴയവിടുതി ലക്ഷംവീട് - പന്നിയാർ റോഡിന്റെ നിർമ്മാണോത്ഘാടനം

ക്രോഡീകരിച്ചത്

രാജാക്കാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ക്കൂളുകളെ സംബന്ധിച്ച ക്രോഡീകരിച്ച ലിസ്റ്റ്

അനുബന്ധം-9- 1

Rajakkad ഗ്രാമപഞ്ചായത്ത് **9.1** കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്ക്കൂളിന്റെ പേര്

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/STകുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						
							SC/STകുട്ടികൾ			മറ്റുള്ളവർ			SC/STകുട്ടികൾ			മറ്റുള്ളവർ			പഠനംനിർത്തിയവരുടെ മൊത്തംഎണ്ണം
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	151	149	300	4	4	8	-	-	-	-	-	-	-	-	-	-	-	-	-
ii	154	165	319	8	4	12	-	-	-	12	3	15	-	-	-	1	-	1	1
iii	165	171	336	7	7	14	1	-	1	17	5	22	-	-	-	2	-	2	2
iv	177	179	356	9	8	17	1	-	1	16	11	27	1	-	1	1	1	2	3
v	215	228	443	7	7	14	3	2	5	25	15	40	1	-	1	2	-	2	3
vi	223	229	452	3	9	12	1	3	4	31	10	41	1	-	1	1	2	3	4
vii	276	207	483	8	6	14	1	1	2	53	20	73	1	1	2	2	1	3	5
viii	321	280	601	12	6	18	1	2	3	55	33	88	-	1	1	10	4	14	15
ix	229	256	485	2	13	15	-	1	1	33	45	78	-	-	-	7	7	14	14
x	176	190	366	5	2	7	-	-	-	-	-	-	-	-	-	-	2	2	2
ആകെ	2087	2054	4141	65	66	131	8	9	17	242	142	384	4	2	6	26	17	43	49

1.7. വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

Ref. A.V.G

വാർഡ്	സ്ക്കൂളുകളുടെ എണ്ണം																		സാങ്കേതിക വിദ്യാലയങ്ങൾ (ഏതെന്ന് ബ്രായ്ക്കറ്റിൽ)			കോളേജുകൾ			പാരലൽ കോളേജ്		
	H.S.S / H.S					U.P.S					L.P.S					നഴ്സറി												
	സർക്കാർ	എയിഡഡ്	അൺ. എയിഡഡ്	മറ്റുള്ളവ	ആകെ	സർക്കാർ	എയിഡഡ്	അൺ. എയിഡഡ്	മറ്റുള്ളവ	ആകെ	സർക്കാർ	എയിഡഡ്	അൺ. എയിഡഡ്	മറ്റുള്ളവ	ആകെ	സർക്കാർ	പ്രൈവറ്റ്	സ്പോൺസേർഡ്	ആകെ	സർക്കാർ	സ്പോൺസേർഡ്	ആകെ	സർക്കാർ	സ്പോൺസേർഡ്	ആകെ	സർക്കാർ സ്പോൺസേർഡ്	സർക്കാർ സ്പോൺസേർഡ് അല്ലാത്തവ	സർക്കാർ സ്പോൺസേർഡ്
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25	26	27	28	29
I	-	-	-	-	-	1	-	-	-	1	1	-	-	-	1	2	-	1	3									
II	-	-	-	-	-	-	-	-	-	-	-	-	-	-	-	2	-	-	2	-	-	-	-	-	-	-	-	-
III	-	-	-	-	-	-	-	-	-	-	-	-	-	-	-	2	-	1	3	-	-	-	-	-	-	-	-	-
IV	-	-	-	-	-	-	-	-	-	-	-	-	-	-		2	-	-	2	-	-	-	-	-	-	-	-	-
V							1	-	-	1	-	1	-	-	1	3	-	1	4	-	-	-	-	-	-	-	-	-
VI		1					1			1		1			1	4	-	1	4	1				-	1		1	
VII																2	-	-	2									
VIII	1				1	1					1					2	-	-	2								1	
ആകെ																												

9.4 അക്കാദമിക് സൗകര്യങ്ങൾ

സ്ക്കൂളിന്റെ പേര്				ദൃശ്യ- ശ്രാവ്യ ഉപകരണങ്ങൾ-എണ്ണം								ബ്ലാക്ക് ബോർഡ്						
	ലൈബ്രറി ഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല	ലാബോറട്ടറി/സയൻസ്കോർണർ ഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല	പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ഇല്ല	റേഡിയോ	ടേപ്പ് റെക്കോർഡർ	ടി.വി. സെറ്റ്	വി.സി.ആർ / വി.സി.പി	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓവർ ഹെഡ്പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്	95-96ൽ ലഭിച്ച അദ്ധ്യയന ദിവസം	സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ	പ്രത്യേക പ്രത്യേ അവധികളിലൂടെ നഷ്ടമായ അദ്ധ്യയന ദിനങ്ങളുടെ എണ്ണം	മാതൃസംഗമം സജീവം/ സജീവമല്ല	ക്ലാസ്റും പി.ടി.എ കൾ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19
Govt. H.S Rajakkad	ഉണ്ട്	ഉണ്ട്	വേണ്ടത്ര ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	25	20	195	5	2	സജീവം	പ്രവർത്തിക്കുന്നില്ല
Govt.U.P.S Pazhayaviduthy	ഉണ്ട്	ഉണ്ട്	do	ഇല്ല	ഇല്ല	"	"	ഇല്ല	ഇല്ല	"	ഇല്ല	11	14	195	-	-	സജീവം	പ്രവർത്തിക്കുന്നു
S.N.V. H.S. N.R City	ഉണ്ട്	ഉണ്ട്	do	"	"	"	"	"	"	"	"	43	43	193	ഇല്ല	5	സജീവം	"
St. Mary's L.P.S കൊള്ളിമല	ഉണ്ട്	ഇല്ല	do	"	"	"	"	"	"	"	"	14	14	198	ഇല്ല	2	സജീവം	"

9.5. അക്കാദമിക് നിലവാരം

സ്ക്കൂളിന്റെ പേര്:

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതുനിലവാരം					SSLC വിജയശതമാനം				
		30% താഴെ കുട്ടികൾ	30 - 40 മാർക്ക് നേടുന്നവർ	40 - 50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60% ത്തിൽ ശതമാനം നേടുന്നവർ	91-92 കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
1	2	3	4	5	6	7	8	9	10	11	12
3	284	42	81	56	60	86					
4	267	36	65	42	47	121					
5	392	56	105	108	82	67					
6	387	78	133	78	90	67					
7	406	60	124	134	72	63					
8	601	52	151	158	130	85					
9	485	31	106	165	103	80					
10	391	40	90	108	86	72					
SSLC പരീക്ഷ എഴുതുന്നവർ	392	40	90	112	91	12	138	134	153	133	140

9.6 കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിക്കുന്ന വിവരം

സ്ക്കൂളിന്റെ പേര്	ഇന വിവരം	ജില്ലാതലത്തിൽ			സംസ്ഥാനതലത്തിൽ			ദേശീയതലത്തിൽ		
		ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ
1	2	3	4	5	6	7	8	9	10	11
G.H.S. Rajakkad	Sports	5	7	12	-	3	3	-	2	2
Govt.U.P.S Pazhayaviduthy	ബാലകലോത്സവം	1	-	-	-	-	-	-	-	-
St. Mary's U.P.S, Kollimala	-	-	-	-	-	-	-	-	-	-
S.N.V H.S. N.R City	sports	14	16	30	1	1	2	-	-	-

1.8 അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

Ref. A.V.F.G

സ്ക്കൂളുകൾ	അദ്ധ്യാപകർ			വിദ്യാർത്ഥികൾ			മറ്റ് സൗകര്യങ്ങൾ			
							കെട്ടിടം		ഫർണിച്ചർ	
	ആണ്	പെണ്ണ്	ആകെ	ആണ്	പെണ്ണ്	ആകെ	വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ	വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ
1	2	3	4	5	6	7	8	9	10	11
H.S	17	25	42	726	726	1452	2	Nil	1	1
U.P.S	12	41	53	714	664	1378	3	1	1	3
L.P.S	4	16	20	647	664	1311	4	2	4	2
Pre-primary	-	1	1							
ആകെ	33	83	116	2087	2054	4141	9	3	6	6

വിദ്യാഭ്യാസ ആവശ്യത്തിന് പഞ്ചായത്ത് ചെലവഴിച്ച തുക : Nil
മൊത്തം ചെലവിന്റെ എത്ര ശതമാനം (1995-96)

9.7 സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	മെറിറ്റ് സ്ക്കോളർഷിപ്പ്	ലംസംഗ്രാന്റ്	മുസ്ലീംപെൺകുട്ടികളുടെ സ്ക്കോളർഷിപ്പ്	വികലാംഗ സ്ക്കോളർഷിപ്പ്	ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം	ബീഡിതൊഴിലാളി സ്ക്കോളർഷിപ്പ്	മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്ക്കോളർഷിപ്പ്	മറ്റുള്ളവ (വ്യക്തമാക്കുക)
1	2	3	4	5	6	7	8	9	10
1	G.H.S Rajakkad	5	17133	500	-	-	-	-	L.S.S No.1 U.S.S No.6 410/
2	Govt. U.P.S Pazhayaviduthy	1	200	8	2	-	-	-	-
3	S.N.V.H.S. N.R City	9	19666	550	10700	-	-	-	L.S.S.No 6 U.S.S No. 22 Rs.1060
4	S.N.L.P.S. Rajakkad (Unaided)								
5	St.Mary's U.P.S, Kollimala	3	18	-	3	-	-	-	-
6	Nirmala L.P.S Rajakkad(Unaided)								

9.3 സ്ക്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

സ്ക്കൂളിന്റെ പേര്	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങൾ എണ്ണം			മുറികളുടെ എണ്ണം			ഇനിമുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം	മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ള കക്കൂസിന്റെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല-കിണർ പൈപ്പ്	വൈദ്യുതീകരണം ഉണ്ട്/ഇല്ല	പാചകമുറി	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ മതിയാകുന്നില്ല	ഇനി ആവശ്യമായവയുടെ എണ്ണം				
		സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം												ഡസ്ക്	ബഞ്ച്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
G.H.S Rajakkad	25	5	2	-	17	17	-	-	ഉണ്ട്	2	10	2	2	1	yes	yes	താൽക്കാലികം	ഉണ്ട്	മതിയാകുന്നില്ല	150	120	4	5	2അലമാരകൾ
Govt. U.P.S Pazhayaviduthy	11	2				20				3	ഉപയോഗശൂന്യം	2	2	1	കിണർ	ഉണ്ട്	ഇല്ല	ഉണ്ട്	മതിയാകും.					
S.N.V.HS N.R City	43	7	2	-	50	2	-	5	ഉണ്ട്	4	20	4	2	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	242	242	70	70	6 അലമാര
St. Mary's U.P.S. Kollimala	11	3	1	-	5	10	-	-	-	2	10	-	3	1	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	തികയുന്നില്ല	10	10	2	2	1
S.N.L.P.S Rajakkad (unaided)	4	1	ഇല്ല	ഇല്ല	4	ഇല്ല	ഇല്ല	3	1	1	15	1	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	തികയുന്നില്ല	വേണ്ട	10	3	5	3 കസേര 1 അലമാര
Nirmala L.P.S Rajakkad (unaided)																								

9.8. ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തനസ്വഭാവമുള്ളത്)

സ്ക്കൂളിന്റെ പേര്	ചെലവ്								വരവ് A			വരവ് B				മൊത്തം ചെലവ്
	കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്ക്	ഉപകരണങ്ങൾ/ഫർണിച്ചറുകൾ അറ്റകുറ്റപണികൾക്ക്	ഇലക്ട്രിസിറ്റി ചാർജ്ജുകൾ ഉപയോഗത്തിനുള്ള സാധനങ്ങൾ	സ്പോർട്സ്	കലാ-വിനോദങ്ങൾക്ക്	ലൈബ്രറികൾക്ക്	ഉച്ചക്കഞ്ഞിക്ക്	മറ്റിനങ്ങൾക്ക്	സർക്കാർ	തദ്ദേശസ്ഥാപനങ്ങൾ	ആകെ	ഫീസിനത്തിൽ	എൻഡോവ്മെന്റ്	പി.ടി.എ. ഫണ്ട്	മറ്റുള്ളവ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
Govt.H.S. Rajakkad		1850	850	5000	6500	1600	9707	110386/25	-	-	-	6914	-	112178	8000	120178
Govt. U.P.S Pazhayaviduthy		15000	5000	2000	1500	4500	7000	-	3500	-	3500	702.50	-	3000	-	3702.70
S.N.V.HS.N.R City	15000	4000	2000	2000	7500	2000	13000	5000	10000	-	10000	16400	-	30000	12100	68500
S.N.V.L.P.S. Rajakkad	2000	500	-	-	-	-	-	-	-	-	-	-	-	-	-	-
St.mary's U.P.S Kollimala	-	-	-	-	-	-	-	-	-	-	-	-	-	-	-	-

9.2- സ്ക്കൂളിന്റെ പൊതുവിവരം

1	2	3	4	5	6	7	8	9	10	11	12	13	14	15	16
G.H.S. Rajakkad	H.S	സർക്കാർ	-	-	-	497	463	960	23	31	-	3	3.32 ഏക്കർ	2 ഏക്കർ	ചുമരു പൂർത്തിയായിട്ടില്ല
Govt. U.P.S Pazhayaviduthy		U.P		-	-	-	174	175	349	13	13	-	2 Acre 3 സെന്റ്	40 സെന്റ്	ചുറ്റുമതിൽ ഇല്ല കെട്ടിടം അറ്റകുറ്റപണി നടത്തണം ഫർണിച്ചർ റിപ്പയർ ചെയ്യണം
S.N.V.H.S.N.R. City	H.S	-		-	-	1099	1061	2160	58	58	Nil	-	4 ഏക്കർ 2 സെന്റ്	2 ഏക്കർ	ചുറ്റുമതിൽ ആവശ്യം
St.Mary's U.P.S Kollimala	U.P	-	-	-	-	161	179	340	14	14	ഇല്ല	ഇല്ല	1.5 Acre	250Sq. meter	ചുറ്റുമതിൽ ഇല്ല
S.N.L.P.S Rajakkad	LPS					75	77	152	4	4	-	-	1.25 Acre	25 സെന്റ്	ചുറ്റുമതിൽ പൂർത്തിയായിട്ടില്ല
Nirmala L.P.S Rajakkad	LPS					102	95	197	-	8	-	-	-	-	- -

വിദ്യാഭ്യാസം ഗ്രാമസഭാ റിപ്പോർട്ട്

വാർഡ് 1

1. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുക.
2. P.T.A. കമ്മറ്റി യഥാസമയം കൂടുക.
3. കായിക അദ്ധ്യാപകരെ നിയമിക്കുക.
4. സ്കൂളിന്റെ അറ്റകുറ്റപണികൾ യഥാസമയം നടത്തുക.
5. അംഗൻവാടികളിൽ പഠന വിനോദ ഉപകരണങ്ങൾ ലഭ്യമാക്കുക
6. യു.പി. സ്കൂളിലെ തയ്യൽ ടീച്ചർ തസ്തിക പുനസ്ഥാപിക്കുക.
7. സ്കൂളുകളിലെ ശുദ്ധജല വിതരണവും, സാനിട്ടേഷൻ സൗകര്യങ്ങളും കുറ്റമറ്റതാക്കുക.
8. അദ്ധ്യാപക - അദ്ധ്യാപികമാരുടെ അനുപാതം തുല്യമാക്കുക.

വാർഡ് 2

1) രാജാക്കാട് പഞ്ചായത്തിൽ ഒരു കോളേജും ഒരു ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും സ്ഥാപിക്കണം.

2) കുട്ടികൾക്ക് പ്രാഥമികവിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് ആറ് രക്ഷകർത്താക്കളെ വീതം ഗ്രൂപ്പുകളാക്കി തിരിക്കുകയും അവർക്ക് വർഷത്തിൽ രണ്ടു പ്രാവശ്യം ഗവ. പരിശീലനം കൊടുക്കണം

3) തുടർവിദ്യാഭ്യാസം കുട്ടികൾക്കും മുതിർന്നവർക്കും ലഭ്യമാകുന്നതിന് വാർഡിലെ അഭ്യസ്തവിദ്യരുടെ സഹകരണത്തോടെ ഒരു സ്ഥിരം പദ്ധതി ഉണ്ടാക്കണം

4) ഈ വാർഡിലുള്ള ഒരു അംഗൻവാടിക്ക് കെട്ടിടം ഉണ്ടാക്കുകയും പഴയ വിടുതിയിൽ ഒരു അംഗൻവാടി അനുവദിക്കുകയും ചെയ്യണം.

വാർഡ് 3

1) രാജാക്കാട് കേന്ദ്രമാക്കി ആർട്സ് കോളേജ് വേണം

2) അമ്പലക്കവലയിൽ അംഗൻവാടി സ്ഥാപിക്കണം

3) അംഗൻവാടിയിലെ കുട്ടികളുടെ മാനസികവും, ശാരീരികവും, ബുദ്ധിപരവുമായ വളർച്ചക്കാവശ്യമായ പഠനോപാധികളും പോഷകാഹാരവും കൊടുക്കേണ്ടതാണ്.

4) രാജാക്കാട് കേന്ദ്രമാക്കി I.T.I സ്ഥാപിക്കുക

5) സ്ക്കൂൾ കുട്ടികളുടെ പുനർവിദ്യാഭ്യാസത്തിനായി സൗകര്യം ഉണ്ടാക്കണം. ഇതിനായി വാർഡിലെ അഭ്യസ്തവിദ്യരുടെ സേവനവും, പൊതുസ്ഥാപനങ്ങളും ഉപയോഗപ്പെടുത്താവുന്നതാണ്

6) കുട്ടികളെ വഴിതെറ്റിക്കുന്ന പോസ്റ്ററുകൾ നിരോധിക്കണം.

വാർഡ് 4

1. പന്നിയാർകൂട്ടിയിൽ ഒരു ഹൈസ്കൂളും ഒരു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനവും അനുവദിയ്ക്കുക.
2. നിലവിലുള്ള പഠനസൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് പന്നിയാറിനും, മുതിരപ്പുഴയാറിനും കുറുകെ 2 പാലങ്ങൾ നിർമ്മിക്കുക.
3. ചേലച്ചുവട്ടിലുള്ള അംഗൻവാടിക്ക് കെട്ടിടം പണിയുക.

വാർഡ് 5

1) കൊച്ചുമുല്ലക്കാനത്ത് ഗവ. ഹൈസ്ക്കൂൾ അനുവദിക്കുക

2) വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുക

3) കൊള്ളിമല U.P സ്ക്കൂൾ ഹൈസ്ക്കൂളാക്കി ഉയർത്തുക

4) ഉപരിപഠനത്തിന് കോളേജ് അനുവദിക്കുക.

5) കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും തൊഴിലധിഷ്ഠിത കോഴ്സുകൾക്കും മുൻതൂക്കം കൊടുക്കുക.

6) മദ്യപാനത്തിനും പുകവലിയ്ക്കുമെതിരെ ശക്തമായ ബോധവൽക്കരണം നടത്തുക.

7) മുല്ലക്കാനം ഭാഗത്ത് ഒരു L.P.സ്കൂൾ തുടങ്ങുക.

8) നിലവിലുള്ള പാഠ്യപദ്ധതി ലഘൂകരിക്കുക. 1 മുതൽ 7 വരെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ സൗജന്യമായി നൽകുക.

9) സ്കൂളുകളിൽ പഠിപ്പിയ്ക്കുവാൻ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കുക.

10) കെട്ടിടം, ഉപകരണങ്ങൾ, ലാബറട്ടറി, റീഡിംഗ് റൂം തുടങ്ങിയവ നിർമ്മിക്കുക.

11) സ്കൂൾ തലത്തിൽ മാതൃഭാഷ പഠനം നിർബന്ധമാക്കുക.

12) അദ്ധ്യാപകർക്ക് പ്രത്യേക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിയ്ക്കുക.

13) പ്രൊമോഷൻ ശാസ്ത്രീയമായി പരിഹരിക്കുക.

14) P.T.A., മാതൃസംഗമം എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

15) അദ്ധ്യാപക വിദ്യാർത്ഥി അനുപാദം: 30 ആക്കുക.

16) കായിക പരിശീലനം നിർബ്ബന്ധമാക്കുക.

17) രാഷ്ട്രീയ സമരങ്ങൾ സ്കൂൾ തലത്തിൽ ഒഴിവാക്കുക.

18) സാങ്കേതിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് പോളിടെക്നിക്കുകളും മറ്റും തുടങ്ങുക.

19) രാജാക്കാട് ഗവ. ഹൈസ്കൂളിൽ Plus Two Course തുടങ്ങുക.

വാർഡ് 6

1. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും നിലവിലുള്ള അംഗൻവാടി അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുക, ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ അംഗൻവാടികൾ തുടങ്ങുക.
2. സ്കൂളുകളിൽ സമീകൃതാഹാരവും പ്രാഥമികസൗകര്യങ്ങളും ഏർപ്പെടുത്തുക.

വാർഡ് 7

1. VII-ാം വാർഡിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റണം.
2. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന T.G.M.T. സെന്ററിന് അനുവദിച്ചിട്ടുള്ള സ്ഥലത്ത് കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
3. നിലവിലുള്ള ഹൈസ്കൂളിൽ V.H.C. H.S.C. കോഴ്സുകൾ ആരംഭിക്കുക.
4. തൊഴിലധിഷ്ഠിത കോഴ്സുകൾ I.T.I. പോളിടെക്നിക്ക് എന്നിവ ആരംഭിക്കുക.

5. ഇൻഫർമേഷൻ സെന്റർ തുടങ്ങണം
6. പരീക്ഷാകേന്ദ്രങ്ങൾ ആരംഭിക്കണം.

വാർഡ് 8

1. ഉന്നത വിദ്യാഭ്യാസത്തിനു സൗകര്യം ഉണ്ടാക്കണം. G.H.S. ൽ Plus Two അനുവദിക്കുക. B.Ed. കോളേജ് തുടങ്ങുക.
2. സ്കൂൾ തുറക്കുന്നതോടൊപ്പം ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കുകയും പാഠപുസ്തകങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
3. നിലവിലുള്ള അംഗൻവാടികൾക്ക് കെട്ടിടം പണിയുകയും ഒരു അംഗൻവാടി കൂടി ആരംഭിക്കുകയും ചെയ്യുക.
4. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കോഴ്സുകൾ ആരംഭിക്കുക.
5. സാക്ഷരതാ പ്രവർത്തനങ്ങൾ പുനരാരംഭിക്കുക.
6. രാജാക്കാട് സ്കൂൾ ഗ്രൗണ്ടിലേയ്ക്കുള്ള രണ്ടു റോഡുകളും ടാർ ചെയ്യുക.
7. ഈ സ്കൂളിൽ നിന്നും ഉയർന്ന മാർക്കു വാങ്ങി S.S.L.C. പാസ്സാകുന്ന കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം സർക്കാർ ഏറ്റെടുത്തു നടത്തുക.

5. 5 കുടിവെള്ളം പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനതയാണ് നാടിന്റെ സമ്പത്തെന്ന ആശയത്തെ മുൻനിർത്തി ക്കൊണ്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങ ളുടെ ഫലമായി നമ്മുടെ ഗ്രാമപഞ്ചായത്തിൽ നിന്നും വസൂരി, മലമ്പനി മുതലായ മാരക രോഗങ്ങളെ ഉല്ലായ്മ ചെയ്യുവാൻ കഴിഞ്ഞി ട്ടുണ്ട്. എന്നാൽ ഉപഭോക്തൃ സംസ്ക്കാര ത്തിന്റെ വഴിവിട്ടു പോക്കും, പ്രകൃതി വിഭ വങ്ങളുടെ നിയന്ത്രണമില്ലാത്ത ഉപഭോഗവും മൂലം എന്നന്നേക്കുമായി തിരോധാനം ചെ യ്തു എന്നു നാം കരുതിയിരുന്ന പല രോഗ ങ്ങളും തിരികെ വരുന്നു എന്നു നാം കരു തേണ്ടിയിരിക്കുന്നു. ജലജന്യരോഗങ്ങളും, പകർച്ചവ്യാധികളും നമ്മുടെ ആരോഗ്യസ്ഥി തിയിൽ സമീപകാലത്തായി വമ്പിച്ച പ്രത്യാ ഘാതങ്ങളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ത്. ആരോഗ്യപ്രവർത്തകരുടെയും സന്നദ്ധ സംഘങ്ങളുടെയും ആത്മാർത്ഥമായ ശ്രമം ഉണ്ടായിരുന്നിട്ടുകൂടി മഞ്ഞപ്പിത്തം, ചെങ്കണ്ണ് മുതലായ രോഗങ്ങൾ നിയന്ത്രിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ 80% പ്രദേശവും കുടിവെള്ള ക്ഷാമം അനുഭവി ക്കുകയാണ്. പല മേഖലകളിലും നിന്ന് കുടി വെള്ളത്തിനായി 1 K.m ന് മുകളിൽ ദൂരെ പോകേണ്ടതായി വരുന്നു. ഉള്ള ജലസ്രോ തസുകളാവട്ടെ, വർഷം മുഴുവൻ ജലം തരു ന്നവയല്ലതാനും. ആകെയുള്ള 1124 കിണ റുകളിൽ 800 എണ്ണം 6 മാസത്തേക്കുമാത്രം ജലം തരുന്നവയാണ്. പഞ്ചായത്തിൽ ഇട ത്തരം, ചെറുകിട കുടിവെള്ള പദ്ധതികളോ ജലവിതരണമേഖലയോ ഇല്ല. ഉയർന്ന പ്രദേ ശങ്ങളിൽ പ്രകൃതി ഉറവിടങ്ങൾ(natural sources) വരമ്പുകെട്ടി ജലം തടഞ്ഞു നിർത്തി വിതരണം ചെയ്യുവാൻ സാധ്യത യുള്ള സ്ഥലങ്ങൾ ഏറെയുണ്ട്. കുടിവെള്ള ക്ഷാമം പരിഹരിക്കുവാനായി പൈപ്പ്ലൈൻ ഇട്ടിട്ടുണ്ടെങ്കിലും ഇതുവരെ കമ്മീഷൻ ചെയ്തിട്ടില്ല.

പട്ടിക -1

പൈപ്പ് വെള്ളം	കിണറുകൾ							പൊതുകുഴൽ കിണറുകൾ		മൊത്തം കിണറുകൾ
പൊതു പൈപ്പ്	ഹൗസ് കണക്ഷൻ	പൊതു കിണറുകൾ		സ്വകാര്യകിണറുകൾ						
		ജലം ഉള്ളത്	ജലം ഇല്ലാത്തത്	ജലം ഉള്ളത്	ജലം ഇല്ലാത്തത്	കുഴൽ സൗകര്യം				
0	0	39	0	956	168	6		2		1171

പട്ടിക - 2

		എണ്ണം
ജലസേചന	കുളങ്ങൾ	39
സാധ്യതയുള്ള	തോടുകൾ	8
ഉറവിടങ്ങൾ	നദികൾ	2
	ചെക്കുഡാമുകൾ	0

ആരോഗ്യരംഗത്ത് നിലനിൽക്കുന്ന രൂക്ഷമായ പ്രശ്നങ്ങളും, ഗ്രാമസഭാചർച്ചകളിലെ പ്രധാന നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

(1) പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന രാജാക്കാട് പ്രാഥമികാരോഗ്യകേന്ദ്രവും, ഗവ. ആയുർവേദാശുപത്രിയും 50 കിടക്കകൾ വീതമുള്ള ആശുപത്രികളായി അപ്ഗ്രേഡ് ചെയ്യണം.

(2) നിലവിലുള്ള ആരോഗ്യഉപകേന്ദ്രങ്ങളുടെ പ്രവർത്തനവും, ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനവും മെച്ചപ്പെടുത്തുക.

(3) മുഴുവൻ പാവപ്പെട്ട കുടുംബങ്ങൾക്കും ക്ലോസറ്റ് കക്കൂസുകൾ സൗജന്യമായി നിർമ്മിച്ചു കൊടുക്കുക.

(4) പന്നിയാർകൂട്ടി, പുന്നസിറ്റി, കുരങ്ങുപാറ, കനകപ്പുഴ എന്നീ പ്രദേശങ്ങളിൽ ആരോഗ്യ ഉപകേന്ദ്രങ്ങൾ നിർമ്മിക്കുക.

(5) റേഷൻകടകൾ വഴി സംസ്ക്കരിച്ച പച്ചക്കറികൾ മൽസ്യമാംസാദികൾ എന്നിവ വിതരണം ചെയ്യുക.

(6) അംഗൻവാടികൾ കേന്ദ്രീകരിച്ച് അമ്മമാർക്കായുള്ള ആരോഗ്യപരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക.

(7) രാജാക്കാട്, N.R സിറ്റി, മുല്ലക്കാനം, പഴയവിടുതി,കള്ളിമാലി, പന്നിയാർകൂട്ടി എന്നീ ടൗണുകളിലെ റോഡുകൾക്ക് അടിയന്തിരമായി ഓടകൾ നിർമ്മിക്കുക.

(8) ഹോട്ടലുകളിൽ വിൽക്കുന്ന ആഹാരപദാർത്ഥങ്ങളുടെ ഗുണനിലവാരമുറപ്പു വരുത്തുന്നതിനായി പരിശോധനാസമ്പ്രദായം ഏർപ്പെടുത്തുക.

(9) മായം ചേർക്കൽ തടയുന്നതിനായി പഞ്ചായത്തുതല ക്ലാസ്സുകൾ രൂപീകരിക്കുക

(10) പഞ്ചായത്തിലെ പ്രധാനബസ്റ്റോപ്പുകളിൽ കംഫർട്ട് സ്റ്റേഷനോടുകൂടിയ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക

(11) രാജാക്കാട് P.H സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റ്, ശിശുരോഗവിദഗ്ധൻ, ENT സ്പെഷ്യലിസ്റ്റ് ഇവരെ നിയമിക്കണം

(12) രാജാക്കാട് P.H സെന്ററിനോടനുബന്ധിച്ച് രക്തബാങ്ക്, ലാബറട്ടറി, എക്സ്റേ യൂണിറ്റ് ഇവ ആരംഭിക്കണം

(13) പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി ആരംഭിക്കണം

(14) കൊതുകു നിവാരണ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കണം

(15) രക്തദാന ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയും രക്തപരിശോധനാക്യാമ്പുകൾ നടത്തി, ദാതാക്കളുടെ പ്രത്യേക പട്ടിക തയ്യാറാക്കുകയും, ദാതാക്കൾക്ക് പ്രത്യേക രക്തഗ്രൂപ്പ് തിരിച്ചറിയൽ കാർഡ് നൽകുകയും ചെയ്യുക

(16) മദ്യം, മയക്കുമരുന്നുകൾ, പുകയില എന്നിവയുടെ ദോഷഫലങ്ങൾ പ്രചരിപ്പിക്കുന്നതിനായി പ്രത്യേകപ്രചരണ പരിപാടികൾ നടപ്പിലാക്കുക

(17) എയ്ഡ്സ് ബോധവൽക്കരണക്ലാസ്സുകൾ നടത്തുക.

നിർദ്ദേശങ്ങൾ

(1) ഉയർന്ന പ്രദേശങ്ങളിലുള്ള നീരുറവകളിൽ ബണ്ടുകൾ കെട്ടുകയും, ഓസ്വഴി വെള്ളം താഴ്ന്ന പ്രദേശങ്ങളിൽ എത്തിച്ച് വിതരണം നടത്തുകയും ചെയ്യുക.

(2) നിലവിൽ സ്ഥാപിച്ചിരിക്കുന്ന പൈപ്പുലൈൻ ജലക്ഷാമമനുഭവപ്പെടുന്ന മുഴുവൻ സ്ഥലങ്ങളിലേക്കും നീട്ടുകയും, പൊതുടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ഹൗസ് കണക്ഷൻ ഏർപ്പെടുത്തുകയും ചെയ്യുക.

(3) പൈപ്പ്ലൈൻ എത്തിയിട്ടില്ലാത്ത ഉൾനാടൻ മേഖലകളിൽ, അനുയോജ്യമായ സ്ഥലത്ത് കുളം കുഴിച്ച് മോട്ടോർ പമ്പ് സെറ്റും സ്ഥാപിച്ച് ഉയർന്ന പ്രദേശത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ്ലൈൻ വഴിയോ ഹോസ് വഴിയോ ജലവിതരണം നടത്തുക.

(4) നിലവിലുള്ള കിണറുകളിൽ വർഷം മുഴുവൻ ജലം തരാത്തവയുടെ ആഴം വർദ്ധിപ്പിക്കുക.

(5) പഞ്ചായത്തിലെ വിവിധപ്രദേശങ്ങളിൽ നിർമ്മിച്ചിട്ടുള്ള ജലസംഭരണ ടാങ്കുകൾ ഒന്നും തന്നെ നിലവിൽ ഉപയോഗക്ഷമമല്ല. ഇവ അടിയന്തിരമായി റിപ്പയർ ചെയ്ത് ഉപയോഗക്ഷമമാക്കുക

(6) പഞ്ചായത്തിലെ മുഴുവൻ കിണറുകൾക്കും സംരക്ഷണവലയും, ബ്ലീച്ചിംഗ് പൗഡറും പഞ്ചായത്തിൽ നിന്നും സൗജന്യമായി നൽകുക

(7) ഗാർഹിക ആവശ്യത്തിന് സ്ഥാപിക്കുന്ന മോട്ടോർ പമ്പ് സെറ്റുകൾക്ക് സബ്സിഡി നൽകുക

7.2 ആരോഗ്യസ്ഥിതി വിവരങ്ങൾ

1)	ആകെ വീടുകൾ	:	3975
	a) കോൺക്രീറ്റ്	:	233
	b)ഓടിട്ടത്	:	233
	c)ഓലമേഞ്ഞത്	:	2303
	d) കൂടിൽ	:	1256 +183
2)	കക്കൂസുള്ള വീടുകളുടെ എണ്ണം	:	851
	a) സെപ്റ്റിക് ടാങ്ക്	:	60
	b) ഇ.എസ്.പി	:	30
	c) മറ്റുള്ളവ	:	761
3)	കുടിവെള്ള സ്രോതസ്		
	a) സാനിറ്ററി വെൽ	:	8
	b) സാധാരണ കിണർ	:	1116
	c) കുളം	:	39
	d) നദി	:	2
	e) പൈപ്പ്	:	-
	f) പൊതുവിതരണം	:	-
4)	തൊഴുത്ത്		
	a) വീടിനോട് ചേർന്ന്	:	610
	b) പ്രത്യേകിച്ച്	:	1200
5)	കമ്പോസ്റ്റ് കുഴി		
	a) ഉള്ളത്	:	254
	b) ഇല്ലാത്തത്	:	3721
6)	വൈദ്യുതി		
	a) വൈദ്യുതീകരിച്ചവ	:	2283
	b) അല്ലാത്തവ	:	1692
7)	ജനസംഖ്യ		

a) പുരുഷന്മാർ : 7069
b) സ്ത്രീകൾ : 6817
c) കുട്ടികൾ : –

8) പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ (സ്ത്രീയുടെ പ്രായം)
a) 15-19 : ഇല്ല
b) 20-24 : 418
c) 25-29 : 519
d) 30-34 : 715
e) 35-39 : 876
f) 40-44 : 1284

9) അമ്മമാരുടെ എണ്ണം (ജീവിച്ചിരുപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)
a) 1കുട്ടി : 693
b) 2 കുട്ടികൾ : 1706
c) 2 ൽകൂടുതൽ കുട്ടികൾ : 1413

10) കുടുംബാസൂത്രണമാർഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)
a) 1 കുട്ടി :
b) 2 കുട്ടികൾ :
c) 2 ൽ കൂടുതൽ കുട്ടികൾ :

11) അംഗവൈകല്യമുള്ളവർ :
a) അന്ധർ :
b) ബധിരർ :
c) മൂകർ :
d) ബധിര മൂകർ :
e) ചലനവൈകല്യങ്ങൾ :
ആകെ :

12) മന്ദബുദ്ധികൾ എണ്ണം
പ്രായം
a) 0-5 : a)11-15
b) 6-10 : b) 16 ന് മേൽ

13) സ്ഥായിയായ രോഗബാധിതർ
a) രക്തസമ്മർദ്ദം :
b) പ്രമേഹം :
c) കാൻസർ :
d) കുഷ്ഠം :
e) ക്ഷയം :
f) ഹൃദ്രോഗം :
ആകെ :

14) a) ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം
b) പ്രതിരോധകുത്തിവെയ്പു നടത്തിയവർ

15) ആകെ ഗർഭിണികൾ

1.11 ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ (1995-96)

	ഏതുവിഭാഗം ചികിത്സാ സംവിധാനം	ആശുപത്രി		ഡിസ്പെൻസറി		മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ		മൊത്തം ജീവനക്കാരുടെ എണ്ണം
		സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	
	1	2	3	4	5	6	7	8
1.	നാട്ടുചികിത്സാ വിഭാഗം ആയുർവേദം			1	8			12
2.	അലോപ്പതി		4	1	3	5	-	65
3.	ഹോമിയോ				3	-	-	3
			4	2	14	5	-	80

1.10 പൊതുജനാരോഗ്യം

വാർഡ് നമ്പർ	ശുചീകരണത്തിന് അവശ്യത്തിനുള്ള ജീവനക്കാർ	മൂത്രപ്പുരകൾ	കക്കൂസുകൾ	കുളിക്കടവുകൾ	പൈപ്പു വെള്ളം		പൊതു കുഴൽ കിണർ	പൊതു കിണർ	ശ്മശാനങ്ങൾ	അറവുശാലകൾ	മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സ്ഥലം
					പൊതു ടാപ്പുകൾ	ഹൗസ കണക്ഷൻസ്					
1	2	3	4	5	6	7	8	9	10	11	12
I	Nil	Nil	NIl	4	Nil	Nil	Nil	4	1	Nil	ഇല്ല
II	"	"	"	5	ഇല്ല	ഇല്ല	ഇല്ല	6	ഇല്ല	ഇല്ല	"
III	"	"	"	6	"	"	"	4	"	"	"
IV	"	"	"	7	"	"	"	6	"	"	"
V	"	"	"	10	"	"	"	4	"	"	"
VI	"	"	"	8	"	"	2	6	"	"	"
VII	"	"	"	10	"	"	"	4	"	"	"
VIII	"	"	"	6	"	"	"	4	"	"	"

ഗ്രാമസഭാ നിർദ്ദേശങ്ങൾ

വാർഡ് 1

1. ഈ വാർഡിലെ പഞ്ചായത്ത് കിണറുകളും കുളങ്ങളും കാലാകാലങ്ങളിൽ വൃത്തിയാക്കുക. വാട്ടർ സപ്ലൈ പദ്ധതിയിൽ ഹൗസ് കണക്ഷൻസ് നൽകുക.
2. ഈ വാർഡിൽ P.H. സെന്റർ തുടങ്ങുക
3. വീടുകളിൽ കക്കൂസ് നിർമ്മിക്കുന്നതിന് സഹായം അനുവദിക്കുക.
4. കൊതുക്നിവാരണപദ്ധതി പ്രാവർത്തികമാക്കുക.
5. ആരോഗ്യസെമിനാറുകൾ സംഘടിപ്പിക്കുക.
6. ഓടകൾ, അഴുക്കുചാലുകൾ എന്നിവയ്ക്ക് മാർഗ്ഗതടസ്സം ഉണ്ടാക്കുന്നവരെ മാതൃകാപരമായി ശിക്ഷിക്കുക.

വാർഡ് 2

1. വാട്ടർ സപ്ലൈ പദ്ധതിയിൽപ്പെടുത്തി വീടുകൾക്ക് ഹൗസ് കണക്ഷൻസ് നൽകുക.
2. പുൽപറമ്പിൽ മത്തായിയുടെ പുരയിടത്തിൽ കുളം നിർമ്മിച്ച് പ്രദേശവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുക.
3. മമ്മട്ടിക്കാനം കുത്തുങ്കൽ റോഡിൽ 250 മീറ്റർ കൂടി പൈപ്പ് ലൈൻ നീട്ടുക.
4. ഈ വാർഡിൽ പൈപ്പ് ലൈൻ എത്താത്ത സ്ഥലങ്ങളിൽ Hose വഴി വെള്ളം വിതരണം ചെയ്യുക.
5. കക്കൂസ് ഇല്ലാത്ത വീടുകളിൽ അതു നിർമിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.
6. മമ്മട്ടിക്കാനം സബ്സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.
7. ആരോഗ്യപരിശീലനപഠന കളരി ആരംഭിക്കുക.

വാർഡ് 3

1. കലുങ്കുസിറ്റി, ഏരിയാ ഭാഗം എന്നിവിടങ്ങളിൽ കുടിവെള്ളം എത്തിക്കുക.
2. വാർഡിൽ രണ്ടു കുഴൽ കിണറുകൾ സ്ഥാപിക്കുക.
3. നിലവിൽ പൈപ്പ് ലൈനില്ലാത്ത എല്ലാ റോഡിനും പൈപ്പു ലൈനിടുക.
4. P.H. സെന്ററിൽ കൂടുതൽ ചികിത്സാ സൗകര്യം ഏർപ്പെടുത്തുക.
5. എല്ലാവർക്കും കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.
6. പൊതുകിണറുകൾ വൃത്തിയാക്കി ഉപയോഗപ്രദമാക്കുക.

വാർഡ് 4

1. ഈ വാർഡിലുള്ള എല്ലാ റോഡുകളിലും പൂർണ്ണമായി പൈപ്പ് ലൈനിടുക.
2. നാലാം വാർഡിൽ പന്നിയാർ കൂട്ടി ഭാഗത്ത് ഒരു ഹെൽത്ത് സെന്റർ തുടങ്ങുക.
3. എല്ലാ വീടുകളിലും കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.
4. മുല്ലക്കാനം P.H. സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമേർപ്പെടുത്തുക.
5. ഹെൽത്ത്വർക്കേഴ്സ് വീടുസന്ദർശനം കാര്യക്ഷമമായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.

വാർഡ് 5

1. കുന്നുംചരിവ് നിറഞ്ഞ ഈ വാർഡിൽ വെള്ളം എത്തിക്കുന്നതിന് കുളവും ടാങ്കും നിർമ്മിച്ച് ഹോസ് വഴി വിവിധ വീടുകളിൽ എത്തിക്കുന്നതിനുള്ള സ്കീമുകൾ നടപ്പാക്കുക.
2. പുള്ളോലിക്കൽ ഗോപാലൻ പുരയിടത്തിലുള്ള ടാങ്കിലേക്ക് ഇടിഞ്ഞുകുഴി ഭാസ്കരൻവക കുളത്തിൽ നിന്നും വെള്ളം എത്തിച്ച് സമീപ വീടുകൾക്ക് വിതരണം ചെയ്യുക.
3. പുള്ളോലിക്കൽ ശശിയുടെ പുരയിടത്തിൽ കുളം നിർമ്മിച്ച് മുപ്പത് വീടുകൾക്ക് ജലം എത്തിക്കുക.

4. പത്രോസ് പുരയ്ക്കാട്ട് വക പുരയിടത്തിൽ കുളം നിർമ്മിച്ച് 50 വീടുകൾക്ക് ജലം എത്തിക്കുക.
5. കടുവാപ്പാറ രവിയുടെ പുരയിടത്തിൽ കുളം നിർമ്മിച്ച് 60 ലേറെ കുടുംബങ്ങൾക്ക് വെള്ളം നല്കുക.
6. ആനപ്പാറഭാഗത്ത് വിൻസെന്റുവാത്തുപറമ്പിൽ വക പുരയിടം പനച്ചിക്കുഴി ഭാഗത്ത് കുമാരൻ മാടവനപുരയിടം, ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ കുളം നിർമ്മിച്ച് സമീപവാസികൾക്ക് കുടിവെള്ളം എത്തിക്കുക.
7. ഈ വാർഡിലുള്ള എല്ലാ റോഡുകളിലും പൂർണ്ണമായി പൈപ്പുലൈനിട്ട് വെള്ളമെത്തിക്കുക.
8. മുല്ലക്കാനം P.H. സെന്ററിൽ 100 കിടക്കകളുള്ള വാർഡു പണിയുക.
9. ഈ P.H. സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റിനേയും ഒരു ശിശുരോഗ വിദഗ്ദ്ധനേയും നിയമിക്കുക.
10. 'X' Ray യൂണിറ്റാരംഭിക്കുക.
11. എല്ലാ വീടുകളിലും കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.
12. എല്ലാ വാർഡിലും നിയമപരമായി നടത്തുന്ന കശാപ്പുശാലകൾ സ്ഥാപിക്കുക.
13. ഗർഭിണികൾക്കും കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള സ്കീമുകൾ നടപ്പാക്കുക.

വാർഡ് 6

1. വാർഡിലുള്ള എല്ലാ റോഡിലൂടെയും പൈപ്പ് ലൈനിടുക
2. പാലക്കുഴി ഭാഗത്തുള്ള കുളത്തിൽ നിന്നും വെള്ളം സമീപപ്രദേശങ്ങളിൽ പമ്പ് ചെയ്ത് എത്തിക്കുക.
3. കുരങ്ങുപാറ, ഈറ്റക്കാനം, മന്നാക്കുടി എന്നിവിടങ്ങളിൽ കുളം നിർമ്മിക്കുക.
4. പരപ്പനങ്ങാടി ഭാഗത്തുള്ള കുളവും ടാങ്കും പഞ്ചായത്ത് ഏറ്റെടുക്കുക.
5. ആയൂർവേദ ആശുപത്രിയിൽ കിടത്തി ചികിത്സിക്കുവാനുള്ള വാർഡു പണിയുക.
6. ഹോമിയോ ആശുപത്രി സ്ഥാപിക്കുക.
7. പുന്നസിറ്റി, കുരങ്ങുപാറ, P.H. സബ് സെന്ററുകൾ തുടങ്ങുക.
8. ഹെൽത്ത് വർക്കേഴ്സ് വീടുസന്ദർശനം കാര്യമായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.
9. P.H. സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കുന്ന സംവിധാനം ഏർപ്പെടുത്തുക.
10. P.H. സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക.
11. എല്ലാ വീടുകളിലും കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.

വാർഡ് 7

1. കനകക്കുന്ന്, മൂലംകുഴി, കരുവാച്ചാട്ട് പുരയിടം, തലപ്പള്ളി പുരയിടം എന്നിവിടങ്ങളിൽ കുളം നിർമ്മിക്കുക.
2. എല്ലാ പഞ്ചായത്തു റോഡുകളിലും ജലവിതരണ പൈപ്പുകളിടുക.
3. എല്ലാ വീടുകളിലും കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.
4. P.H. സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.
5. പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി തുടങ്ങുക.

വാർഡ് 8

1. പൈപ്പിടാത്ത റോഡുകളിലെല്ലാം പൈപ്പിടുക.
2. P.H. സെന്ററിൽ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യമേർപ്പെടുത്തുക.
3. പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി തുടങ്ങുക.
4. കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.
5. ആയൂർവേദാശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

ഗതാഗതം

ഗതാഗത സൗകര്യങ്ങളുടെ കാര്യത്തിൽ വളരെയധികം പിന്നോക്കം നില്ക്കുന്ന ഒരു ഗ്രാമപഞ്ചായത്താണിത്. ആകെ 117 കി. മീ. റോഡുള്ളതിൽ വെറും 11 കി. മി. മാത്രമാണ് ടാർ റോഡുള്ളത്. ബാക്കിയുള്ള റോഡുകളെല്ലാം തന്നെ മൺറോഡുകളാണ്. പല മൺ റോഡുകൾക്കും കുടിയേറ്റക്കാലത്തോളം തന്നെ പഴക്കമുണ്ട്. ടാർ ചെയ്തിട്ടുള്ളതും അല്ലാത്തതുമായ റോഡുകൾക്ക് ഓടകൾ ഇല്ലാത്തതുമൂലം മിക്ക റോഡുകളും കുണ്ടും കുഴിയും പിടിച്ച് ഗതാഗതയോഗ്യമല്ലാതെയായിത്തീരുന്നു. മഴക്കാലമായിക്കഴിഞ്ഞാൽ പഞ്ചായത്തു റോഡുകളുടെ സ്ഥിതി വളരെ ശോചനീയാവസ്ഥയിലാകും. മാത്രമല്ല, ഈ പഞ്ചായത്തിനെ ബാഹ്യലോകവുമായി ബന്ധിപ്പിക്കുന്ന രാജാക്കാട് -പൊന്മുടി റോഡും രാജാക്കാട്- എല്ലക്കൽ റോഡും രാജാക്കാട് രാജകുമാരി റോഡും ബന്ധപ്പെട്ട വകുപ്പുകൾ മെയിൻറൻസ് വർക്കുകൾ പോലും നടത്തുവാൻ തയ്യാറാകുന്നില്ല. തന്മൂലം രാജാക്കാട് പ്രദേശവാസികൾ വളരെയധികം യാത്രാക്ലേശങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് യഥാർത്ഥ ചിത്രം. ആയതിനാൽ ഈ പഞ്ചായത്തിലെ ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന റോഡുകൾ വാർഡുതലത്തിൽ ഏറ്റെടുത്ത് മെറ്റലിംഗ് ടാറിംഗ് എന്നിവ നടത്തുന്നതിന് ഫണ്ടുകൾ ലഭ്യമാക്കണം.

വാർഡ്1

പഴയ വിടുതി- വാക്കേസിറ്റി റോഡ് (ലക്ഷംവീടുവഴിയുള്ളത്), പഴയവിടുതി - കുത്തുങ്കൽറോഡ്, ലക്ഷംവീട് - പണിയാർറോഡ്, പഴയവിടുതി-അടിവാരം റോഡ്, പൂക്കുളം പടികുത്തുങ്കൽ ടോപ്പ്റോഡും, മുസ്ലിംപള്ളി-പൂക്കുളം പടി റോഡും നാട്ടുകാർ ശ്രമദാനമായി വെട്ടിയിട്ടുള്ളതാണ്. ടിറോഡ് പഞ്ചായത്ത് ഏറ്റെടുക്കുന്ന മുറക്ക് ടി റോഡുകളും മെറ്റലിംഗ്, ടാറിംഗ് എന്നിവ നടത്തി ഗതാഗതയോഗ്യമാക്കുക.

വാർഡ് 2

മമ്മട്ടിക്കാനം- ചങ്ങാടക്കടവ് റോഡിൽ, രാജാക്കാട്-കൊന്നത്തടി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നിടത്ത് പന്നിയാറിനു കുറുകെ ഒരു പാലം പണിത് മെറ്റലിംഗ്, ടാറിംഗ് എന്നിവ നടത്തുക. മാരാർസിറ്റി- കള്ളിമാലി റോഡ് ടാർ ചെയ്യുക. ഖാദിബോർഡ്- പഴയവിടുതിറോഡ് വീതി കൂട്ടി വെട്ടി മെറ്റലിംഗ് നടത്തുക. മൂലം കുഴി മാനിലക്കവല റോഡ് പണിയുക.

വാർഡ് 3

അമ്പലക്കവല - കുഴുപ്പിൽറോഡ് മെറ്റലിംഗും ടാറിംഗും നടത്തുക. ചെറുപുറം - കള്ളിമാലി റോഡും മെറ്റലിംഗും ടാറിംഗും നടത്തുക. കള്ളിമാലി വള്ളക്കടവ് റോഡും മെറ്റലിംഗും ടാറിംഗും നടത്തുക. വള്ളക്കടവിൽ ജംഗാർ സർവ്വീസ് ആരംഭിക്കുക. ലക്ഷം വീട് കള്ളിമാലി റോഡും, കള്ളിമാലി-പൊന്മുടി കൂപ്പുറോഡും ഗതാഗതയോഗ്യമാക്കുക. എല്ലാറോഡുകൾക്കും ഓടകൾ നിർമ്മിക്കുക.

വാർഡ് 4.

1. രാജാക്കാട് മേഖലയെ ബാഹ്യലോകവുമായി ബന്ധപ്പെടുത്തുന്ന പ്രധാനറോഡുകളിലൊന്നായ രാജാക്കാട്-

പൊന്മുടി റോഡിൽ ചേലചുവട് ഭാഗത്തുനിന്നും കുളത്രക്കുഴി വഴി പന്നിയാർകൂട്ടിയ്ക്കുള്ള റോഡ് PWD ഏറ്റെടുത്ത് മെറ്റലിംഗും ടാറിംഗും നടത്തി അടിമാലിയുമായി ബന്ധിപ്പിക്കുക.

2. കള്ളിമാലി- ഉണ്ടമല വഴി പന്നിയാർകൂട്ടി റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യുക.

വാർഡ് 5.

രാജാക്കാട്- എല്ലക്കൽ റോഡ് PWD ഏറ്റെടുത്ത് റിടാറിംഗ് നടത്തുക. പന്നിയാർകൂട്ടി - തേക്കിൻകാനം റോഡ് ടാർ ചെയ്യുക. മുല്ലക്കാനം IHDP കോളനിറോഡ് - പൊൻമുടി PWD റോഡുമായി ബന്ധപ്പെടുത്തുകയും മെറ്റലിംഗ് ടാറിംഗ് എന്നിവ നടത്തുകയും ചെയ്യുക. മുല്ലക്കാനം- തേക്കിൻകാനം റോഡ്, മുല്ലക്കാനം -ആനപ്പാററോഡ്, വിമലപുരം താന്നിയാം പാറക്കടവ് റോഡ്, മുല്ലക്കാനം-ചക്കാങ്കൽ പടി റോഡ്, പന്നിയാർകൂട്ടി-വള്ളക്കടവ് റോഡ് മുല്ലക്കാനം - ബിയർ സൈറ്റ് റോഡ് എന്നീ റോഡുകൾ വീതി കൂട്ടി ഗതാഗതയോഗ്യമാക്കണം.

വാർഡ് 6

വലിയകണ്ടം- പുതകിൽ റോഡ് മെറ്റലിംഗും ടാറിംഗും, രാജാക്കാട് കുരങ്ങുപാറ റോഡ് മെറ്റലിംഗും ടാറിംഗും, പുന്നസിറ്റി - കുരങ്ങുപാറ റോഡ് മെറ്റലിംഗും ടാറിംഗും, N.Rസിറ്റി-കുംഭപ്പാററോഡ് മെറ്റലിംഗും ടാറിംഗും, പാലച്ചുവട്- മഠത്തിശ്ശേരി പുരയിടം റോഡ് മെറ്റലിംഗും ടാറിംഗും, മുല്ലക്കാനം ജോസ്ഗിരി റോഡ് മെറ്റലിംഗും ടാറിംഗും, കൂടാതെ താഴെപ്പറയുന്ന റോഡുകൾ വീതികൂട്ടി ഗതാഗതയോഗ്യമാക്കണം.

മുല്ലക്കാനം- ഈറ്റക്കാനം റോഡ് പാലച്ചുവട്- SNVHS റോഡ് തേക്കിൻകാട്ടിൽ പുരയിടം- കുരങ്ങുപാറ ടോപ്പ്റോഡ്, ഈറ്റക്കാനം- ജോസ്ഗിരിറോഡ്, പാലച്ചുവട്- മേഴ്സി ഹോസ് പിറ്റൽ റോഡ്.

താഴെപ്പറയുന്ന റോഡുകൾ പുതുതായി വെട്ടണം.

പത്രോസ് പുരയിടം - മന്നാക്കുടി റോഡ്, പാലച്ചുവട് - കുരങ്ങുപാററോഡ്, പാലക്കുഴി- കുരങ്ങുപാററോഡ്

വാർഡ് 7

താഴെപറയുന്ന റോഡുകൾ മെറ്റലിംഗ്, ടാറിംഗ് എന്നിവചെയ്ത് ഗതാഗതയോഗ്യമാക്കണം.

എൻ. ആർ. സിറ്റി - വാക്കേസിറ്റി റോഡ്, എൻ. ആർ സിറ്റി- മഞ്ഞികുഴിറോഡ്, രാജാക്കാട്- വാക്കേസിറ്റി റോഡ്, എൻ. ആർ സിറ്റി പള്ളിഭാഗം-ഈറ്റോലിപുരയിടം ഭാഗം റോഡ്.

താഴേപറയുന്ന റോഡുകൾ ആവശ്യമുള്ളിടത്ത് വീതി വർദ്ധിപ്പിച്ചും കലുങ്കുകൾ തീർത്തും ഗതാഗതയോഗ്യമാക്കണം.

എൻ. ആർ. സിറ്റി- കനകപ്പുഴ റോഡ്, ചാമക്കാലാപുരയിടം- കയറ്റം കുറച്ച് പണിയണം, ഒട്ടലാങ്കൽ പുരയിടം-അടിവാരംറോഡ്, ചെറുകുന്നേൽ പുരയിടം- കച്ചിറപാലംറോഡ്, പള്ളിക്കവല-മങ്കുഴപ്പടിറോഡ്, എൻ. ആർ. സിറ്റി. നടുമറ്റംറോഡ്.

കച്ചിറപ്പാലം- കരുവച്ചാട്ട് ബാലൻ പുരയിടം റോഡ്, പെരുമ്പേൽ പുരയിടം-കൈതക്കൽ പുരയിടംറോഡ്.

വാർഡ് 8

രാജാക്കാട് ബസ്റ്റാൻഡ് പണികൾ പൂർത്തിയാക്കുക. ബസ് സ്റ്റാൻഡിൽനിന്നും - എൻ. ആർ. സിറ്റി റോഡിലേക്കുള്ള PWD ബൈപാസ് ഉടൻ നിർമ്മിക്കുക. രാജാക്കാട്- മുല്ലക്കാനം, രാജാക്കാട് - പഴയ വിടുതി എന്നീറോഡുകളുടെ ഓടകൾ നിർമ്മിക്കുക. രാജാക്കാട്- ചെറുപുറം പഞ്ചായത്താഫീസ് വഴിയുള്ള റോഡിന്റെ

ബാക്കിഭാഗം വീതികൂട്ടി വെട്ടി മെറ്റലിംഗ്, ടാറിംഗ് നടത്തി വൺവേ ആക്കുക.

രാജാക്കാട്- കനകക്കുന്ന് റോഡ് ഗതാഗതയോഗ്യമാക്കുക.

മുകളിൽ പറഞ്ഞിട്ടുള്ളത് കൂടാതെ താഴെപ്പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ പാലം പണിയുകയും റോഡിന്റെ അറ്റകുറ്റപണികൾ നടത്തുകയും ചെയ്യണം.

പഴയവിടുതിയിൽ കൂട്ടുങ്കൽ പുരയിടത്തിൽ പാലം പണിയണം (2) പന്നിയാർകൂട്ടിയിൽ പാലം പണിയണം. 4-ാം വാർഡിൽ വേലപ്പൻ പുരയിടം മുതൽ പൊൻമലപുരയിടം വഴി പന്നിയാർകൂട്ടി റോഡ്, ചേലച്ചുവട് ഉപ്പൂട്ടിപുരയിടം റോഡ് ഇവ വീതികൂട്ടി ഗതാഗതയോഗ്യമാക്കണം. പന്നിയാർകൂട്ടി റേഷൻകട റോഡ് വീതികൂട്ടി പണിയണം. മുല്ലക്കാനം- ആനപ്പാറ കുരിശുപള്ളി മുതൽ ഉള്ള റോഡ് പന്നിയാർകൂട്ടിവരെ എത്തിക്കണം.

ചെറുപുറം -പഴയവിടുതിറോഡ് വീതികൂട്ടി പണിയണം. 6-ാം വാർഡിൽ മുല്ലക്കാനം- ജോസ് ഗിരിറോഡിൽ കലുങ്കു നിർമ്മിക്കുക.

രാജാക്കാട് ഗ്രാമപഞ്ചായത്ത് 1. 2. ഗ്രാമീണറോഡുകൾ സംബന്ധിച്ച വിവരങ്ങൾ 1995-1996 Ref. A.II.J

റോഡിന്റെ സ്വഭാവം (നീളം)							
			ടാർ				
കച്ച	പക്ക	മെറ്റൽ	പഞ്ചായത്ത്	P.W.D.	N.H	മറ്റുള്ളവ	ആകെ
1	2	3	4	5	6	7	8
		7k.m	10.50 Km.	11K.m.	Nill	109.922	138.472 K.m.

ഊർജ്ജം

ഊർജ്ജത്തിന്റെ കാര്യത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് വൈദ്യുതിയാണ്. ഈ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഇനിയും വൈദ്യുതി എത്താത്ത സ്ഥിതി ഉണ്ട് . ഗ്രാമസഭാ റിപ്പോർട്ടുകളിൽ ഏറ്റവുമധികം പരാതികളുയർന്നിട്ടുള്ളതും വൈദ്യുതിയുടെ വിതരണത്തിലും ബില്ലിംഗിലുള്ള അപാകതയിലുമാണ്. പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും വോൾട്ടേജ് ക്ഷാമം ഇപ്പോഴും അനുഭവപ്പെടുന്നുണ്ട്. കന്നുകാലി വളർത്തൽ തൊഴിലാക്കിയിട്ടുള്ള വരുണ്ടെങ്കിലും ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള സാഹചര്യം വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല. ഇതുപോലെതന്നെ പുകയില്ലാത്ത അടുപ്പുകളുടെയും അനർട്ടിന്റെ വിവിധ സൗരോർജ്ജ പദ്ധതികളുടെയും സൗകര്യങ്ങൾ ഈ മേഖലയ്ക്കിന്നും അന്യമാണ്. വേണ്ടത്ര പ്രചരണപരിപാടികളും ബോധവത്ക്കരണപരിപാടികളും ഇതിനാവശ്യമാണ്. ചെറുകിട കൃഷിക്കാരും തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഈ മേഖലയിലെ പ്രധാന ഗാർഹിക ഇന്ധനം വിറകാണ്. ബയോഗ്യാസും എൽ. പി. ജി ഗ്യാസും ഉപയോഗിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. വൈദ്യുതി ബോർഡ് ജീവനക്കാരുടെ നിരുത്തരവാദിത്വപരമായ പ്രവർത്തനം മൂലം ഉപഭോക്താക്കൾക്ക് ഒട്ടേറെ ബുദ്ധിമുട്ടുകൾ വരുത്തിവെക്കുന്നതോടൊപ്പം അശ്രദ്ധ മൂലം വളരെയേറെ ഉർജ്ജനഷ്ടങ്ങളും സംഭവിക്കുന്നുണ്ട്. ഇതിനു ഫലപ്രദമായ സംവിധാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

നിർദ്ദേശങ്ങൾ

എല്ലാ വാർഡുകളും പൂർണ്ണമായും വൈദ്യുതീകരിക്കണം. ഈ പഞ്ചായത്തിന്റെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്.

1. പഴയവിടുതി ലക്ഷംവീട് കോളനിഭാഗം
2. കൊച്ചുമുല്ലക്കാനം
3. ബിയർ സൈറ്റ്ഭാഗം
4. കള്ളിമാലി ദേവീക്ഷേത്ര ഭാഗം
5. ചേലച്ചുവട്
6. പുന്നസിറ്റി ഭാഗം
7. എൻ. ആർ. സിറ്റി ലക്ഷംവീടുഭാഗം
8. ചെറുപുറം ലക്ഷംവീടുഭാഗം
9. വൈദ്യുതി കണക്ഷനുള്ള കാലതാമസം ഒഴിവാക്കുകയും അപേക്ഷകർക്കു സമയബന്ധിതമായി യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതികണക്ഷൻ നല്കുകയും ചെയ്യുക
10. കുത്തുങ്കൽ പഴയവിടുതി - മുക്കുടിൽ റോഡുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.
11. ഗോബർഗ്യാസ് പ്ലാന്റുകൾ, പുകയില്ലാത്ത അടുപ്പുകൾ, സൗരോർജ്ജ വിളക്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് പഞ്ചായത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.
12. രാജാക്കാട് ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലുമുള്ള പ്രധാനറോഡുകളിലും ജംഗ്ഷനുകളിലും വഴിവിളക്കുകൾ സ്ഥാപിക്കുകയും പഴയവിടുതി, എൻ.ആർ. സിറ്റി, മുല്ലക്കാനം, കൊച്ചു

അനുബന്ധം- 10
രാജാക്കാട് ഗ്രാമപഞ്ചായത്ത്
10.1. വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ

   a ഗാർഹികം 2202+81= 2283
   b വ്യാപാരം 52+275+11=338
   c വ്യാവസായികം 20+2=22
   d കാർഷികം 46+ 4=50

2. കണക്ഷൻ ലഭിക്കുവാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

   a. Ordinary 124 nos.
   b. OTP 3 nos+ 1
   c. OYEC 29 no.

   അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാതീയതി 2.11. 96

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

   a.ബൾബ് 40W.....100W.....
   b. ട്യൂബ് 21
   c. മെർക്കുറി വേപ്പർ
   d.സോഡിയം വേപ്പർ 4
   ഓർഡിനറി ബൾബ് 228x40w:

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ: മുല്ലക്കാനം
5. തൻവർഷത്തെ കണക്ഷൻ

   ഓർഡിനറി OH 2nos/w/p 11nos
   OTP 2nos
   OYEC 44nos

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന L.T. ട്രാൻസ്ഫോർമറുകളുടെ പേരുകൾ

1. രാജാക്കാട് 250 KV
2. വലിയകണ്ടം 100 KV
3. കുരങ്ങുപാറ 100 KVA
4. എൻ. ആർ. സിറ്റി 100 KVA
5. വാക്കേസിറ്റി 100 KVA
6. മമ്മട്ടിക്കാനം 100 KVA
7. തേക്കിൻകാനം 163 KVA
8. പനച്ചിക്കുഴി 100 KVA
9. കലുങ്കുസിറ്റി 163 KVA
10 പൊൻമുടി 163 KVA

7 സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം അടയ്ക്കുന്നതിനുള്ള തുക. 1388

രാജാക്കാട് ഗ്രാമപഞ്ചായത്ത്

1. 6. തെരുവുവിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ

Ref. AIV, T

വാർഡ്	വിളക്കുകളുടെ എണ്ണം				ആകെ
	വേപ്പർ ലാമ്പ്	ഫ്ലൂ. റ്റ്യൂബ്	ബൾബ്	മറ്റുള്ളവ	
1	2	3	4	5	6
I	NIL	-	12	-	12
II	-	-	11	-	11
III	-	-	10	-	10
iV	-	-	-	-	-
V	-	--	28	-	28
VI	1	-	20	-	21
VII	-	-	10	-	10
VIII	3	20	4	-	27
ആകെ	4	20	95. 00		119

1. ആകെ വൈദ്യുതിലൈനിന്റെ നീളം
2. തെരുവ് വിളക്ക് വൈദ്യുതിചാർജ്ജിനത്തിൽ തൻ വർഷം ചെലവഴിച്ചതുക Rs.16656/-
4. വരുമാനത്തിന്റെ എത്ര ശതമാനം 2.91%

രാജാക്കാട് ഗ്രാമപഞ്ചായത്ത്

1. 6. തെരുവുവിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ

Ref. AIV, T

വാർഡ്	വിളക്കുകളുടെ എണ്ണം				ആകെ
	വേപ്പർ ലാമ്പ്	ഫ്ലൂ. റ്റ്യൂബ്	ബൾബ്	മറ്റുള്ളവ	
1	2	3	4	5	6
	4	21	208	7	240

1. ആകെ വൈദ്യുതിലൈനിന്റെ നീളം 11 K.V. Length- 27 Kms.
   L .T 75 Kms
2. തെരുവ് വിളക്ക് വൈദ്യുതിചാർജ്ജിനത്തിൽ തൻ വർഷം ചെലവഴിച്ചതുക 16656
4. വരുമാനത്തിന്റെ എത്ര ശതമാനം 2.91%

രാജാക്കാട് ഗ്രാമപഞ്ചായത്ത്

10.2. ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	ഹരിജൻ കോളനികളുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം)	സൗജന്യസ്സാബിൽ വൈദ്യു. ഉപ: എണ്ണം	പണം നൽകി വൈദ്യുതി കണ ലഭിക്കുന്നകുടും. എണ്ണം.
1	2	3	4	5
5	മുല്ലൂകാനം	2	39	5

മുല്ലക്കാനം, കള്ളിമാലി, മമ്മട്ടിക്കാനം, പന്നിയാർക്കൂട്ടി, വാക്കേസിറ്റി തുടങ്ങിയ പ്രധാന ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

രാജാക്കാട്ടിൽവാഹന ഇന്ധനക്ഷാമം പരിഹരിക്കുന്നതിന് ഒരു പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് അടിയന്തിര അനുമതിയും നടപടികളും ഉണ്ടാകണം.

അനർട്ടിന്റെ മേഖല കേന്ദ്രം, രാജാക്കാട്ട് പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കണം.

പ്രൈമറി ഹെൽത്ത് സെന്ററിന് വൈദ്യുതി കണക്ഷൻ നൽകണം.

രാജാക്കാട്ടിൽ വോൾട്ടേജ് ക്ഷാമം നിലനില്ക്കുന്നതിനാൽ വോൾട്ടേജ് ക്ഷമത നല്കുന്ന C.F. ലൈറ്റുകൾ കുറഞ്ഞ നിരക്കിൽ പഞ്ചായത്തു തലത്തിൽ വിതരണം ചെയ്യുക.

നിലവിലുള്ള അപാകതകൾ പരിഹരിക്കുകയും, ബില്ലിംഗ് സംവിധാനം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് രാജാക്കാട് കേന്ദ്രമാക്കി ഒരു ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ് അടിയന്തിരമായും അനുവദിക്കണം.

വൈദ്യുതി നിലവാരം മെച്ചപ്പെടുത്തുന്നതിന് ലൈൻമാൻമാരെക്കൂടി പങ്കെടുപ്പിച്ച് പ്രാദേശിക കമ്മറ്റികൾ രൂപീകരിക്കണം.

1. ഈ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന കനകക്കുന്നിൽ കാറ്റാടി യന്ത്രമുപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിയ്ക്ക് സാദ്ധ്യതയുണ്ട്.

2. ഈ പഞ്ചായത്തിലെ എല്ലാ കർഷകകുടുംബങ്ങളിലും കാലിവളർത്തുന്നു പാഴായി പോകുന്ന ചാണകം ഉപയോഗിച്ച് Biogas Plant സ്ഥാപിച്ചാൽ പാചകത്തിനും, വെളിച്ചത്തിനുമുള്ള ഉർജ്ജം ഉല്പാദിപ്പിക്കാം.

മാർക്കറ്റ്

കാർഷിക ഉല്പന്നങ്ങൾ സുലഭമായി ഉല്പാദിപ്പിക്കുന്ന ഒരു മേഖലയാണെങ്കിലും കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായ്മായ വില ലഭ്യമാക്കുന്നതിനും, ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും പര്യാപ്തമായ പൊതുമാർക്കറ്റുകളോ, സ്വകാര്യ മാർക്കറ്റുകളോ ഈ പഞ്ചായത്തിൽ ഇല്ല. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായിട്ട് മത്സ്യവില്പനയും, മാംസവില്പനയും, പച്ചക്കറിവില്പനയും നടക്കുന്നുണ്ടെങ്കിലും ഇവയെല്ലാം സ്വകാര്യവ്യക്തികളുടെ കടത്തിണ്ണകളിലും, റോഡു വക്കിലുമായിട്ടാണ് പ്രവർത്തിക്കുന്നത്. തന്മൂലം പൊതുജനങ്ങൾക്കും, വാഹനഗതാഗതത്തിനും വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ഈ ദുസ്ഥിതിക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതിലേക്ക്, താഴെ പറയുന്ന കാര്യങ്ങൾ

അടിയന്തിരമായും നിറവേറ്റി കിട്ടേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. ടൗണിൽ വിവിധ കടത്തിണ്ണകളിലും റോഡു വക്കിലുമായി പ്രവർത്തിക്കുന്ന എല്ലാ വ്യാപാരങ്ങളും, പഞ്ചായത്തു ബസ് സ്റ്റാൻഡിൽ പണികഴിപ്പിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലെക്സിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി എടുക്കുക.

2. പഞ്ചായത്തു തലത്തിൽ ഒരു കന്നുകാലി ചന്ത ആരംഭിക്കുന്നതിനും നടപടി ഉണ്ടാകണം.

3. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തി മാർക്കറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

ഊർജ്ജം - ഗതാഗതം
ഗ്രാമസഭകളിൽനിന്നും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ.

വാർഡ് 1

1. വാർഡ് പൂർണ്ണമായും വൈദ്യുതീകരിക്കുക.

2. ലക്ഷംവീടുഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിയ്ക്കുക.

3. പഴയവിടുതി- വാക്കേസിറ്റി, പഴയവിടുതി- കുത്തുങ്കൽ റോഡുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുക.

4. വൈദ്യുതകണക്ഷനുള്ള കാലതാമസം ഒഴിവാക്കുക.

5. ഗോബർഗ്യാസ് പ്ലാൻറ്, പുകയില്ലാത്ത അടുപ്പുകൾ, അനർട്ട് അടുപ്പുകൾ, സൗരോർജ്ജവിളക്കുകൾ ഇവയ്ക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുക.

6. പഴയവിടുതി- വാക്കേസിറ്റി റോഡ് മെറ്റലിംഗ്, ടാറിംഗ് വേണം.

7. പൂക്കുളംപടി- കുത്തുങ്കൽ ടോപ്പ് റോഡ് വീതികൂട്ടി മെറ്റലിംഗ്, ടാറിംഗ് നടത്തുക.

8. പഴയവിടുതി - കുത്തുങ്കൽ റോഡ് മെറ്റലിംഗ്, ടാറിംഗ് വേണം.

9. മുസ്ലീംപള്ളി - പൂക്കുളം പടിറോഡ് വീതികൂട്ടി വെട്ടുക. ഫ്രീ സറണ്ടർ ലഭിക്കുന്ന മുറയ്ക്ക് പഞ്ചായത്ത് ഏറ്റെടുക്കുക.

10. ലക്ഷം വീടു-പന്നിയാർ റോഡ് വീതികൂട്ടി വെട്ടി മെറ്റലിംഗ് ടാറിംഗ് നടത്തി പഴയവിടുതി മുക്കുടിൽ റോഡുമായി ബന്ധിപ്പിക്കുക.

11. വടക്കേടത്തു പുരയിടം വഴി കടന്നു പോകുന്ന റോഡ് വീതികൂട്ടി പഞ്ചായത്ത് ഏറ്റെടുക്കുക.

12. പന്നിയാർപള്ളിയുടെ സമീപത്തുനിന്നും ആറ്റിറമ്പിലേക്കു പോകുന്ന റോഡ്, ഫ്രീ സറണ്ടർ കിട്ടുന്ന മുറയ്ക്ക് പഞ്ചായത്ത് ഏറ്റെടുക്കണം.

13. മമ്മട്ടിക്കാനം- ബിയർടോപ്പ് റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം.

14. പഴയവിടുതി - അടിവാരം റോഡ് സൗകര്യപ്രദമാക്കുക.

വാർഡ് 2

1. മുഴുവൻ വീടുകൾക്കും വൈദ്യുതകണക്ഷൻ നല്കണം.

2. കള്ളിമാലി തോട്ടിൽ കുത്തുങ്കൽ മിനി ജലവൈദ്യുത പദ്ധതിആരംഭിക്കണം.

3. മമ്മട്ടിക്കാനം- ചങ്ങാടക്കടവ് റോഡ് നിർമ്മിക്കണം. ചങ്ങാടക്കടവിൽ പാലം പണിയണം.

4. പഴയവിടുതി - കുത്തുങ്കൽ റോഡ്, മാരാർ സിറ്റി- കള്ളിമാലിറോഡ്, പഴയവിടുതി- ഖാദിബോർഡ് റോഡ് ഇവ പണി തീർത്ത് ടാറിംഗ് നടത്തുകയും, മൂലംകുഴി കവല

മാന്നില റോഡിന്റെ പണി പൂർത്തിയാക്കുകയും ചെയ്യണം.

5. റോഡും, റോഡു പുറമ്പോക്കും കയ്യേറുന്നത് അവസാനിപ്പിക്കുന്നതിനും റോഡ് സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

വാർഡ് 3

1. അമ്പലക്കവല- മാരാർ സിറ്റി, പഴയവിടുതി - ചെരുപുറം റോഡുകൾ ടാർ ചെയ്യണം.

2. പഴയവിടുതി പാലം, കുട്ടുങ്കൽ പാലം ഇവ വാർക്കണം.

3. കള്ളിമാലി- വള്ളക്കടവ് റോഡ് വാഹനഗതാഗതയോഗ്യമാക്കണം. കടവിൽ ''ജംഗാർ സർവ്വീസ്'' ഏർപ്പെടുത്തണം.

4. പൊൻമുടി- കള്ളിമാലി കൂപ്പ് റോഡ്, ലക്ഷംവീട് -കള്ളിമാലിഎന്നീറോഡുകളും, വിഭവസമാഹരണ രീതിയിൽപെടുത്തി കള്ളിമാലി- എരപ്പനാൽ കലുങ്കു സിറ്റിറോഡും ഗതാഗതയോഗ്യമാക്കണം.

5. രാജാക്കാട് ബസ്സ്റ്റാൻറ് പ്രവർത്തനക്ഷമമാക്കണം.

6. റോഡുകൾക്ക് ഓടകൾ നിർമ്മിക്കണം.

7. ചെരുപുറം- കള്ളിമാലിറോഡിന്റെ കയറ്റം കുറയ്ക്കണം.

8. കള്ളിമാലിയിൽ ട്രാസ്ഫോർമർ സ്ഥാപിക്കണം.

9. അപേക്ഷിച്ചിട്ടുള്ളവർക്ക് എത്രയും വേഗം വൈദ്യുത കണക്ഷൻ നല്കണം.

10. 50 വീടുകൾക്ക് ബയോഗ്യാസ് പ്ലാൻറുകൾ സർക്കാർ ചിലവിൽ നൽകണം.

11. ദരിദ്ര്യകുടുംബങ്ങൾക്ക് സൗജന്യമായി, അനർട്ട്, പരിഷത്ത് ഇവയുടെ അടുപ്പുകൾ നല്കണം.

12. താഴെപ്പറയുന്ന സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കണം-.1. അമ്പലക്കവല 2. കലുങ്കു സിറ്റി3. ചെരുപുറം 4. ചാക്കടച്ചിറപ്പുരയിടം 5. മുനിയറ ജംഗ്ഷൻ 6. കള്ളിമാലി ഹെൽത്ത് സെൻറർ 7. മുല്ലക്കാനം ജംഗ്ഷൻ.

വാർഡ് 4

1. ചേലച്ചുവട് -പന്നിയാർകൂട്ടിറോഡും, കള്ളിമാലി - ഉണ്ടമലവഴി പന്നിയാർകൂട്ടിറോഡും ടാർ ചെയ്യണം.

2. വേലപ്പൻ പുരയിടം മുതൽ പൊൻമലപുരയിടം വഴി പന്നിയാർ കൂട്ടിറോഡ്, പന്നിയാർകൂട്ടി- റേഷൻ കടപ്പടിറോഡ്, പാറമട മുതൽ വേലപ്പൻ പുരയിടം വരെ നടപ്പാത ,ചേലച്ചുവട്- ഉപ്പൂട്ടിൽ പുരയിടം റോഡ് ഇവ നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം.

3. പന്നിയാർ കൂട്ടിയിൽ പാലം പണിയണം.

4. മുല്ലക്കാനം ആനപ്പാറകുരിശുപള്ളി മുതൽ ഉള്ള റോഡ് പന്നിയാർകൂട്ടിവരെ എത്തിക്കണം.

5. തേക്കുംകാനം- പന്നിയാർകൂട്ടി റോഡ് PWDയെക്കൊണ്ട് ഏറ്റെടുപ്പിക്കുക.

6. ചേലച്ചുവട്ടിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുക.

വാർഡ് 5

1. നിലവിൽ ഗതാഗതയോഗ്യമായ ഒരു റോഡുമില്ല.

2. രാജാക്കാട് എല്ലക്കൽ റോഡും, പന്നിയാർകൂട്ടി തേക്കിൻകാനം റോഡും എത്രയും വേഗം ടാർ ചെയ്യണം.

3. മുല്ലക്കാനം- പന്നിയാർകൂട്ടിറോഡ് (പനച്ചിക്കുഴി)വഴി ഉടൻ ഗതാഗതയോഗ്യമാക്കണം.

4. താഴെപ്പറയുന്ന റോഡുകളും ഗതാഗതയോഗ്യമാക്കണം.

1. മുല്ലക്കാനം- തേക്കിൻകാനം റോഡ്

2. മുല്ലക്കാനം- ആനപ്പാറ റോഡ്

3. മുല്ലക്കാനം ബിയർ സൈറ്റ് റോഡ്

4. വിമലപുരം - താന്നിയാം പാറക്കടവ് റോഡ്

5. മുല്ലക്കാനം- ചക്കാങ്കൽ പടി റോഡ്

6. പന്നിയാർകൂട്ടി- വള്ളക്കടവ് റോഡ്

5. ഇതുവരെ വൈദ്യുതിയെത്തിയിട്ടില്ലാത്ത, ആനപ്പാറഭാഗം, മുല്ലക്കാനം, ചക്കാങ്കൽ ഭാഗം, പന്നിയാർകൂട്ടി മുരുകനമ്പലം ഭാഗം, വിമലപുരം ഭാഗം ഇവിടങ്ങളിൽ വൈദ്യുതി കണക്ഷൻ കൊടുക്കണം.

6. ബിയർ ഡാം സൈറ്റിലെ ട്രാൻസ് ഫോർമർ മാറ്റി പകരം മറ്റൊന്ന് വയ്ക്കണം.

7. തേക്കിൻകാനം - വിമലപുരം 3 ഫേസ് ലൈൻവലിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

8. കൊച്ചുമുല്ലക്കാനത്ത് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

9. മുല്ലക്കാനം മുതൽ വിമലപുരം വരെയും, മുല്ലക്കാനം മുതൽ പനച്ചിക്കുഴി വരെയും വഴി വിളക്കുകൾ സ്ഥാപിക്കണം.

10. മുല്ലക്കാനം ടൗണിൽ സോഡിയം വേപ്പർ ലാംപ് സ്ഥാപിക്കണം.

11. 90%സബ്സിഡി നൽകി ബയോഗ്യാസ്പ്ലാൻറുകൾ വ്യാപകമാക്കണം.

12. പന്നിയാർ ഓഗ്മെന്റേഷൻ സ്കീം പൂർത്തിയാക്കണം.

വാർഡ്-6

1. താഴെപ്പറയുന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുക

1. മുല്ലക്കാനം- ഈറ്റക്കാനം റോഡ്

2. വലിയണ്ടം - പുതകിൽ റോഡ്

3. രാജാക്കാട്- കുരങ്ങുപാററോഡ്

4. പാലച്ചുവട് - എസ്. എൻ. വി. എച്ച്. എസ്. റോഡ്

5. പുന്നസിറ്റി- കുരങ്ങുപാറ റോഡ്

6. പാലച്ചുവട് - മഠത്തിശ്ശേരി പുരയിടം റോഡ്

7. രാജാക്കാട്- പാലച്ചുവട്- പുന്നസിറ്റി റോഡ്

8. പുന്നസിറ്റി - പുതകിൽ

9. തേക്കിൻകാട്ടിൽ പുരയിടം - കുരങ്ങുപാററോഡ്

10. പാലച്ചുവട്- മഴ്സി ഹോസ്പിറ്റൽ റോഡ്

11. വലിയ കണ്ടം- പുന്നസിറ്റി- കുമ്പപ്പാറ റോഡ്

12. ഈറ്റക്കാനം- ജോസ്ഗിരി റോഡ്

13. എൻ. ആർ. സിറ്റി ബൈസൺവാലി റോഡ്

14. മുല്ലക്കാനം - ജോസ്ഗിരി റോഡ്

2. താഴെപ്പറയുന്ന റോഡുകൾ പുതിയതായി വെട്ടണം

1. പത്രോസ് പുരയിടം - മന്നാക്കുടി റോഡ്

2. പാലച്ചുവട്- കുരങ്ങുപാറ

3. പാലക്കുഴി- കുരങ്ങുപാറ

3. വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

4. എല്ലായിടത്തും വൈദ്യുതിയെത്തിക്കണം.

വാർഡ്- 7

1. താഴെപ്പറയുന്ന റോഡുകൾ ടാർ ചെയ്യണം

1. എൻ. ആർ. സിറ്റി- വാക്കാസിറ്റി റോഡ്

2. എൻ. ആർ. സിറ്റി- മഞ്ഞക്കുഴി റോഡ്

3. രാജാക്കാട്- വാക്കാസിറ്റി റോഡ്

2. താഴെപ്പറയുന്ന റോഡുകൾ ആവശ്യ

മുള്ളിടത്ത്, വീതി വർദ്ധിപ്പിച്ചും, കലുങ്കുകൾതീർത്തും, ഗതാഗതയോഗ്യമാക്കണം.

1. എൻ. ആർ. സിറ്റി കനകപ്പുഴ റോഡ്

2. ചാമക്കാല പുരയിടം കയറ്റം കുറച്ച് പണിയണം.

3. ഒട്ടലാങ്കൽ പുരയിടം- അടിവാരം റോഡ്

4. ചെറുകുന്നേൽ പുരയിടം- കച്ചിറപ്പാലം റോഡ്

5. ചെറുകുന്നേൽ പുരയിടം- കനകക്കുന്ന് രാജാക്കാട് റോഡ്

6. പള്ളിക്കവല- മങ്കുഴപ്പടിറോഡ്

7. എൻ. ആർ. സിറ്റി- നടുമറ്റം റോഡ്

3. എൻ. ആർ. സിറ്റി ഗുരുമന്ദിരം ഭാഗത്ത്, PWD റോഡിലെ വളവ് തീർത്ത് ഗതാഗത യോഗ്യമാക്കുക.

4. കച്ചിറപ്പാലം- കരുവച്ചാട്ട് ബാലൻ പുരയിടം ഭാഗം റോഡ്, പെരുമ്പേൽ പുരയിടം, കൈതക്കൽ പുരയിടം വരെയുള്ള റോഡ് ഭാഗം, ഇവ ഗതാഗതയോഗ്യമാക്കണം.

5.പരാപരകത്ത് പുരയിടം- ഈറ്റോലിപ്പുരയിടം ഭാഗം വരെയുള്ള റോഡ്, അയലാറ്റിൽചാക്കോ പുരയിടം,NR സിറ്റി PWD റോഡിലേക്ക് ചേരുന്ന വഴി ഇവ പഞ്ചായത്ത് ഏറ്റെടുക്കണം

6. മുഴുവൻ വീടിനും വൈദ്യുതി എത്തിക്കണം.

7. മിനിമം ഗാരൻറി ഒപ്പിട്ടിട്ടുള്ളവർക്ക് എത്രയും വേഗം കണക്ഷൻ നല്കണം.

8.PHC സിക്ക് വൈദ്യുതി കണക്ഷൻ നല്കണം.

9. പഞ്ചായത്ത് റോഡുകളിൽ വഴിവിളക്ക് സ്ഥാപിക്കണം.

10. ബയോഗ്യാസ് പ്ലാൻറ്, പുകയില്ലാത്ത അടുപ്പ് ഇവ സ്ഥാപിച്ചു നൽകുക.

11. എൻ. ആർ. സിറ്റി ഞെരിപ്പാലം ഭാഗത്ത് ചെക്ക് ഡാം നിർമ്മിക്കുക.

വാർഡ് 8

1. രാജാക്കാട് ബസ്സ്റ്റാൻഡ് പണി പൂർത്തിയാക്കുക.

2. ബസ്സ്റ്റാൻഡിൽനിന്നും എൻ. ആർ. സിറ്റി റോഡിലേക്കുള്ള വൺവേ പാസേജ് ഉടൻ നിർമ്മിക്കുക.

3. രാജാക്കാട് - മുല്ലക്കാനം റോഡിൽ ഓട നിർമ്മിക്കുക.

4. രാജാക്കാട്- എല്ലക്കൽ റോഡ് നന്നാക്കുക.

5. രാജാക്കാട്- വാക്കസിറ്റി, പഴയവിടുതി- അടിവാരം, രാജാക്കാട്-ചെരുപുറം രാജാക്കാട്- പഴയവിടുതി ഈ റോഡുകളുടെ അറ്റകുറ്റപ്പണിതീർത്ത് ടാർ ചെയ്യുക.

6. രാജാക്കാട്- കനകക്കുന്ന് റോഡ് പണിതീർക്കുക.

7. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കുകയും, ആവശ്യമായിടത്ത് പുതിയവ സ്ഥാപിക്കുകയും ചെയ്യുക.

5 - 7 പാർപ്പിടവും സാമൂഹ്യ ക്ഷേമവും

ചെറുകിട ഇടത്തരം കർഷകരും, കർഷകത്തൊഴിലാളികളും, തോട്ടം തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഒരു ഗ്രാമമാണ് രാജാക്കാട് പഞ്ചായത്ത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിലെ പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ നിരവധിയാണ്. പഞ്ചായത്തിൽ ആകെയുള്ള 3975 വീടുകളിൽ 4.60% ഉം മൺ കട്ടകൾ കെട്ടിയുണ്ടാക്കിയതും ചാണകം മെഴുകിയതും, ചാക്കു ഷീറ്റോ, പുല്ലോ എന്നിവ ഉപയോഗിച്ച് മേഞ്ഞതുമാണ്. 5.86% വീടുകൾ കോൺക്രീറ്റു ചെയ്തവയായിട്ടുള്ളു. ശേഷിക്കുന്ന വീടുകൾ ഇടത്തരം വീടുകളാണ്. ഓട്, ഓല എന്നിവ മേഞ്ഞിട്ടുള്ള വീടുകൾ 89.58 ശതമാനമാണ്.

അടുത്തകാലത്തായി പലരും ഭൂപണയ ബാങ്ക്, ഹൗസിംഗ് ബോർഡ്, കേരള ഫിനാൻഷ്യൽകോർപ്പറേഷൻ, LIC തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും വായ്പകൾ എടുത്ത് വീടുകൾ നിർമ്മിക്കാൻ തുടങ്ങിയിട്ടുണ്ട്. വായ്പ എടുത്തു പണിയാൻ തുടങ്ങിയിട്ടുള്ള വീടുകളിൽ ഭൂരിഭാഗവും, ഹൗസിംഗ് ബോർഡിന്റെ രാജീവ് ദശ ലക്ഷ ഭവന നിർമ്മാണ പദ്ധതിയനുസരിച്ചും മൈത്രീ ഭവന നിർമ്മാണ പദ്ധതിയനുസരിച്ചുമാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. എന്നാൽ അമിതമായ പലിശയും, സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ഈ വായ്പകളും സാധാരണക്കാരന് വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. മാത്രമല്ല നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗം ആളുകൾക്കും പട്ടയം ഇല്ലാത്തതിനാൽ ഒരു കൊച്ചു വീടു വെയ്ക്കുന്നതിനു പോലും കഴിയുന്നില്ലന്നുള്ളതാണ് യാഥാർത്ഥ്യം. ആയതിനാൽപട്ടയമില്ലാത്ത ആളുകൾക്കും നിർമ്മിക്കുന്ന വീടിന്റെ ഈടിൻമേൽ ഭവന നിർമ്മാണ വായ്പകൾ ഉദാരമായി നൽകേണ്ടതാണ്.

ഈ പഞ്ചായത്തിൽ സ്വന്തമായി വീടില്ലാത്തവരും ഉണ്ടെന്ന് ഗ്രാമ സഭാ റപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഭവന നിർമ്മാണ ബോർഡുവഴി ദുർബല ഇടത്തര വിഭാഗക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന നിർമ്മാണ പദ്ധതി കൂടുതൽ സുതാര്യമാക്കേണ്ടതുണ്ട്. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം തൊഴിൽ രംഗത്തെ കൂലി വർദ്ധനവ് എന്നീ കാരണങ്ങളാൽ പാവപ്പെട്ടവന്റെ സ്വന്തമായ ഒരു വീട് എന്ന ആഗ്രഹം വെറുമൊരു സ്വപ്നമായി മാറിയിരിക്കുന്നു. കൂടാതെ ഗതാഗത ബുദ്ധിമുട്ടുകളും പാർപ്പിട രംഗത്തെ അഭിവൃദ്ധിക്ക് തടസ്സമായി നിൽക്കുന്നു.

പഞ്ചായത്തിൽ ആകെ 4 ലക്ഷം വീടുകോളനികളിലായി 36 വീടുകൾ ഉണ്ട്. പഞ്ചായത്തിൽ നിന്നും ടി കോളനികൾ സന്ദർശിച്ച് വീടില്ലാതെ കിടക്കുന്ന സ്ഥലങ്ങൾ തിട്ടപ്പെടുത്തി വീടില്ലാത്ത അപേക്ഷകർക്ക് നല്കുന്നതിന് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഇതിനും പുറമേ ഭൂരഹിത കർഷകർക്കായി വീടുകൾ വെയ്ക്കുന്നതിന് 15 പ്ലോട്ടുകൾ അർഹരായ അപേക്ഷകർക്ക് നല്കിയിട്ടുണ്ട് . ലക്ഷം വീടു വക സ്ഥലത്ത് താമസിക്കുന്നവർക്ക് സർക്കാർ 4 സെന്റിനു നൽകിയിട്ടുള്ള പട്ടയം പോക്കുവരവു ചെയ്ത് കരമൊടുക്കുന്നതിന് ഗവൺമെൻറ് അനുവാദം നൽകിയിട്ടില്ലാത്തതിനാൽ കോളനി വാസികൾ വളരെയധികം ബുദ്ധിമുട്ടുകയാണ്. കോളനികളിലുള്ള വീടുകളിൽ ഒട്ടുമിക്കവയും വാസയോഗ്യമല്ലാത്ത വീടുകളാണ്.

1.14 (a) കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ (1995-96)

Ref.E

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	മേൽപ്പുരയുടെ സ്വഭാവം				വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം
			ഒരു നിലയുള്ള കെട്ടിടങ്ങൾ				
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	
1	341	Nil	6	110	210	15	40
II	380	Nil	6	205	156	13	16
III	396	Nil	8	163	205	20	22
IV	301	Nil	18	171	98	14	14
V	570	Nil	14	380	142	34	20
VI	944	9	56	590	269	20	29
VII	494	2	15	351	94	32	14
VIII	549	18	81	333	82	35	28
IX	-	-	-	-	-	-	-
X	-	-	-	-	-	-	
ആകെ	3975	29	204	2303	1256	183	183

1996-97 വർഷത്തിൽ JRY സ്കീമിൽ 3 വീടുകളും അനുവദിച്ചിട്ടുണ്ട്.

11.5 ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം സർവ്വേ പ്രകാരം	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട്	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം
1	2	3	4	5	6
	1561 Nos	12	12	Nil	

പ്രശ്നങ്ങൾ

1 കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം, അപര്യാപ്തത

2 സാധന സാമഗ്രികൾ എത്തിക്കുന്നതിനുള്ള ഗതാഗത സൗകര്യക്കുറവ്

3 ഭവന നിർമ്മാണ ബോർഡിൽ നിന്നും മറ്റിതര ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പകൾ ലഭ്യമാകാനുള്ള ബുദ്ധിമുട്ട് കാലതാമസം.

4 പട്ടയം ലഭിക്കാത്ത അവസ്ഥയും ലഭിച്ച പട്ടയങ്ങൾ സ്വന്തം പേരിൽ പോക്കു വരവു ചെയ്യുന്നതിനുള്ള നിയമ തടസ്സവും.

5 ദുർവ്യയമില്ലാത്ത വീടുകൾ നിർമ്മിക്കുന്നതിനുള്ള വിദഗ്ധരുടെ അഭാവം

6 സാമ്പത്തിക പിന്നോക്കാവസ്ഥ

നിർദ്ദേശങ്ങൾ

1 പഞ്ചായത്തു തലത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിച്ച് ടി. സംഘം വഴി ചെലവു കുറഞ്ഞതും ഗുണമേൻമയുള്ളതുമായ കെട്ടിട നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുക.

2 ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ കീഴിൽ ഒരു നിർമ്മിതി കേന്ദ്രം അനുവദിക്കുക.

3 ഭവന നിർമ്മാണ വായ്പകൾക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ കാലതാമസം ഒഴിവാക്കുന്നതിന് ഭവന നിർമ്മാണ വായ്പകൾ പഞ്ചായത്തു വഴി നല്കുക.

4 ഭവന നിർമ്മാണ വായ്പയുടെ സംഖ്യ വർദ്ധിപ്പിക്കുക.

5 ഭൂരഹിതർക്ക് ഭൂമിയും പട്ടയ വിതരണവും നടത്തുക.

6 പട്ടിക ജാതി- പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് വീട് വെയ്ക്കുന്നതിന് നല്കുന്ന ധന സഹായം ദുർബല വിഭാഗങ്ങൾക്കും പഞ്ചായത്തു വഴി ലഭിക്കുന്നതിനുള്ള കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കുക.

7 പഞ്ചായത്തിലെ ലക്ഷം വീടുകോളനിയിലെ വാസയോഗ്യമല്ലാത്ത വീടുകൾക്കു പകരം, മുഴുവൻ താമസക്കാർക്കും വീട് നിർമ്മിച്ചു നല്കുന്നതിനുള്ള ഫണ്ട് പഞ്ചായത്തിന് നല്കുക.

8 ഈ പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും അവരവരുടെ പുരയിടത്തിൽ നില്ക്കുന്ന വൃക്ഷങ്ങൾ വെട്ടി ഭവന നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്നതിന് നിലവിലുള്ള നിയമ തടസ്സങ്ങൾ ഒഴിവാക്കുക.

സാമൂഹ്യക്ഷേമം

സാമൂഹ്യ ക്ഷേമ രംഗത്ത് ദാരിദ്ര രേഖ യ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്രനിർമ്മാർജ്ജന പദ്ധതികളാണുള്ള ളത്. പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്ന ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളാണ് പഞ്ചാ യത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കർഷകത്തൊഴിലാളികളും, തോട്ടം തൊഴിലാളികൾ,കെട്ടിട നിർമ്മാണത്തൊ ഴിലാളികൾ, ചുമട്ടു തൊഴിലാളികൾഎന്നി വരുടെ സംഖ്യ ഗണ്യമായുണ്ടെങ്കിലും, എല്ലാവരും ക്ഷേമനിധി പദ്ധതികളിൽ അംഗങ്ങളായിട്ടില്ലെന്നുള്ളതാണ് വസ് തുത. ക്ഷേമനിധി ഓഫീസുകളുടെ പ്രവ ർത്തനം ഒട്ടും തന്നെ തൃപ്തികരമല്ലാ യെന്നുള്ളതാണ് ഗ്രാമ സഭകളിൽ വന്ന വിമർശനം. വിവിധ ക്ഷേമനിധി ഓഫീ സുകൾ ഇവിടെ നിന്നും 100ൽ പരം കിലോമീറ്റർ ദൂരത്തിൽ സ്ഥിതിചെ യ്യുന്നതും ടി ഓഫീസുകളിൽ ആവശ്യ ത്തിന് സ്ഥിരമായി ജീവനക്കാരില്ലാതി രിക്കുന്നതും ക്ഷേമ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നു.കൂടാതെ ഗവൺ മെൻറിൻെറ വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളെക്കുറിച്ച് യഥാസമയം വിവരം ലഭിക്കാൻ മാർഗ്ഗമില്ലാത്തതും മറ്റൊരു പ്രശ്നമാണ്. സാമൂഹ്യക്ഷേമ രംഗത്ത് നെടുംകണ്ടം ബ്ളോക്ക് ഡവലപ്പ്മെൻറ് ആഫീസിൻെറ കീഴിൽ പഴയ വിടുതി 1-ാം വാർഡിൽ പ്രവർത്തിക്കുന്ന രണ്ട് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസുകളാ ണുള്ളത്. ഈ ഓഫീസുകൾ മുഖേന IRDP, ട്രൈസം, കന്നുകാലി വളർത്തൽ, ചെറുകിട കച്ചവടം എന്നിവക്കുള്ളവാ യ്പാ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ട്രൈസം പദ്ധതിയുടെ കീഴിൽ നടത്തുന്ന സ്വയം തൊഴിൽ പദ്ധതിക ളിൽ പലതും അപേക്ഷകരുടെ അഭിരുചി ക്കനുസൃണമുള്ളവയല്ലായെന്നുള്ള പരാ തികളും നിലനില്ക്കുന്നു. തൊഴിൽ രഹി തർക്ക് പ്രയോജനം ചെയ്യുന്ന പല പദ്ധ തികൾക്കും ബ്ളോക്കു ഡെവലപ്പുമെൻറ് ആഫീസിൽ സ്കീമില്ലായെന്നറിയുന്നു. ഇതിനു മാറ്റം വരേണ്ടതുണ്ട്.

കേന്ദ്രാവിഷ്കൃത ഗ്രാമീണ ശുചിത്വ പരിപാടി (CRSP)

ദാരിദ്ര രേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധന സഹായം നല്കുന്ന പദ്ധതിയാണിത്. കക്കൂസുക ളില്ലാത്ത വീടുകളാണ് നമ്മുടെ പഞ്ചാ യത്തിലുള്ളത്. 96-97 വർഷത്തേക്ക് 11 എണ്ണമാണ് ടി പദ്ധതിപ്രകാരം അനുവ ദിച്ചിട്ടുള്ളത്. കൂടാതെ വില്ലേജ് ഓഫീ സുകൾ വഴി ഇപ്പോൾ വിതരണം ചെയ് തുകൊണ്ടിരിക്കുന്ന വിവിധ പെൻഷ നുകൾ ഇപ്പോൾ ഗ്രാമ പഞ്ചായത്തു വഴി വിതരണം ചെയ്യുവാൻ ക്രമീകരണ ങ്ങളായിട്ടുണ്ട്. അർഹരായ മുഴുവൻ ആളുകൾക്കും ധന സഹായം ലഭിക്കു ന്നില്ല. വിതരണത്തിൽ വളരെ കാലതാ മസ്സവുംഉണ്ടാകുന്നുണ്ട്. പെൻഷനുകളെ കുറിച്ച് അറിവില്ലാത്തതിനാൽ അപേ ക്ഷകൾ നല്കാത്തവർ ഇനിയും പഞ്ചാ യത്തിലുണ്ടെന്ന് ഗ്രാമസഭ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കൂടാതെ തികച്ചും പാവപ്പെട്ട ആളുകൾക്കുപോലും പരിധി കവിയുന്ന വരുമാന സർട്ടിഫിക്കറ്റുകൾ വില്ലേജുകളിൽ നിന്നും നല്കുന്നതുമൂലം അർഹരായ പല അപേക്ഷകർക്കും പെൻ ഷൻ കിട്ടുന്നില്ലെന്നും ഈ സ്ഥിതി മാറ്റണമെന്നും പരാതികളുണ്ട്.

അങ്കൺ വാടികൾ

സാമൂഹ്യ സേവന രംഗത്ത് അടിസ് ഥാനപരമായ പ്രവർത്തനം കാഴ്ച്ച വെയ് ക്കുന്നതിനും അംഗൻ വാടികൾ നമ്മുടെ പഞ്ചായത്തിലെ 8 വാർഡുകളിലും ഉണ്ട്. പഞ്ചായത്തിൽ ആകെ അംഗൻവാ ടികളാണുള്ളത്. ഇവയിൽ എണ്ണത്തിനു മാത്രമെ സ്വന്തമായി കെട്ടിടവും മറ്റ് സൗകര്യങ്ങളും ഉള്ളു. ബാക്കിയുള്ള

അംഗൻ വാടികളിൽ പലതും ഇന്ന് വീടുകളുടെ ചാർത്തുകളിലും മറ്റും നടത്തിവരുന്നു. അംഗൻവാടികളിൽ പ്രാഥമിക സൗകര്യങ്ങളോ ആവശ്യത്തിനുള്ള ഉപകരണങ്ങളോ ഇല്ലാത്തതാണ് ഇവ നേരിടുന്ന മറ്റു പ്രശ്നങ്ങൾ. ജീവനക്കാരുടെ സ്ഥിതിയും ഒട്ടും മെച്ചമല്ല. രാവിലെ പത്തു മണിമുതൽ വൈകിട്ട് 3 മണിവരെ ജോലിചെയ്യുകയും, ഗൃഹ സന്ദർശനം നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന ഇവർക്ക് നല്കിവരുന്ന വേതനം കുറഞ്ഞത് 3 ഇരട്ടിയായി എങ്കിലും വർദ്ധിപ്പിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1 അംഗൻവാടികൾക്ക് സ്ഥലവും കെട്ടിടവും, പ്രഥമിക സൗകര്യങ്ങളും ഉണ്ടാക്കുന്നതിന് പഞ്ചായത്തു തല സംവിധാനം ഉണ്ടാക്കുക.

2 ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ വർദ്ധിപ്പിക്കുക.

3 അംഗൻവാടികൾ ഇല്ലാത്തതും അത്യാവശ്യമായി ബോധ്യപ്പെട്ടിട്ടുള്ളിടത്തും പുതിയ അങ്കൺവാടികൾ അനുവദിക്കുക.

പൊതു വിതരണം.

പഞ്ചായത്തിൽ ആകെ പൊതു വിതരണ കേന്ദ്രങ്ങളുണ്ട്. മാവേലി സ്റ്റോറുകളൊന്നും ഈ പഞ്ചായത്തിലില്ല.

അടുത്ത ഗ്രാമ പഞ്ചാത്തായ രാജകുമാരിയിൽ സ്ഥിതി ചെയ്യുന്ന മാവേലി സ്റ്റോറാണ് വല്ലപ്പോഴെങ്കിലും ഇന്നാട്ടിലെ ജനങ്ങൾ ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. പഞ്ചായത്തിൽ എത്ര കാർഡുടമകൾ ഉണ്ട് എന്ന് കൃത്യമായി കണക്കുകൾ ശേഖരിക്കാനായിട്ടില്ല. റേഷൻ കാർഡുകൾ ലഭിക്കാത്ത ആളുകളും ഇവിടെയുണ്ട്. ചില സമയങ്ങളിൽ ലഭിക്കുന്ന അരി തീർത്തും ഗുണനിലവാരം കുറഞ്ഞതാണെങ്കിലും മറ്റു മാർ

അനുബന്ധം-12

രാജാക്കാട് ഗ്രാമപഞ്ചായത്ത് പൊതുവിതരണ സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ. (എല്ലാ റേഷൻ കടകളിലേയും)

വർഷം	കാർഡുടമകളുടെ എണ്ണം			ഗുണഭോക്താക്കളുടെ എണ്ണം			പ്രതിവർഷം വിതരണം ചെയ്ത കെട്ടുവസ്തുക്കൾ കിൻറൽ						മണ്ണെണ്ണ	
	NE	E	ആകെ	മുൻഗണനാവിഭാഗം 12	മറ്റുള്ളവർ 3-12	ആകെ	അരി വിതരണം ചെയ്തത്	ഗോതമ്പ്	റവ	മൈദ	പഞ്ചസാര	പാമോയിൽ	ആകെ	മുൻഗണനാവിഭാഗം (ലി)	മറ്റുള്ളവർ സ്വതന്ത്രവിഭാഗം (ലി)	കാർഡുടമകൾക്കുള്ള ആകെ അനുവദിച്ചത് (ലി)
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
1991- 92	2105	692	2747	12729	2441	15140	9838	7696	15	57	378	21	18005	27	3903	126550
92-93	2339	656	2995	12957	2619	15576	10159	5988	76	295	530	17	17065	24	3304	139040
93-94	2324	719	3043	12998	2673	15671	10854	9324	57	256	526	22	21049	25	2952	148399
94- 95	2315	697	3012	12648	2713	15361	9695	10198	132	2434	57	5	20730	27	3403	126093
95- 96	2228	785	3013	13536	2335	15871	6720	4653	191	350	740	-	12654	30	3316	120841

ഗ്രങ്ങളൊന്നുമില്ലാത്തതിനാൽ 90% ആളുകളും റേഷൻ വാങ്ങുന്നുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. മണ്ണെണ്ണ മിക്കപ്പോഴും യഥാസമയങ്ങളിൽ ലഭിക്കാറില്ലെന്നുള്ളതാണ് മുഖ്യമായും ഉയർന്നു കേട്ടിട്ടുള്ള പരാതി. അടുത്ത പഞ്ചാ

അനുബന്ധം - 8

രാജാക്കാട് ഗ്രാമപഞ്ചായത്ത്

8.1 അംഗൻവാടികളിൽ നിന്ന് ശേഖരിക്കേണ്ട വിവരം

1) a) പഞ്ചായത്തിലെ (്കെ ജനസംഖ്യ	13886. (1991 സെൻസസ്)
b) പുരുഷൻമാർ	7069
c) സ്ത്രീകൾ	6817
2) a) പട്ടികജാതി ജനസംഖ്യ	277
b) പട്ടികവർഗജനസംഖ്യ	30
3) അംഗൻവാടികളുടെ എണ്ണം	18
4) a)ഒരു വയസിന് താഴെ പ്രായമുള്ള കുട്ടികൾ	215
b)1-2 വയസു വരെ പ്രായമുള്ള കുട്ടികൾ	211
c) 2-3 വയസു വരെ പ്രായമുള്ള കുട്ടികൾ	187
d) 3-5 വയസുവരെ പ്രായമുള്ള കുട്ടികൾ	388
5)a)വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം	: 126
ഇവരിൽ പ്രത്യേകം പരിചരണം ആവശ്യമുള്ളവരുടെ എണ്ണം	: 10
6) മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം വരെ പ്രായമുള്ള കുട്ടികളുള്ള)	: 181
7) a)കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ	: 187
ചാപിള്ള ജനനങ്ങൾ	: 5
8) a)ഒരു വയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95 96)	: 1
b) 13 വയസ്സുവരെ മരിച്ചകുട്ടികളുടെ എണ്ണം	: Nil
3-6 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം	: Nil
മറ്റുമരണങ്ങളുടെ എണ്ണം	: 56
10) a)അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം	: 598
b) അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം	: 96
c) അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	: 81

രാജാക്കാട് ഗ്രാമപഞ്ചായത്ത്

8.2 കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

പ്രായം	നോർമൽ		1-ാം ഗ്രേഡ്		2-ാംഗ്രേഡ്		3-ാം ഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1-ാം വയസ്സിൽതാഴെ	150	170	15	18	05	12	0	0
1-3 വയസ്സ്	500	510	35	22	25	18	0	0
3-8 വയസ്സ്	710	700	20	17	10	15	0	0

1-ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ

2-ാംഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ

3-ാംഗ്രേഡ് - ഗുരുതരമായ പോഷണക്കുറവുള്ളവർ

രാജാക്കാട് ഗ്രാമപഞ്ചായത്ത്

5.3 കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

കുട്ടികൾ	ബി.സി.ജി	ഡി. പി. റ്റി				പോളിയോ				ഡി.റ്റി				മിസൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1-ാംവയസ്സിൽ താഴെ	370	323	323			323	323	323						334
1-3 വയസ്സ്	110	1074	1074	1035	1074	1035	1074	1074	1035					
3-6 വയസ്സ്	1482	1312	1312	1312	1254	1312	1312	1254	454	432				

ടെറ്റനസ് ടെക്സോയിഡ് T.T

ഗർഭിണികൾ	1s	2s	BD
	503	440	45

ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം 126

ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം 200

വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം 400

ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 400

ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 215

വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം ഇല്ല

രാജാക്കാട് ഗ്രാമപഞ്ചായത്ത്
കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	സാനിട്ടറി കക്കൂസ് ഇല്ലാത്ത വീടുകളുടെ എണ്ണം IRDP സർവ്വേ	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
1	2	3	4	5
	1310	38	38	1272

യത്തിൽ ഉള്ള മാവേലി സ്റ്റോർ വഴി ചുരുക്കം നിത്യോപയോഗ സാധനങ്ങൾ ലഭിക്കുമെങ്കിലും വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴുയുന്നില്ല.

നിർദ്ദേശങ്ങൾ

രാജക്കാട്ടിൽ ഒരു മാവേലി സ്റ്റോർ ഉടനടി ആരംഭിക്കുക.

2. പൊതുവിതരണ കേന്ദ്രങ്ങൾ വഴി മണ്ണെണ്ണ പൂർണ്ണമായ അളവിൽ യഥാ സമയങ്ങളിൽ വിതരണം ചെയ്യുക.

3. നിത്യോപയോഗ സാധനങ്ങളെല്ലാം പൊതു വിതരണ കേന്ദ്രങ്ങൾ വഴി കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുക.

4. പൊതുവിതരണ കേന്ദ്രങ്ങളിലെ വിതരണം ഇടപാടുകൾ സുതാര്യമാക്കുക.

5. പൊതുവിതരണ കേന്ദ്രം ആവശ്യമുള്ളിടത്ത് അനുവദിക്കുക.

സാമൂഹ്യ ക്ഷേമ രംഗത്തെ നിർദ്ദേശങ്ങൾ

1. സംയോജിത ഗ്രാമവികസന പദ്ധതിയുടെ വരുമാന പരിധി 25,000 രൂപ വരെയാക്കുക.

2. വിവിധ പെൻഷൻ പദ്ധതികൾ കാലതാമസം കൂടാതെ വിതരണം നടത്തുക.

3. നിർദ്ധന വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസവും ചികിത്സയും ലഭ്യമാക്കുക.

4. പഞ്ചാത്തിലെ എല്ലാ തെരുവുകളിലും വഴി വിളക്കുകൾ സ്ഥാപിക്കുക.

5. ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ കാര്യഭക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

6. ഈ പഞ്ചായത്തിലെ കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചു നൽകുന്നതിനുള്ള ഫണ്ടുകൾ പഞ്ചായത്തിന് നൽകുക.

7. പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് ആവശ്യമുള്ള എല്ലാ കുടുംബങ്ങളെയും അവരുടെ ധനസ്ഥിതി കണക്കിലെടുക്കാതെ പോഷകാഹാര പദ്ധതിയിൽ ഉൾപ്പെടുത്തുക.

8. പ്രകൃതി ക്ഷോഭം മൂലം വീടുകൾ നഷ്ടപ്പെടുന്നവർക്കുള്ള ധനസഹായം കാലതാമസം കൂടാതെ പഞ്ചായത്തുകൾ വഴി നല്കുന്നതിന് നടപടികൾ സ്വീകരിക്കുക.

9. ഈ പഞ്ചായത്തിൽ ശുദ്ധജല വിതരണത്തിന് പൈപ്പുകൾ സ്ഥാപിക്കാത്ത എല്ലാ ഭാഗങ്ങളിലും പൈപ്പുകൾ സ്ഥാപിക്കുക.

10. ഈറ്റക്കാനം കുരങ്ങുപാറ, വലിയ

കണ്ടം, കള്ളിമാലി, ചാക്കിടച്ചിറഭാഗം, രാജക്കാട് ഗുരുകുലം, പഴയവിടുതി എന്നിവിടങ്ങളിൽ പുതിയ അംഗനവാടികൾ അനുവദിക്കുക.

11. പന്നിയാർകൂട്ടിലുള്ള സ്റ്റേഡിയം വിപുലീകരിക്കുക.

12. ആൺമക്കൾ ഉള്ളവർക്കും കൂടി വാർദ്ധക്യകാല അഗതി പെൻഷനുകൾ നല്കുന്നതിന് നിയമ നടപടികൾ സ്വീകരിക്കുക.

11.2 ട്രൈസം- തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

വാർഡ് നമ്പർ	പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതരതൊഴിലുകളിൽഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
1	2	3	4	5	6
3		18nos	15nos	3	3

അനുബന്ധം-11

രാജാക്കാട് ഗ്രാമപഞ്ചായത്ത്

11.1 IRDPസർവ്വേ പ്രകാരം- ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	2 1561	3 Sc27 ST NIL	4 69 Nos	5 Sc 22 ST NIL	6	7 1561

11.8CSS for SF/MF പരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം

ക്രമ നമ്പർ	പരിപാടി നടപ്പിലാക്കിയ കാലയളവിൽ നിർമ്മാണം പൂർത്തിയാക്കിയ ആസ്തികൾ	വാർഡ് സ്ത്രീകളുടെ എണ്ണം- അളവ്											
		I	II	III	IV	V	VI	VII	VIII	IX	X		ആകെ
1	കിണറുകൾ												SF 161 Nos
2	കുളങ്ങൾ												M F 681 Nos
3	വാട്ടർ ടാങ്കുകൾ												
4	പമ്പ് ഹൗസുകൾ												
5	പമ്പ് സെറ്റുകൾ												
	ജലസേചനം നടത്തിയ കൃഷിയുടെ അളവ്												

11.9. ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)

വാർഡ് നമ്പർ	സർവ്വേപ്രകാരം ഗ്രാമീണകൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിന് ആർഹതയുള്ളവരുടെ എണ്ണം	കുറിപ്പ്
1	2 19nos	3 19nos	4	5

രാജാക്കാട് ഗ്രാമപഞ്ചായത്ത്

1.4 കുളങ്ങളെയും കിണറുകളെയും സംബന്ധിച്ച വിവരങ്ങൾ (പഞ്ചായത്ത് വക) Ref: A.II.J

കുളങ്ങളുടെ എണ്ണം (വിസ്തീർണ്ണത്തിനനുസരിച്ച്- സെൻറർ)

വാർഡ്	10സെൻറ് താഴെ	10-20	20-30	30-40	40-50	50ന് മുകളിൽ	കിണറുകൾ
1	2	3	4	5	6	7	8
I							4
II	1						6
III	1						4
IV	5						6
V	5						4
VI	5						6
VII	2						4
VIII							4
ആകെ എണ്ണം	19						38

1.27 JRY പണിസംബന്ധിച്ച വിവരങ്ങൾ

പണിയുടെ പേര്	ജനറൽ സെക്ടർ തുക രൂ.	SC/ STവിഭാഗം തുക. രൂ.	ആകെ തുക. രൂ.
1	2	3	4
1. എൻ ആർ സിറ്റി മന്നാക്കുടി റോഡിൽ കലുങ്ക്	50000/-		50000/-
2. മാരാർ സിറ്റി കള്ളിമാലി റോഡിൽ 500 മീറ്റർ റോഡ്	25000/-	-	25000/-
3. മാന്നാക്കുടി റോഡിൽ കലുങ്ക്	25000/-	-	25000/-
4. ചെറുതാനി പുരയിടത്തിൽ കലുങ്ക്	25000/-	-	25000/-
5. 1992- 93 കോമൺ അവനിറ്റീസ് 8 എണ്ണം		11000.0	11000.0
6. 7 വീടുകളുടെയും കക്കൂസിന്റെ നിർമ്മാണം.	-	65250	65250.0
7. പാലച്ചുവട്ട്- മഠത്തിശ്ശേരി പുരയിടം റോഡ്	43990.0	-	43990.0
8. മുല്ലക്കാനം പനച്ചിക്കുഴി റോഡ്. പുനരുദ്ധാരണം	25000.0	-	25000.0
9. കുഴിപ്പിൻ പുരയിട റോഡിൽ റീറ്റെയിനിയാവാൾ	35000.0	-	35000.0
10. iV -ാം വാർഡിൽ കലുങ്ക്	45000.0	-	45000.0
11. V - ാം വാർഡിൽ താലൂക്ക് പുരയ്ക്കൽ റോഡിന്റെ പുനരുദ്ധാരണം	60000.0	-	60000
12. രണ്ടു വീടുകളുടെ നിർമ്മാണം.	31600.0	-	31600.0
13. V - ാം വാർഡിൽ	5000.0	-	5000.0
14. 1 - ാംവാർഡിൽ നളിനി കിണറ്റിൻ കരയുടെ വീടിനടുത്തുള്ള കിണറിന്റെ പുനരുദ്ധാരണം	6815.0	-	6815.0

1.28 ഏറ്റെടുത്ത JRY പണികൾ സംബന്ധിച്ച് വിവരങ്ങൾ Ref.JRY Work Reg. 9596

	ജനറൽ		SC/ST	
പണിയുടെ പേര്	എസ്റ്റിമേറ്റ്തുക	നൽകിയത്	എസ്റ്റിമേറ്റ്തുക	നൽകിയത്
1	2	3	4	5
1. നരിക്കുഴപുരയിടത്തിൽ കലുങ്കിന്റെ നിർമ്മാണം	45000-00	8000-0	-	
2. വലിയകണ്ടം- പുതകിൾ റോഡിന്റെ പുനരുദ്ധാനം	60000.0			
3. പാലച്ചുവട്- മഠത്തിശ്ശേരി പുരയിടംറോഡിന്റെ പുനരുദ്ധാരണം.	45000.0	9000.0	-	-
4. സി. ജെ.തങ്കച്ചന്റെ വീടിന്റെ നിർമ്മാണം			15800	1300.0
5. ഗീതാ ശിവൻ നിരപ്പൻ പുത്തൻ പുരയുടെ വീടിന്റെ നിർമ്മാണം.			15800.0	1300.0
6. കുഴിപ്പിൻപുരയിടം റോഡിന്റെ റീറ്റേയിനിംഗ് വാൾ	37913.00	7200.0		
7. മുല്ലക്കാനം- പനഞ്ചിക്കുഴിറോഡിന്റെ റിറ്റെയിനിംഗ് വാൾ	25000.0	5000.0		
8. നളിനി കിണറ്റിൻകരയിൽ എന്നയാളുടെ വീടിന്റെ അടുത്തുള്ള കിണറിന്റെ നിർമ്മാണം.			8881.0	1800.0

സാമൂഹ്യക്ഷേമം, പാർപ്പിടം

വാർഡ് 1

1 കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക(വാർഡിൽ)

2 ലക്ഷം വീട് കോളനിയിൽ ദൃശ്യ ശ്രവ്യ മാദ്ധ്യമങ്ങൾ സ്ഥാപിക്കുക.

3 വിവിധ പെൻഷനുകൾ, വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള സാമ്പത്തിക സഹായം ഇവ യഥാസമയം ലഭ്യമാക്കുക.

4 അഗതി മന്ദിരങ്ങൾ സ്ഥാപിക്കുക.

5 നിർധന വിദ്യാർത്ഥികൾക്ക് സൗജന്യ ചികിത്സയും വിദ്യാഭ്യാസവും നല്കുക.

6 സൗരോർജ്ജ വിളക്കുകൾ കൂടുതൽ വഴിവിളക്കുകൾ എന്നിവ സ്ഥാപിക്കുക.

7 വ്യാജ മദ്യവില്പന തടയുക

8 പുതിയ മദ്യഷാപ്പുകൾവാർഡിൽ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

9 ഗ്രന്ഥശാലുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഗ്രാൻറ് വർദ്ധിപ്പിക്കുക

10 ഭവന നിർമ്മാണത്തിന് പഞ്ചായത്തു തല ഫണ്ട് ഉണ്ടാക്കുക.

വാർഡ് 2

1 എല്ലാ കുടുംബങ്ങൾക്കും കക്കൂസുകൾ ലഭിക്കത്തക്കവിധം രണ്ടാം വാർഡ് സാനിറ്റേഷൻ വാർഡായി പ്രഖ്യാപിക്കണം.

2 മമ്മട്ടിക്കാനം സബ്സെൻററിൻെറ പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടി വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിൽ ഒരു ജനകീയ സമിതി രൂപീകരിക്കണം.

3 പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് എല്ലാ കുടുംബങ്ങളേയും പരിഹരിക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കണം.

4 പട്ടയം ഉള്ളതും ഇല്ലാത്തതുമായ കൈവശ ഭൂമിയിൽ വീടുവെയ്ക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കണം.

5 ഭവന ഭദ്രതാ പദ്ധതികൾ ആരംഭിക്കണം.

വാർഡ് 3

1 സ്വന്തമായി സ്ഥലമില്ലാത്തവർക്ക് സ്ഥലവും വീടു വെച്ചുകൊടുക്കുന്നതിന് പ്രത്യേക പരിഗണനയും നല്കണം.

2. സാമ്പത്തിക ദുരിതം അനുഭവിക്കുന്ന 100 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ സഹായം നല്കണം.

3 കക്കൂസ് ഇല്ലാത്ത മുഴുവൻ പേർക്കും കക്കൂസ് നിർമ്മിക്കുന്നതിന് സഹായം നല്കണം.

4 ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിച്ച് നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുവാൻ സഹായം ലഭ്യമാക്കണം.

5 മുഴുവൻ സ്ത്രീകളേയും ഉൾപ്പെടുത്തി മഹിളാ സംഘം രൂപീകരിക്കുവാനും അംഗൻവാടികളുടെ പ്രവർത്തനം മഹിളാ സംഘങ്ങളുടെ മേൽനോട്ടത്തിൽ വേണമെന്നു നിർദ്ദേശിച്ചു.

6 വിവിധ സാമൂഹിക പെൻഷനുകൾക്ക് അർഹരായവർക്ക് അതു കിട്ടുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്നു നിർദ്ദേശിച്ചു.

7 10 വയസ്സിൽ താഴെ ഉള്ളവർക്ക് അംഗൻവാടിയിൽനിന്നു പോഷകാഹാരം നൽകണമെന്നു നിർദ്ദേശിച്ചു.

8 വാർഡിലെ വ്യാജ മദ്യ നിർമ്മാണവും വില്പനയും നിരോധിക്കണം.

വാർഡ് 4

വാർഡിൽ 90% വീടുകളും കുടിലുകൾ ആണ്. അതു പുനരുദ്ധരിക്കുന്നതിനും എല്ലാ വീടുകൾക്കും കക്കൂസുകൾ സമയ ബന്ധിതമായി നിർമ്മിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

2 പട്ടയം ഇല്ലാത്തവർക്ക് വീട് വെയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാകുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.

വാർഡ് 5

1 ഈ വാർഡിൽ ഭൂരിപക്ഷവും കുടിലുകൾ ആണ്.

2 ദുർബലവിഭാഗങ്ങൾക്ക് വീടുവെയ്ക്കാൻ മുഴുവൻ തുകയും ഗ്രാൻറായി നൽകണം.

3 ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നതിനുള്ള നിയമങ്ങൾ ലഘൂകരിക്കുക.

4 എല്ലാവർക്കും പട്ടയം നല്കുക.

5 പട്ടയമില്ലാത്തവർക്ക് ഭവനനിർമ്മാണ വായ്പ ലഭ്യമാക്കുക

6 എല്ലാവീടുകളും വൈദ്യുതീകരിക്കുകയും എല്ലാ വീടുകളിലുംകക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കണം

7 എല്ലാവർക്കും ശുദ്ധജലം എത്തിക്കുക.

8 വാർഡിലുള്ള ഭവനനിർമ്മാണ തൊഴിലാളികൾക്ക് ചിലവ് കുറഞ്ഞ വീടു വെയ്ക്കുന്നതിനുള്ള പരിശീലനം നല്കുക.

9 കെട്ടിടനിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം നല്കണം.

10 നിലവിലുള്ള ലക്ഷംവീട്കോളനി I.H.D.P കോളനികളുടെ ശോച്യാവസ്ഥ പരിഹരിക്കണം.

11 സാമൂഹികക്ഷേമപദ്ധതി പ്രകാരം അർഹരായവർക്ക് പെൻഷൻ ലഭിക്കുവാൻ ഉള്ള നടപടികൾ സ്വീകരിക്കണം.

12 വൃദ്ധജനങ്ങളുടെ ക്ഷേമത്തിന് അഗതിമന്ദിരങ്ങൾ സ്ഥാപിക്കുക.

13 തലക്കുളം, ആനപ്പാറ പ്രദേശങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുക.

14 ഭവനനിർമ്മാണ ആവശ്യങ്ങൾക്ക് തടിമുറിക്കുന്നതിനാവശ്യമായി നിയമങ്ങൾ ഭേദഗതി ചെയ്യുക.

15 കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും തടയുക.

വാർഡ് 6

1 പട്ടയം ഈടു വെയ്ക്കുന്ന എല്ലാവർക്കും വീടുവെയ്ക്കുന്നതിന് സാമ്പത്തികസഹായം ലഭ്യമാക്കുക.

2 വാസയോഗ്യമല്ലാത്ത എല്ലാ വീടുകളും പുതുക്കിപണിയുവാൻ സാമ്പത്തികസൗകര്യം ലഭ്യമാക്കുക.

3 കൈവശരേഖയുടെ അടിസ്ഥാനത്തിൽ ഒരു വർഷം 50 വീട് എന്ന കണക്കിന് വീടുവെയ്ക്കുവാൻ വായ്പ അനുവദിക്കുക.

4 സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വാർഡിലെ 10 കുടുംബങ്ങൾക്ക് വീടുവെയ്ക്കുന്നതിന് പഞ്ചായത്തിന്റെ മേൽത്തട്ടിൽ സംവിധാനം ഉണ്ടാക്കുക.

5 പ്രകൃതിക്ഷോഭം മൂലം വീട് നശിക്കുന്നവർക്ക് 15 ദിവസത്തിനകം വീട് പുതുക്കിപ്പണിയുവാൻ സാമ്പത്തി

കസൗകര്യം ലഭ്യമാക്കുക.

6 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നല്കുക.

7 വിവിധ ഇനം പെൻഷനുകൾ കാല താമസം കൂടാതെ നല്കുക.

8 രാജാക്കാട് ടൗണിൽ പൊതുക ക്കൂസും മൂത്രപ്പുരയും നിർമ്മിക്കുവാൻ പഞ്ചായത്ത് നടപടി സ്വീകരിക്കുക.

9 ആംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

10 N.R. സിറ്റിയിൽ ഒരു വെയ്റ്റിം ഗ്ഷെഡ് പണിയുക.

വാർഡ് 7

1 സ്വന്തമായി സ്ഥലമില്ലാത്തവർക്ക് വീട്വെച്ച് കൊടുക്കുന്നതിന് പ്രത്യേക പരിഗണന നല്കുക.

2 കക്കൂസ് സൗകര്യം ഇല്ലാത്ത മുഴു വൻ വീടുകൾക്കും കക്കൂസ് നിർമ്മിക്കുന്ന തിന് സഹായം ലഭ്യമാക്കുക.

3 പട്ടയം ഇല്ലാത്തവർക്ക് വീട് വെയ് ക്കുന്നതിന് സർക്കാരിൽ നിന്നും അനുവ ദിക്കുന്ന സാമ്പത്തിക സഹായം ലഭ്യമാ ക്കുന്നതിന് നടപടി സ്വീകരിക്കുക.

4 ഭവനനിർമ്മാണ സഹകരണസംഘ ങ്ങൾ രൂപവൽക്കരിക്കുക.

5 വിവിധ സാമൂഹികപെൻഷൻ പദ്ധ തികൾ അർഹരായവർക്ക് ലഭ്യമാക്കത്ത ക്കവണ്ണം നിയമത്തിൽ അയവു വരു ത്തുക.

6 അംഗൻവാടി വഴിയുള്ള പോഷ കാഹാരവിതരണം 10-ാം വയസ്സിൽ താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ലഭ്യമാക്കണം.

7 വിധവകളുടെ മക്കളെ വിവാഹം കഴിച്ചയക്കുന്നതിന് ആവശ്യമായ സാമ്പ ത്തികസഹായം പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം.

8 വയോജനവിദ്യാഭ്യാസം പുനരാരംഭി ക്കണം.

വാർഡ് 8

1 കൈവശഭൂമിയുടെ പട്ടയം നല്കുക.

2 പട്ടയം ഇല്ലാത്തവർക്കും, ഷെഡ്യൂൾ ട്കാസ്റ്റ്, S-T എന്നിവയിൽപെടാത്ത വർക്കും വീട് വെയ്ക്കുന്നതിന് സഹാ യവും ലോണും നല്കുക.

3 ഭൂരഹിതർക്ക് വീട് വെയ്ക്കുവാൻ സ്ഥലം നല്കുക.

4 കക്കൂസ് ഇല്ലാത്ത വീടുകൾക്ക് കക്കൂസ് നിർമിക്കുന്നതിന് സഹായം നല്കുക.

5 വാർദ്ധക്യകാല പെൻഷൻ , കർഷ കത്തൊഴിലാളി പെൻഷൻ എന്നിവ നല്കുന്നതിനുള്ള നിയമക്കുരുക്കുകൾ ഒഴിവാക്കുക.

6 ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുക.

7 കാലവർഷക്കെടുതിയിൽ വീടു നശിച്ചവർക്കുള്ള സാമ്പത്തികസഹായം പഞ്ചായത്ത് മുഖേന നൽകുക.

സംസ്കാരം

നാനാത്വത്തിൽ ഏകത്വം എന്ന നമ്മുടെ രാഷ്ട്രത്തിന്റെ മുദ്രാവാക്യം അന്തസത്തയോടുകൂടി കാത്തു സൂക്ഷിക്കുന്ന ഒരു നല്ല സംസ്കാരത്തിന്റെ ഉടമകളാണ് രാജാക്കാട് ഗ്രാമവാസികൾ. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും കുടിയേറി പാർക്കുന്നവരാണ് ഭൂരിഭാഗം ആളുകളും. കാട്ടാനയോടും, മലമ്പനിയോടും, മല്ലിട്ട് കൊടും തണുപ്പിനെ വകവെയ്ക്കാതെ മണ്ണിൽ പൊന്നുവിളയിച്ചിട്ടുള്ള കർഷകശ്രേഷ്ഠൻമാരാണ് രാജാക്കാടിന്റെ സാംസ്ക്കാരിക പൈതൃകം പടുത്തുയർത്തിയത്. നാനാജാതികളിൽപ്പെട്ടവരും, വ്യത്യസ്ത ആചാരാനുഷ്ഠാങ്ങളിൽപ്പെട്ടവരുമായ ഈ പ്രദേശവാസികൾ കക്ഷി, രാഷ്ട്രീയ-ജാതി-മത-വർഗ്ഗ-വർണ്ണ ചിന്താഗതിക്കൾക്കതീതമായി ഈ ഗ്രാമത്തിന്റെ സമഗ്രമായ വികസനത്തിനും, മത മൈത്രി ഊട്ടിവളർത്തുന്നതിനും, സർവ്വോപരി ഭാരതസംസ്ക്കാരം അതിന്റെ ശരിയായ അർത്ഥത്തിൽ നിലനിർത്തുന്നതിനും വിലപ്പെട്ട സംഭാവനകൾ ചെയ്തിട്ടുള്ളവരാണ്.

ജാതിമത ഘടന

എല്ലാജാതിമത വിഭാഗത്തിൽപ്പെട്ട ആളുകളും അധിവസിക്കുന്ന ഒരു പ്രദേശമാണ് നമ്മുടെ ഗ്രാമപഞ്ചായത്ത്, ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങൾ ഇവിടെ ഇടകലർന്ന് വസിക്കുന്നു. കൂടാതെ തമിഴ്നാട്ടിൽനിന്നും വിവിധ ജോലികൾക്കായി ഇവിടെ വന്നു താമസിക്കുന്ന തമിഴരും ഉണ്ട്. മാത്രമല്ല, വിവിധമത വിഭാഗങ്ങളുടെ ഉത്സവങ്ങളും, പെരുനാളുകളും, തിരുനാളുകളും എല്ലാം ഇവിടെ വർഷംതോറും ആഘോഷപൂർവ്വം കൊണ്ടാടാറുണ്ട്. എല്ലാ വിഭാഗം ആളുകളും എല്ലാ ആഘോഷപരിപാടികളിലും പങ്കെടുത്തു വിജയിപ്പിക്കാറുണ്ട്. ഇത് നമ്മുടെ നാടിന്റെ സാംസ്കാരിക പൈതൃകത്തിന്റെമുഖമുദ്രയാണ്. കൂടാതെ, ദേശീയോത്സവമായ തിരുവോണം, വർണ്ണപകിട്ടാർന്ന താളമേളകൊഴുപ്പുകളോടും കായിക കലാപ്രദർശനങ്ങളോടും കൂടി ഇവിടെ അരങ്ങേറുന്നു. ഇതിനുപുറമെ ദീപാവലി, വിഷു, ശിവരാത്രി, വിജയദശമി, മണ്ഡലമഹോത്സവം തുടങ്ങിയവയും പ്രധാന ഉത്സവങ്ങളിൽപ്പെടുന്നു. ക്രിസ്ത്യൻ, മുസ്ലീം, ദേവാലയങ്ങൾ കേന്ദ്രീകരിച്ച്, ക്രിസ്മസ്, ഈസ്റ്റർ, റംസാൻ, ബക്രീദ്, തുടങ്ങിയ പെരുന്നാളുകളും ഓരോ വർഷവും ആഘോഷപൂർവ്വം കൊണ്ടാടിവരുന്നു. ഈ ഉത്സവപരിപാടികളിലും പെരുനാളുകളിലുമെല്ലാം നാനാജാതി മതസ്ഥരും, വിശ്വാസികളും, പങ്കെടുത്തുകൊണ്ടിരിക്കുന്നു എന്നത് നമ്മുടെ സാമുദായിക സൗഹാർദ്ദത്തിന്റെ ഉയർന്ന മാതൃകകളാണ്.

കലാസാംസ്കാരിക സ്ഥാപനങ്ങൾ

ഈ പഞ്ചായത്തിന്റെ കലാസാംസ്കാരിക, സാമ്പത്തിക, സാമൂഹ്യരംഗങ്ങളിൽ വിലപ്പെട്ട സംഭാവനകളും, സഹകരണങ്ങളും നല്കികൊണ്ടിരിക്കുന്നു. ഒട്ടേറെ സാമൂഹ്യ സന്നദ്ധസംഘടനകളും, മഹിളാസമാജങ്ങളും കലാസാംസ്കാരികസംഘടനകളും ഇവിടെ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങൾ എല്ലാം രാജാക്കാടിന്റെ സാംസ്കാരിക നിലവാരം ഉയർത്തുന്നതിന് പ്രചോദനം നല്കിയിട്ടുണ്ട്.

വായനശാലകൾ

നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ നാല് ഗ്രന്ഥശാലകളാണുള്ളത്. രാജാക്കാട് പഞ്ചായത്തു ലൈബ്രറി, എൻ. ആർ. സിറ്റി ദേശീയവായനശാല, മുല്ലക്കാനം പീപ്പിൾസ് ലൈബ്രറി, പഴയ വിടുതി ഗ്രാമീണഗ്രന്ഥശാല എന്നിവയാണിവ. സാമ്പത്തികവും സ്ഥലപരവുമായ പരാധീനതകൾ ഏറെയുണ്ടെങ്കിലും, സാമാന്യം മോശമല്ലാത്ത ഗ്രന്ഥസമ്പത്ത് ഈ വായനശാലകൾക്കുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ തക്കവിധം ജനങ്ങളുടെ വായനാശീലം ഇനിയും ഉയരേണ്ടിയിരിക്കുന്നു.

സന്നദ്ധസംഘടനകൾ

സാസ്, ജനസേവൻകേന്ദ്ര, സി.വൈ.എം. രാജാക്കാട് ഡവലപ്പ്മെൻറ് പ്രോജക്ട്,ആശ്രമം, മിത്രം തുടങ്ങിയ സംഘടനകളും10-ൽ പരം ആർട്ട്സ് ആൻറ്സ് പോർട്ട്സ് ക്ലബുകളും ഈ നാട്ടിലെ സന്നദ്ധപ്രവർത്തനങ്ങളിൽ സജീവമായിട്ടുണ്ട്.

കായിക സ്ഥാപനങ്ങൾ

കായികപുരോഗതിക്കുള്ള ശ്രമങ്ങൾ പ്രധാനമായും ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബുകൾ വഴിയാണ് നടന്നുവരുന്നത്. ജനങ്ങളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായിട്ടുള്ള ശ്രമങ്ങളൊന്നും കാര്യമായി ഈ രംഗത്ത് നടക്കുന്നില്ല എന്ന പോരായ്മയുണ്ട്.

പത്രമാസികകൾ

പത്രമാസികകളിൽ, വാരികകൾക്കാണ് നമ്മുടെ നാട്ടിൽ ഏറെ പ്രചാരമുള്ളത്. ദിനപത്രങ്ങൾ സ്വന്തമായി വരുത്തുന്നവരുടെ എണ്ണം വളരെ കുറവാണ്. ഈ സ്ഥിതിക്ക് മാറ്റം വരുത്തണമെങ്കിൽ ദിനപത്രങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുകയും ജനങ്ങളിൽ വായനാശീലം വളർത്തുന്നതിനാവശ്യമുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നത് പ്രയോജനകരമായിരിക്കും.

നവീന ഇലക്ട്രോണിക് മാദ്ധ്യമങ്ങളായ റേഡിയോയും, ടെലിവിഷനും, സാമാന്യം പ്രചാരത്തിലുണ്ട്. 90% കുടും ബങ്ങൾക്കും സ്വന്തമായി റേഡിയോകളുണ്ട്.

1.9 ലൈബ്രറികൾ, വായനശാലകൾ സംബന്ധിച്ച വിവരങ്ങൾ

Ref. A.V.G.

ലൈബ്രറികൾ			വായനശാലകൾ		
പഞ്ചായത്ത്വക	മറ്റുള്ളവ	ആകെ	പഞ്ചായത്ത്വക	മറ്റുള്ളവ	ആകെ
1	2	3	4	5	6
1	3	4	1	3	4

ലൈബ്രറി വായനശാല ആവശ്യത്തിലേക്ക് പഞ്ചായത്ത് ചെലവഴിച്ച തുക (1195-96): 22906/-

ആകെ ചെലവിന്റെ എത്ര ശതമാനം: 3%

ഗ്രാമസഭാചർച്ചകളിൽ ഉയർന്നുവന്ന പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

1. എല്ലാവാർഡുകളിലും സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.
2. പഞ്ചായത്തല കലാസാംസ്കാരിക സമ്മേളനങ്ങൾ ഒരു വർഷത്തിൽ 2 പ്രാവശ്യം വീതം നടത്തണം.
3. എല്ലാ വാർഡുകളിലും, കലാ-കായിക ക്ലബും, കളിസ്ഥലവും സ്ഥാപിക്കണം.
4. എല്ലാ വർഡുകളിലും, പൊതുവായ സ്ഥലത്ത് റ്റി.വി. സെറ്റുകൾ സ്ഥാപിക്കണം.
5. കായികപ്രതിഭകളെ കണ്ടെത്തി, പഞ്ചായത്ത് ദത്തെടുക്കണം.
6. രാജാക്കാട് പഞ്ചായത്ത് സാംസ്കാരിക നിലയത്തിന്റെ പ്രവർത്തന സമയം 2 പി.എം. മുതൽ 8 പി.എം. വരെയാക്കുകയും, ഒരു അംഗത്തിന് ഒരുസമയം രണ്ടുപുസ്തകങ്ങൾ വീതം നൽകുകയും വേണം.
7. 6-ാം വാർഡിൽ അനുവദിച്ചിട്ടുള്ള ജനവിദ്യാകേന്ദ്രം പ്രവർത്തനമാരംഭിക്കുകയും, തുടർവിദ്യാഭ്യാസം ആരംഭിക്കുകയും ചെയ്യുക.
8. അശ്ലീല പോസ്റ്ററുകൾ, മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ നടപടികൾ സ്വീകരിക്കണം.
9. 'പഞ്ചായത്ത്രാജ്' പ്രസിദ്ധീകരണത്തിന്റെ കോപ്പികൾ വർദ്ധിപ്പിക്കുകയും, ഓരോ വാർഡിലും 10-ൽ കുറയാത്ത വരിക്കാരെ കണ്ടെത്തുകയും വേണം.
10. പന്നിയാർകൂട്ടി നവധാര ആർട്ട്സ് സ്പോർട്ട്സ് ക്ലബ് ആൻറ് ലൈബ്രറിയുടെ വകയായിട്ടുള്ള പന്നിയാർകുടിയിൽ 1 ഹെക്ടർ സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള സ്റ്റേഡിയം വിവിധ സൗകര്യങ്ങളോടുകൂടി പണിപൂർത്തീകരിക്കുക.

സംസ്കാരം

വാർഡ് - 1

1. ഗ്രന്ഥശാലകൾക്ക് പഞ്ചായത്ത് ഗ്രാൻറ് അനുവദിക്കുക.
2. സന്നദ്ധസംഘടനകൾക്ക് ഫണ്ട് അനുവദിക്കുക്കുക.
3. സാംസ്കാരിക സമ്മേളനങ്ങൾ വർഷത്തിൽ 2 പ്രാവശ്യം പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുക.
4. പൊതുസ്ഥലങ്ങളിൽ പുകവലി, മുറുക്ക് ഇവ കുറ്റകരമാക്കുക.

വാർഡ് - 2

1. കുരിശുംപടിയിൽ ഒരു പൊതുകളിസ്ഥലം നിർമ്മിക്കണം.
2. കായികപ്രതിഭകളെ പഞ്ചായത്തു ദത്തെടുത്ത് പ്രോത്സാഹിപ്പിക്കുന്ന പദ്ധതി ഉണ്ടാക്കണം.
3. കലാകായിക ക്ലബ് ആരംഭിക്കണം.
4. വാർഡിൽ ഒരു പൊതു റ്റി.വി. സെറ്റു സ്ഥാപിക്കണം.

വാർഡ് - 3

1. എല്ലാവർക്കും വന്നുചേരുവാൻ സാധിക്കുന്ന സ്ഥലത്ത് വായനശാല, കലാകായിക ക്ലബ് ഇവ സ്ഥാപിക്കണം.
2. ഗ്രാമീണ കായികശേഷി വളർത്തുവാൻ കളിസ്ഥലം ഉണ്ടാക്കണം.

വാർഡ് - 4

1. ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക.
2. ഒരു ലൈബ്രേറി, ഒരു ക്ലബ് ഇവ സ്ഥാപിക്കുക.
3. ഒരു റ്റി.വി. സെറ്റ് അനുവദിക്കുക.
4. ഒരു മിനിസ്റ്റേഡിയം സ്ഥാപിക്കുക.
5. പൊൻമുടിയിൽ ഒരു ടൂറിസ്റ്റ് കേന്ദ്രം നിർമ്മിക്കുക.

വാർഡ് - 5

1. ഒരു പഞ്ചായത്തു സാംസ്കാരികനിലയം സ്ഥാപിക്കണം.
2. ഗ്രന്ഥശാലസ്ഥാപിക്കണം. ഇതുവഴി സാക്ഷരതാപ്രവർത്തനം ഉപഭോക്തൃബോധവൽക്കരണം വിഭവസമാഹരണം തുടങ്ങി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ട പദ്ധതികൾ നടപ്പിലാക്കണം.

വാർഡ് - 6

1. 6-ാം വാർഡിൽ ഒരു പുതിയ വായനശാല സ്ഥാപിക്കുക. നിലവിലുള്ള വായനശാലകളുടെയും ക്ലബുകളുടെയും പ്രവർത്തനം വിപുലീകരിക്കുക.
2. മഹിളാസമാജങ്ങൾ രൂപീകരിക്കുക.
3. സാംസ്കാരിക നിലവാരത്തെ ദോഷകരമായി ബാധിക്കുന്ന ടെലിവിഷൻ പരിപാടികൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക.
4. രാജാക്കാട് സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം 2 മുതൽ 8 വരെയാക്കുക. ഒരു മെമ്പർക്കു ഒരേ സമയം 2 പുസ്തകമെങ്കിലും നൽകുക.
5. 6-ാം വാർഡിൽ അനുവദിച്ചുകിട്ടിയ ജനവിദ്യാകേന്ദ്രം പ്രവർത്തനം ആരംഭിക്കുക. തുടർസാക്ഷരതാ പ്രവർത്തനം ആരംഭിക്കുക.
6. കലാകായിക സാംസ്കാരിക പ്രോത്സാഹന പരിപാടികൾ സംഘടിപ്പിക്കുക.

വാർഡ് - 7

1. കനകപ്പുഴ ഭാഗത്ത് സാംസ്കാരികനിലയം സ്ഥാപിച്ച് വാർത്താമാദ്ധ്യമങ്ങൾ എത്തിക്കണം.
2. കലാകായിക രംഗത്ത് പ്രോത്സാഹനം നൽകണം.
3. അശ്ലീലപോസ്റ്ററുകൾ, മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ ബോധവൽക്കരണവും മറ്റ് നടപടികളും സ്വീകരിക്കണം.

വാർഡ്- 8

1. നിലവിലുള്ള വായനശാലയിൽ വിദ്യാഭ്യാസനിലവാരമുള്ള പുസ്തകങ്ങൾ വാങ്ങുന്നതിന് ഗ്രാൻറ് നൽകുക.
2. ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്ത് റ്റി.വി. സെറ്റ് സ്ഥാപിക്കുന്നതിന് സഹായം നൽകുക.

വനിത

സ്വതന്ത്രഭാരതത്തിൽ വനിതാ വിമോചന പ്രസ്ഥാനങ്ങൾ വിവിധ മേഖലകളിൽ രൂപംകൊണ്ടിട്ടുണ്ട്. എന്നാൽ ഈ കാലഘട്ടത്തിൽ സ്ത്രീകൾ എല്ലാ രംഗങ്ങളിലും, അവരുടെ സജീവപങ്കാളിത്വം ഉറപ്പു വരുത്താൻ കഴിയാതെ ഒതുങ്ങികഴിയുന്ന ഒരു അവസ്ഥയാണ് കണ്ടുവരുന്നത്. ഈ പ്രവണത രാജാക്കാട് പഞ്ചായത്തിലും പ്രകടമായി കാണാം.

സാമൂഹ്യ പ്രവർത്തനമേഖലകളിൽ ഈ പഞ്ചായത്തിൽ സ്ത്രീ പങ്കാളിത്വം പൊതുവെ കുറവായിരുന്നു. ഒരു കുടിയേറ്റ പ്രദേശം എന്ന നിലയിൽ സ്ക്കൂൾ വിദ്യാഭ്യാസം സ്ത്രീകൾക്ക് ഒരു കാലത്ത് അപ്രാപ്യമായിരുന്നു. എന്നാൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ സ്ത്രീകൾക്ക് എഴുതുവാനും, വായിക്കാനുമുള്ള അവസരം കുടിപള്ളിക്കൂടങ്ങളിലൂടെ ലഭ്യമായി. തുടർന്നിങ്ങോട്ട് വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആഗമനത്തോടെ സ്ത്രീകളുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുകയും, സാമൂഹ്യ-സാംസ്കാരിക മേഖലകളിൽ സജീവപങ്കാളിത്വം ഉറപ്പുവരുത്താൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്റെ അഭാവംമൂലം ഉയർന്നതൊഴിൽ മേഖലകളിൽ എത്തിപ്പെടാൻ കഴിഞ്ഞില്ലെങ്കിലും, വൈവിധ്യമാർന്ന തൊഴിൽ മേഖലകളിൽ എത്തിപ്പെടാൻ നമ്മുടെ വനിതകൾക്ക് കഴിഞ്ഞിട്ടുണ്ട്. അദ്ധ്യാപകരംഗത്ത്, പുരുഷൻമാരേക്കാൾ മുൻപന്തിയിലാണ് സ്ത്രീകൾ. ഇതിനുദാഹരണമാണ് നമ്മുടെ പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിലെ അദ്ധ്യാപികമാരുടെ അംഗബലം.

കാർഷിക രംഗം

കാർഷിക മേഖലകളിലും, വനിതകൾ പുരുഷൻമാരേക്കാൾ മുൻപന്തിയിലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. എങ്കിലും, തൊഴിൽ മേഖലയിൽ സ്ത്രീകൾക്കെതിരായിട്ടുള്ള ക്രൂരമായ അവഗണന നിലനില്ക്കുന്നു എന്നുള്ളത് ഖേദകരമാണ്. ഗവൺമെൻറ് തലത്തിലുള്ള വിവിധ തൊഴിലവസര പദ്ധതികളുടെ സഹായത്താൽ,ചെറുകിട വ്യവസായങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ എന്നിവയിൽ സാമാന്യം മെച്ചപ്പെട്ട നിലവാരം പുലർത്താൻ നമ്മുടെ വനിതകൾക്ക് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ചാരിതാർത്ഥ്യമാണ്.

സാമൂഹ്യരംഗം

സാമൂഹ്യരംഗത്തും സ്ത്രീകൾ അവരുടെ തനതായ വ്യക്തിമുദ്രകൾ പതിപ്പിച്ചിട്ടുണ്ട്. ഹൈറേഞ്ചിലെ തൊഴിലാളികളുടെ അവകാശസമരങ്ങളിലും, സാമൂഹ്യപ്രക്ഷോഭങ്ങളിലും സ്ത്രീകളുടെ സജീവപങ്കാളിത്വവും നേതൃത്വവും ഉണ്ടായിരുന്നതായികാണാം. ജനാധിപത്യ മഹിളാഅസ്സോസിയേഷന്റെയും, മഹിളാകോൺഗ്രസ്സിന്റെയും പ്രവർത്തനം ഇന്നാട്ടിലെ സ്ത്രീകൾക്കിടയിൽ സാമൂഹ്യ അവബോധം വളർത്തുവാൻ പര്യാപ്തമായിരുന്നു, എങ്കിലും സാമൂഹ്യ സേവന രംഗങ്ങളിൽ സ്ത്രീകൾ ഇനിയും മുന്നോട്ടു വരേണ്ടതായിട്ടുണ്ട്.

കലാ-കായികരംഗം

കലാ-കായികരംഗത്തും നമ്മുടെ വനിതകൾ മികച്ച നിലവാരം പുലർത്തിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ കെ. എസ്. ബിജിമോൾ കരിമ്പനാമറ്റത്തിൽ എന്ന കായികതാരം ദേശീയ, അന്തർദേശീയ തലങ്ങളിൽ തിളക്കമാർന്ന വിജയം കൈവരിച്ചിട്ടുള്ളത് നമ്മുടെ ഗ്രാമപഞ്ചായത്തിനു തന്നെ അഭിമാനാർഹമാണ്. എൻ. ആർ. സിറ്റി, എസ്. എൻ. വി. എച്ച്. എസ്, രാജാക്കാട് ഗവൺമെൻറ് ഹൈസ്ക്കൂൾ, പഴയവിടുതി ഗവൺമെൻറ് യു. പി. സ്ക്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥിനികളായ കായിക താരങ്ങൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വളരെ മികച്ച പ്രകടനമാണ് കാഴ്ചവെക്കുന്നത്. പരിമിതമായ ചുറ്റുപാടുകളിലൊതുങ്ങി നിന്നുകൊണ്ട് കലാമേളകളിലും നമ്മുടെ വനിതകൾ സ്വാഗതാർഹമായ നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്.

സ്ത്രീകൾ അവരുടെ അവകാശങ്ങൾ തിരിച്ചറിയുകയും അതു നേടിയെടുക്കുന്നതിനുള്ള സമഗ്രമായ സമരപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്താൽ ഇപ്പോഴുള്ള ചുറ്റുപാടുകളിൽനിന്നും ഉയർന്ന നേട്ടങ്ങൾ കൈവരിക്കുവാൻ നമ്മുടെ വനിതകൾക്ക് കഴിയുമെന്നുള്ളത് നിസ്തർക്കമാണ്.

പ്രശ്നങ്ങൾ

1. തൊഴിലില്ലായ്മ നമ്മുടെ വനിതകളുടെ ഒരു പ്രധാന പ്രശ്നമാണ്.
2. ഉള്ള തൊഴിൽ മേഖലയിൽതന്നെ കൂലി നിരക്കിലുള്ള വിവേചനം ഇപ്പോഴും നിലനില്ക്കുന്നു.
3. സാമൂഹ്യ രംഗങ്ങളിലുള്ള വിവേചനം ഇന്നും നിലനില്ക്കുന്നു.
4. മെച്ചപ്പെട്ട പാർപ്പിടസൗകര്യങ്ങളുടെ അപര്യാപ്തത.
5. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാങ്കേതികമായ പരിജ്ഞാനക്കുറവും അഞ്ജതയും.
6. ആരോഗ്യപരിപാലനരംഗത്തും ശിശു സംരക്ഷണരംഗത്തും ശുചീകരണത്തിലും നിലനില്ക്കുന്ന അജ്ഞത.

നിർദ്ദേശങ്ങൾ

1. മുതലാളി-തൊഴിലാളിബന്ധം സുദൃഢമാക്കുന്നതിനും, സ്ത്രീ തൊഴിലാളികൾക്ക് തുല്യവേതന സംവിധാനം ഉറപ്പുവരുത്തുന്നതിനും, സന്നദ്ധസംഘടനകളും, ട്രേഡ്യൂണിയനുകളും ആത്മാർത്ഥമായി സഹകരിച്ചാൽ, തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് തുല്യപ്രാതിനിത്യവും വേതനവും ഉറപ്പുവരുത്താൻ കഴിയും.
2. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്, വിവിധസർക്കാർ ഏജൻസികൾ മുഖാന്തിരമുള്ള വായ്പാസൗകര്യങ്ങൾ സുതാര്യമാക്കണം.
3. ഗ്രാമപഞ്ചായത്തു തലത്തിൽ, വനിതകൾക്ക് സാമൂഹ്യമായ അവബോധം വളർത്തുന്നതിന് ഉതകുന്ന വിധത്തിൽ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് സാമൂഹ്യ അവബോധം നല്കുവാൻ കഴിയണം.
4. ബ്ലോക്ക് തലങ്ങളിൽ സ്ത്രീകളുടെ മെച്ചപ്പെട്ട പാർപ്പിട സൗകര്യങ്ങ[illegible] നടപ്പിലാക്കുന്ന പാർപ്പിട[illegible] ഡിയോടുകൂടി ലഭ്യമാക്കുന്ന[illegible] മനടപടികൾ ലഘൂകരിക്കുക.
5. പഞ്ചായത്തുതലങ്ങളിൽ സ്വയംതൊ[illegible] ഭകരായ വനിതകളെ പങ്കെടുപ്പിച്ചുകൊ[illegible] ങ്കേതിക വിദഗ്ധൻമാരുടെ സഹകരണത്തോടെ, സാങ്കേതിക പരിശീലനം നല്കുക.
6. ആരോഗ്യക്ഷേമ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ സഹകരണത്തോടെ, ആരോഗ്യ സെമിനാറുകൾ, ദൃശ്യശ്രവ്യപരിപാടികൾ എന്നിവയിലൂടെ സ്ത്രീകളെ ബോധവതികളാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തുതലത്തിൽ സംവിധാനം ചെയ്യുക.
7. രാജാക്കാട് പി.എച്ച്. സെൻററിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കണം.

വനിതാ ശിശുക്ഷേമം

വാർഡ് - 1

1. സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുക. ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

വാർഡ് - 2

1. മെഴുകുതിരി, സോപ്പ്, തയ്യൽ എന്നിവ നിർമ്മിക്കുന്നതിന് പരിശീലനം നൽകുക സ്വയം തൊഴിൽ പദ്ധതി ആരംഭിക്കുന്നതിന് പഞ്ചായത്ത് സഹായം നൽകുക.
2. പച്ചക്കറികൃഷി, കാലിവളർത്തൽ, തയ്യൽ എന്നിവ ഗ്രൂപ്പായി ചെയ്യുന്നതിന് സഹായം ലഭ്യമാക്കുക.
3. സാമൂഹ്യപ്രാധാന്യമുള്ള എല്ലാ വിഷയങ്ങളെക്കുറിച്ചും സ്ത്രീകൾക്ക് ആറുമാസത്തിലൊരിക്കൽ പഞ്ചായത്തുതലത്തിൽ പരിശീലനം നൽകുക.

വാർഡ് - 3

1. വനിതാസമാജം ആരംഭിക്കുക.
2. വനിതാ വ്യവസായ യൂണിറ്റ് ആരംഭിക്കുക.
3. പച്ചക്കറിതോട്ടം ഉണ്ടാക്കുക.
4. പാൽ കളക്ഷൻ ഡിപ്പോ ആരംഭിക്കുക.
5. റേഷൻ കടകൾവഴി നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുകയും മാവേലിസ്റ്റോർ ആരംഭിക്കുകയും വാങ്ങുന്ന സാധനങ്ങൾക്ക് ബില്ലു ലഭ്യമാക്കണം.
6. പി.ച്ച്.സെൻററിൽനിന്നും മാസത്തിൽ ഒരു തവണ ലേഡീഡോക്ടറുടെയും ശിശുരോഗവിദഗ്ദ്ധരുടെയും സേവനം വാർഡുകളിൽ ലഭ്യമാക്കണം.
7. മദ്യം, മയക്കുമരുന്ന് ഇവയ്ക്കെതിരെയും അശ്ലീലപോസ്റ്ററുകൾക്കുമെതിരെയും നടപടിയും ബോധവൽക്കരണവും നടത്തുക.
8. സ്ത്രീകളുടെ തുടർ വിദ്യാഭ്യാസം നടപ്പാക്കുക.

വാർഡ് - 4

1. ഹെൽത്ത് സെൻറർ സ്ഥാപിക്കുകയും വനിതാ ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും ചെയ്യുക.
2. വനിതാസഹകരണ സംഘങ്ങൾ ആരംഭിക്കുകയും കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുക.
3. അടുക്കളതോട്ടങ്ങൾ ആരംഭിക്കുകയും ഉപയോഗശൂന്യമായി പോകുന്ന വസ്തുക്കൾ ഉപയോഗിച്ച് സ്വയം തൊഴിൽ പരിശീലനവും തൊഴിൽസംരംഭവും തുടങ്ങുക.
4. പശു, കോഴി, പന്നി, മുയലുകൾ തുടങ്ങിയവയെ വളർത്തുന്നതിന് സഹായം നൽകുക.
5. സ്ത്രീപീഡനം അവസാനിപ്പിക്കാൻ സമ്പൂർണ്ണ മദ്യനിരോധനം [illegible]

വാർഡ് - 5

1. രാജാക്കാട് പി.എച്ച്. സെൻററിൽ ഗൈനോ

ക്കോളജിസ്റ്റിനെ നിയമിക്കണം.

2. വനിതാ തൊഴിൽ പരിശീലന കേന്ദ്രവും വ്യവസായ യൂണിറ്റും സ്ഥാപിക്കുക.
3. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.
4. സ്ത്രീപീഡനകേസിൽ കർശന നടപടികൾ സ്വീകരിക്കുക.
5. സ്ത്രീധന സമ്പ്രദായത്തിനെതിരെ ബോധവൽക്കരണം നടത്തുക.
6. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകളും നീലചിത്രങ്ങളും നിരോധിക്കുക.
7. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷക ആഹാരം വിതരണം ചെയ്യുക.

വാർഡ് - 6

1. വനിതകൾക്ക് മൃഗങ്ങളെ വളർത്തുന്നതിന് സാമ്പത്തിക സഹായം നൽകുക.
2. കൈതൊഴിൽ പരിശീലന കേന്ദ്രം തുടങ്ങുക.
3. ശിശുപരിപാലനം നൽകുന്നതിന് കേന്ദ്രങ്ങൾ സ്ഥാപിക്കുക.
4. വനിതാസഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
5. പുകയില്ലാത്ത അടുപ്പുകൾ സൗജന്യനിരക്കിൽ ലഭ്യമാക്കുക.
6. ശുദ്ധജലവിതരണം കാര്യക്ഷമമാക്കുക.

വാർഡ് - 7

1. ബോധവൽക്കരണ ക്ലാസുകൾ നടത്തുക.
2. പച്ചക്കറി, കൃഷി, അടുക്കളതോട്ടം നിർമ്മിക്കുന്നതിന് പരിശീലനവും സഹായവും നൽകുക.
3. അശ്ലീല പോസ്റ്റർ, മദ്യം, മയക്കുമരുന്ന് ഇവ നിരോധിക്കുക.

വാർഡ് - 8

1. മഹിളാസമാജം രൂപീകരിക്കുക.
2. വനിതാ വ്യവസായ യൂണിറ്റ് ആരംഭിക്കുക.



രാജാക്കാട് ഗ്രാമപഞ്ചായത്ത് സാക്ഷരതാ റാലി

സഹകരണം

സഹകരണ രംഗത്ത് നമ്മുടെപഞ്ചായത്തിൽ പ്രധാനമായും പ്രവർത്തിക്കുന്നത് രാജാക്കാട് സർവ്വീസ് സഹകരണ ബാങ്കാണ്. 1970 മെയ് മാസം19-ാം തീയതിയാണ് ഈ സഹകരണ സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചത്. അതിനുമുമ്പ് ഈ മേഖല രാജകുമാരി സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനമേഖലയായിരുന്നു. നിലവിൽ 7409 അംഗങ്ങളാണ് ഈ സംഘത്തിലുള്ളത്. നമ്മുടെ പഞ്ചായത്തിന്റെ കാർഷിക മേഖലയുടെ വളർച്ചക്ക് ഈ സ്ഥാപനത്തിന് വളരെ നിർണ്ണായക പങ്കു വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിന്റെ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിലും നമ്മുടെ സഹകരണസ്ഥാപനങ്ങൾ നല്ല സംഭാവനകൾ നല്കിവരുന്നു. ജനസംഖ്യയിൽ പകുതിയിലധികം ആളുകളും ഈ സഹകരണസംഘത്തിൽ അംഗങ്ങളാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ബാങ്കിന്റെ വളർച്ചയും, സഹകാരികളുടെ നൻമയും കാർഷികമേഖലയുടെ പുരോഗതിയും ലക്ഷ്യമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സഹകരണ സ്ഥാപനം ദീർഘകാലവായ്പകൾ, ഹ്രസ്വകാലവായ്പകൾ, പദ്ധതിവായ്പകൾ, സാധാരണ വായ്പകൾ, ഐ.ആർ.ഡി.പി. വായ്പകൾ, ബിസിനസ്സ് ലോണുകൾ, സ്വർണ്ണപണയം വായ്പകൾ, വിവിധ ടേമുകളിൽ അവസാനിക്കുന്ന ചിട്ടികൾ എന്നിവ നടത്തിക്കൊണ്ടിരിക്കുന്നു. ഇതിനും പുറമെ പൊതുജനങ്ങളുടെയും സഹകാരികളുടെയും കൂടുതൽ സൗകര്യങ്ങൾക്കായി അടുത്തകാലത്തായി രാജാക്കാട് സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ടൗൺ എക്സ്റ്റൻഷൻ കൗണ്ടറും തുറന്നുപ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ഈ സ്ഥാപനത്തിൽ അംഗങ്ങളായിട്ടുള്ള മുഴുവൻ സഹകാരികളും വായ്പകൾ എടുക്കുന്നതിലും തിരികെ അടയ്ക്കുന്നതിനും ആത്മാർത്ഥമായി സഹകരിച്ചാൽ നമ്മുടെ ഗ്രാമപഞ്ചായത്തിലെ കാർഷികമേഖലയുടെ മുഖഛായതന്നെ മാറ്റിയെടുക്കാൻ കഴിയുമെന്നതിൽ സംശയമില്ല.

ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ 2 ആപ്കോസ് സഹകരണസംഘങ്ങളും മുല്ലക്കാനം കേന്ദ്രമായി രാജാക്കാട് ക്ഷീരോൽപാദക സഹകരണ സംഘവും പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങൾമുഖേന ക്ഷീരകർഷകരിൽനിന്നും ദിവസവും പാൽ ശേഖരിച്ച് ചില്ലിംഗ് പ്ലാൻറിലേക്ക് അയയ്ക്കുകയും, ചെറിയ ശതമാനം പ്രാദേശികമായി വില്പന നടത്തുകയും ചെയ്യുന്നുണ്ട്. പാലിന്റെ വില ആഴ്ചയിൽ ഒരിക്കൽ നല്കുന്നു. പഴയവിടുതി ആപ്കോസിന്റെ പ്രവർത്തനം ഇടക്കാലത്ത് നിർജീവാവസ്ഥയിലായെങ്കിലും പൊതുജനങ്ങളുടെയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയും സമയോചിതമായ ഇടപെടലുകളെ തുടർന്ന് സംഘം ഇപ്പോൾ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. ക്ഷീരകർഷകർക്കാവശ്യമുള്ള കാലിത്തീറ്റകൾ, അത്യാശ്യ സന്ദർഭങ്ങളിൽ ഡോക്ടർമാരുടെ സേവനം, കന്നുകാലി ഇൻഷുറൻസ് എന്നീ കാര്യങ്ങൾ ടി സഹകരണ സംഘങ്ങൾ നല്കിവരുന്നു. മാത്രമല്ല ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കാൻ ചില സംഘങ്ങൾ പ്രോത്സാഹന ബോണസും നല്കിവരുന്നു.

പ്രശ്നങ്ങൾ

1. ഫണ്ടിന്റെ അപര്യാപ്തതമൂലം കർഷകർക്ക് കാർഷികവായ്പ യഥാസമയം നല്കാൻ കഴിയുന്നില്ല.
2. സഹകാരികൾ വായ്പകൾ യഥാസമയം തിരിച്ചടയ്ക്കാത്തതുകൊണ്ടും കുടിശ്ശിഖ വരുത്തുന്നതുകൊണ്ടും ബാങ്കുകൾ സാമ്പത്തികപ്രതിസന്ധി നേരിടുന്നു.
3. ഉല്പാദന രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന തകർച്ചമൂലം കർഷകർക്ക് യഥാസമയം വായ്പകൾ തിരിച്ചടക്കാൻ കഴിയുന്നില്ല.
4. രാജാക്കാട് സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തനമേഖലക്ക് പുറത്തുള്ള നിരവധി ആളുകൾ ഈ സംഘത്തിൽ സഹകാരികളായിട്ടുണ്ട്. ഇത് നിയമപരമായി ഒഴിവാക്കി കിട്ടേണ്ടതാണെന്നുള്ള പരാതികളും സഹകാരികൾക്കിടയിൽ നിലനില്ക്കുന്നു.
5. കാർഷിക വായ്പകൾക്ക് അമിതമായ പലിശ ഈടാക്കുന്നു.

നിർദ്ദേശങ്ങൾ

1. ജില്ലാ ബാങ്കും, നബാഡും കാർഷികവായ്പകൾക്ക് കൂടുതൽ തുക വകയിരുത്തി വിതരണം ചെയ്യണം.
2. സഹകാരികൾ വായ്പകൾ തിരിച്ചടക്കുന്ന മുറക്ക് കാലതാമസമെന്യേ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
3. വായ്പകളിൽമേൽ ഈടാക്കുന്ന പലിശക്ക് സബ്സിഡി ഏർപ്പെടുത്തുകയും, കെടുതികൾ വരുമ്പോൾ വായ്പതുക ഗഡുക്കളായി അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
4. രാഷ്ട്രീയ അതിപ്രസരം കൂടാതെ സ്വതന്ത്രമായി

പ്രവർത്തിക്കുന്നതിനും സഹകരണമേഖല സംശുദ്ധമാക്കുന്നതിനും, ബാങ്കിന്റെ പ്രവർത്തന മേഖലക്ക് പുറത്തുനിന്നുള്ള മുഴുവൻ സഹകാരികളെയും ഷെയർ തിരിച്ചുകൊടുത്ത് അവരവരുടെ മേഖലയിലുള്ള സർവ്വീസ് സഹകരണ ബാങ്കുകളിൽ അംഗമായി തുടരാൻ വേണ്ട നിയമനടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

5. വായ്പാ നിരക്ക് വർദ്ധിപ്പിക്കുകയും, പലിശനിരക്ക് കുറയ്ക്കുകയും ചെയ്യുക.
6. ഈ പഞ്ചായത്തിൽ സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ വാർഡുകളിൽ ഖാദിബോർഡിന്റെ കീഴിൽ വിവിധ സഹകരണസംഘങ്ങൾ രൂപീകരിക്കണം.
7. സ്വയം തൊഴിൽ വായ്പകൾ മിതമായ പലിശനിരക്കിൽ സർവ്വീസ് സഹകരണ സംഘം വഴി നല്കുക.
8. എല്ലാവിധ സുഗന്ധ വ്യജ്ഞനങ്ങളുടെയും ഉൽപാദനം വിപണനം സംസ്കരണം എന്നീ ആവശ്യങ്ങൾക്കായി രാജാക്കാട് കേന്ദ്രീകരിച്ച് ഒരു സ്പൈസസ്സ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കണം.
9. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി വനിതാവ്യവസായ സഹകരണസംഘം, ലേബർ കോൺട്രാക്ട് സൊസൈറ്റി എന്നിവ രൂപീകരിക്കണം.
10. സഹകരണ കൂട്ടുകൃഷി സമ്പ്രദായം വിജയകരമായി നടപ്പിലാക്കുക.
11. സർവ്വീസ് സഹകരണ സംഘത്തിന്റെ വളംവിതരണഡിപ്പോ പുന:സ്ഥാപിക്കുക.



ചേലച്ചുവട് - പന്നിയാർകൂട്ടി റോഡിന്റെ എർത്ത് വർക്കുകൾ നാട്ടുകാരും പഞ്ചായത്തും ചേർന്ന് ബുൾഡോസർ ഉപയോഗിച്ച് തീർക്കുന്നു.

അനുബന്ധം 13

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

I	1.	സ്ഥാപനത്തിന്റെ പേര്	രാജാക്കാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം No. K. 342.
	2.	പ്രവർത്തന പരി ധി	രാജാക്കാട് പഞ്ചായത്ത്.
	3.	ക്രെഡിറ്റ്	ക്രെഡിറ്റ്
	4.	പ്രവർത്തനം ആരംഭിച്ചവർഷം	19–05–1970.
	5.	ആകെ അംഗങ്ങൾ	7409
	6.	ഒരു ഓഹരിയുടെ വില	10.00
	7.	അംഗീകൃത ഓഹരി മൂലധനം	2500000
	8.	പിരിഞ്ഞ് കിട്ടിയ ഓഹരി മൂല ധനം	1031647.00
	9.	സർക്കാർ ഓഹരിയുണ്ടോ?	ഉണ്ട്
	10.	ഉണ്ടെങ്കിൽ ലഭിച്ചതുക	184500
	11.	പരമാവധി കടം എടുക്കാവുന്ന തുക	36107645.00

II പൊതുജനങ്ങളിൽനിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

a.	സ്ഥിരം	2544011.00
b.	ഹ്രസ്വകാലം	1493868

നൽകിയിട്ടുള്ള വായ്പകൾ

a. കാർഷികവായ്പകൾ

	ഇനം	തുക
1.		
2.	ഹ്യസ്വകാല വ്വായ്പ	50,02,330–
3.	പ ദ്ധതി വായ്പകൾ	19,92,732–
4.		
5.		

b. മറ്റ് വായ്പകൾ

	ഇനം	തുക
1.		
2.	സാധാരണ വായ്പ	7,44,940–
3.	I.R.D.P	68,839–
4.	Housing Loan	9,368–
5.	OF	2,960–

c. പ്രത്യേകവായ്പകൾ

	ഇനം	തുക
1.		
2.	ISD Loan	488009–
3.	നിക്ഷേപ ഈട് വായ്പ	45300–
4.	സ്വർണ്ണപ്പണയ വായ്പ	350000–
5.		

IV. സ്ഥാപനങ്ങളിൽനിന്ന് സ്വീകരിച്ച വായ്പകൾ

	സ്ഥാപനം	സ്വഭാവം	തുക
1.	IDCB	ഹ്രസ്വകാലം	5000000
2.		ദീർഘകാലം	1988074
3.		സാധാരണ വായ്പ	919982
4.		ഗോഡൗൺ ലോൺ	119250

V. നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

	വായ്പാ സ്വഭാവം	തുക
1.	ST	1885155
2.	OL	265602
3.	LT. Loans	73727
4.	G. L. & LSD	119800
5.	MTC	53766

VI സ്ഥാപനത്തിന്റെ ചെലവുകൾ

1. Establishments charges 427000
2. Contingennies 299000

VII. വായ്പാ സഹ:സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. മാവേലി സ്റ്റോർ
2. കുരുമുളക് വ്യാപാരം
3. വളം വില്പന

13. 3 ഹൗസിംഗ് സഹ: സംഘം ഈ പ്രദേശത്ത് നൽകിയ വായ്പകളുടെ വിവരം

എത്രപേർക്ക്	ഏത് ഇനം വായ്പ	നൽകിയ തുക
1	2	3
ഒരു വായ്പയും കൊടുത്തിട്ടില്ല.കാരണം ഈ സംഘത്തിന് വായ്പ തരേണ്ടത് കേരള സംസ്ഥാന ഹൗസിംഗ് ഫെഡറേഷനാണ്. രാഷ്ട്രീയ പരിഗണന മൂലം ഈ സംഘത്തിന് ഫെഡറേഷനിൽ അഫിലീലിയേഷൻ നൽകിയിട്ടില്ല.		

ഗ്രാമസഭാ റിപ്പോട്ടുകൾ

സഹകരണ മേഖല

വാർഡ് - 1

1. പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങൾ റദ്ദുചെയ്യുക.
2. കാർഷികാവശ്യങ്ങൾക്ക് സംഘങ്ങൾ വഴി വായ്പ നൽകുക.

വാർഡ് - 2

1. കാർഷിക സഹകരണസംഘം വനിതാസഹകരണസംഘം ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം എന്നിവ രൂപീകരിക്കുക.
2. കാർഷിക ലോൺ 5000/-ൽനിന്നും 25,000/ ആക്കി വർദ്ധിപ്പിക്കുകയും കാർഷികലോൺ കൃഷി ഇറക്കേണ്ട സമയത്ത് കൃത്യമായി വിതരണം ചെയ്യുക.
3. സഹകരണ സംഘത്തിന്റെ വളം വിതരണ ഡിപ്പോ പുനഃസ്ഥാപിക്കുക.

വാർഡ് - 3

1. കൃഷിനാശം നേരിടുന്നവർക്ക് നിലവിലുള്ള ലോൺ നിലനിർത്തിക്കൊണ്ട് പുതിയ ലോൺ നൽകുക.
2. നാണ്യവിളകളുടെ മാർക്കറ്റിംഗ് സൊസൈറ്റി വാർഡ് തലത്തിലുണ്ടാക്കണം. ഇതുവഴി കർഷകർക്കുള്ള വളം, കീടനാശിനി മുതലായവ നൽകുക.
3. വാർഡിൽ മിൽമ സൊസൈറ്റി രൂപീകരിക്കുക.
4. വനിതാ സഹകരണസംഘം പുനരുജ്ജീവിപ്പിക്കുക.
5. സഹകരണ കൺസ്യൂമർ സ്റ്റോർ സ്ഥാപിക്കുക.
6. ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കുക.

വാർഡ് - 4

1. ഖാദിബോർഡിന്റെ കീഴിൽ ഒരു സഹകരണ സംഘം 4-ാം വാർഡിൽ രൂപീകരിക്കുക.
2. കാർഷികാവശ്യങ്ങൾക്കും മറ്റ് ലോൺ കൊടുക്കുന്നത് അതാത് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
3. സർക്കാർ കൊടുക്കുന്ന ലോൺ അപര്യാപ്തതയാണ്, അതുകൊണ്ട് കൂടുതൽ തുക അനുവദിക്കുക.
4. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹകരണ സംഘംവഴി വായ്പ ലഭ്യമാക്കുക.

വാർഡ് - 5

1. വാർഡിൽ സഹകരണ കൺസ്യൂമർ സ്റ്റോർ സ്ഥാപിക്കുക.
2. [illegible] പണനസംഘങ്ങൾ എന്നിവ സ്ഥാപിക്കുക.
3. വനിതാസഹകരണ വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.
4. സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് കൂടുതൽ വായ്പ്പകൾ ലഭ്യമാക്കണം.
5. സഹകരണ കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുക.

വാർഡ് - 6

1. കാർഷിക ആവശ്യങ്ങൾക്ക് വായ്പകൾ ആവശ്യത്തിലും പലിശയിൽ കുറവുവരുത്തുക. യും ചെയ്യുക.
2. എല്ലാത്തരം കാർഷിക ഉത്പന്നങ്ങളും സംസ്കരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹകരണ സ്ഥാപനങ്ങൾ തുടങ്ങുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.
3. നൽകുന്ന വായ്പകൾ അതാത് കൃഷിക്ക് ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
4. സർക്കാർ സഹകരണസംഘങ്ങളുടെ പ്രവർത്തനം കുറ്റമറ്റതാക്കുക.
5. വ്യവസായസംഘങ്ങളുടെയും ഖാദിസംഘങ്ങളുടെയും പ്രവർത്തനം ആരംഭിക്കുക.
6. കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ സഹകരണസ്ഥാപനങ്ങൾ വഴി നൽകുക.
7. ചെറുകിട കൃഷിക്കാർക്ക് വിത്ത്, വളം, കീടനാശിനി എന്നിവ സംഘം വഴി ലഭ്യമാക്കുക.
8. സഹകരണ ഗ്രിഡ് സ്ഥാപിക്കുക.
9. ഫാമിംഗ് സൊസൈറ്റികളും റബ്ബർ മാർക്കറ്റിംഗ് സംഘങ്ങളും ശക്തിപ്പെടുത്തുക.

വാർഡ് - 7

1. വനിതാസംഘം രൂപീകരിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.
2. കൃഷിനാശം സംഭവിക്കുന്ന കൃഷിക്കാർക്ക് ലോൺ നിലനിർത്തിക്കൊണ്ട് പുതിയ ലോൺ നൽകണം.
3. മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കുക.
4. [illegible] മാവേലിസ്റ്റോർ സ്ഥാപിക്കുക. [illegible] സിറ്റിയിൽ തന്നെ സ്ഥാപിക്കണം.

വാർഡ് - 8

1. ഗ്രൂപ്പ് ഫാമിംഗ് ഏർപ്പെടുത്തുക.
2. മാവേലിസ്റ്റോർ ആരംഭിക്കുക.
3. ക്രെഡിറ്റ് ഫെസിലിറ്റീസ് കൂടുതൽ അനുവദിക്കുക.
4. എല്ലാവിധ വായ്പകൾക്കും സബ്സിഡി നൽകുക.

5-11 പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

വിദ്യാഭ്യാസ-സാമൂഹ്യമേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു ജനവിഭാഗമാണ് നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ സഹോദരങ്ങൾ. സാമൂഹ്യ സാമ്പത്തികരംഗത്ത് നിരവധി കാലം ചൂഷണത്തിന് വിധേയരായിട്ടുള്ള ഈ വിഭാഗം ഇന്നും മോചനത്തിന്റെ പാതയിലെത്തിയിട്ടില്ലെന്ന് പറയാം. നമ്മുക്ക് ലഭ്യമായ സ്ഥിതി വിവരക്കണക്കുകൾ അനുസരിച്ച് 277 പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരാണ് നമ്മുടെ ഈ കൊച്ചുഗ്രാമത്തിലുള്ളത്.

ഈ വിഭാഗത്തിന്റെ സമഗ്രമായ പുരോഗതിക്കുവേണ്ടി സർക്കാർ കാലാകാലങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെക്കുറിച്ചും അവയുടെ പ്രായോഗിക വശങ്ങളെക്കുറിച്ചും ഇവർക്ക് കാര്യമായ അറിവുകൾ ഇല്ലെന്ന് വേണം കരുതുവാൻ. മാത്രമല്ല, പല പദ്ധതികളുടേയും പ്രയാസമേറിയ നിബന്ധനകൾ മൂലം ആനുകൂല്യങ്ങൾ ഫലപ്രദമായി യഥാസമയം ഉപയോഗപ്പെടുത്തുന്നതിന് ഇവർക്ക് കഴിഞ്ഞിട്ടില്ല. ഇവരിൽ വിദ്യാസമ്പന്നരായിട്ടുള്ളവർ പോലും അറിഞ്ഞോ അറിയാതെയോ സർക്കാർ നല്കുന്ന ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്നില്ലെന്നുള്ളത് വളരെ ഖേദകരമാണ്. എങ്കിലും, കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ പരമാവധി ലഭ്യമാക്കികൊടുക്കുന്നതിന് നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് സന്തോഷകരമായ സംഗതിയാണ്.

വിദ്യാഭ്യാസം

വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നില്ക്കുന്നവരാണെങ്കിലും ഇവരിൽ നിരക്ഷരർ ഇല്ലെന്ന് തന്നെ പറയാം. കൊടിയ ദാരിദ്ര്യം മൂലം വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടിവന്നവരും ഇക്കൂട്ടത്തിലുണ്ട്. S.S.L.C.വരെ പഠിച്ചശേഷം കുടുംബഭാരം കൊണ്ട് തുടർന്ന് പഠിക്കാൻ കഴിയാത്ത ഹതഭാഗ്യവന്മാരും കോളേജ് വിദ്യാഭ്യാസത്തിന് ശേഷം തൊഴിൽതേടിയലയുന്ന ചെറുപ്പക്കാരും ഇക്കൂട്ടത്തിലുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടാതെ S.S.L.C.വരെ പഠിച്ച് പഠനം നിർത്തി മറ്റേതെങ്കിലും തൊഴിലുകളിൽ ഏർപ്പെടുന്നവരും കുറവല്ല. വിദ്യാഭ്യാസപരമായി പിന്നോക്കം നില്കുന്നവരെ ബോധവൽക്കരണത്തിലൂടെ പ്രബുദ്ധരാക്കി മുന്നോട്ട് കൊണ്ടുവരേണ്ട ധാർമ്മികമായ ചുമതല മറ്റുള്ളവരോടൊപ്പം ഇവരിൽപ്പെട്ട വിദ്യാസമ്പന്നരുടെയും കടമയാണെന്നുള്ള കാര്യം വിസ്മരിക്കരുത്.

തൊഴിൽ

പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിൽ ഭൂരിപക്ഷവും കൂലി വേല ചെയ്ത് ഉപജീവനം കഴിയുന്നവരാണ്. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്.

വേണ്ടത്ര കൃഷി ഭൂമി കൈവശമില്ലാത്ത ഇവർക്കും നമ്മുടെ നാട്ടിൽ കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള തകർച്ചകൾ കാര്യമായി ബാധിച്ചിട്ടുണ്ട്. ആയതിനാൽ കൂലിവേലചെയ്ത് ഉപജീവനം കഴിഞ്ഞുകൊണ്ടിരിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹ്യ ജീവിത നിലവാരം വളരെ പരിതാപകരമാണ്.

പാർപ്പിടം

ജീവിതത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന JRY-IAY, MWS എന്നീ പദ്ധതികൾ മുഖേന പരമാവധി പാർപ്പിട സൗകര്യങ്ങളും, മറ്റു സാനിട്ടേഷൻ സൗകര്യം ലഭ്യമാക്കുന്നതിന് നമ്മുടെ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. എങ്കിലും വർദ്ധിച്ചുവരുന്ന അംഗസംഖ്യ അനുസരിച്ച് ഇനിയും ഒട്ടേറെ ക്ഷേമപദ്ധതികൾ

നടപ്പിലാക്കേണ്ടതുണ്ട്. നിർഭാഗ്യവശാൽ സെൻസസിൽ വന്ന അപാകത നിമിത്തം നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വാർഡുകളിൽ ഒരെണ്ണം കുറഞ്ഞുപോകുകയും തന്മൂലം പഞ്ചായത്തിനു ലഭിക്കേണ്ട പല ഗവൺമെന്റ് ഗ്രാന്റുകളും ഇതര ആനുകൂല്യങ്ങളും ലഭിക്കാതെ പോയിട്ടുണ്ട്. ഈ ദുസ്ഥിതിക്ക് മാറ്റം വരേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ ഇപ്പോഴും അവഗണന നിലനിൽക്കുന്നു. തന്മൂലം ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു

2. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമപദ്ധതികൾ സംബന്ധിച്ചുള്ള അറിവില്ലായ്മ

3. തൊഴിൽ അസ്ഥിരത, സാമ്പത്തിക ക്ലേശം എന്നീ കാര്യങ്ങൾ ഈ വിഭാഗക്കാർ നേരിടുന്ന മുഖ്യ പ്രശ്നങ്ങളാണ്.

4. സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രംഗത്ത് അസംഘടിതരാണ്.

5. താമസ സ്ഥലങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ദൂരകൂടുതൽ പലപ്പോഴും ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു.

6. പട്ടികജാതി വികസന കോർപ്പറേഷനും, പട്ടിക ജാതി ക്ഷേമവകുപ്പും, അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് നല്കുന്ന വായ്പകളും ധനസഹായങ്ങളും യഥാസമയം അറിയാൻ കഴിയാത്തതുകൊണ്ട് ലക്ഷ്യം നേടുന്നില്ല.

7. വർദ്ധിച്ചുവരുന്ന അംഗസംഖ്യയനുസരിച്ച് വീടുകൾ നിർമ്മിക്കുന്നതിന് സ്വന്തമായി ഭൂമികൾ ഇല്ല.

8. വീടുകൾ വൈദ്യുതീകരിച്ചിട്ടില്ല. കുടിവെള്ളം ലഭ്യമല്ല.

നിർദ്ദേശങ്ങൾ

1. പട്ടികജാതി പട്ടിക വർഗ്ഗത്തിനായി പഞ്ചായത്തുതലത്തിൽ ഒരു പ്രത്യേക സമിതി രൂപീകരിച്ച്, പട്ടികജാതി പട്ടിക വർഗ്ഗക്ഷേമ പ്രവർത്തനങ്ങൾ സ്ഥിരമായി നിലനിർത്തുകയും ആനുകൂല്യങ്ങൾ ടി വർഗ്ഗകാർക്കു തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയുക.

2. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിന്റെ വിവിധ ക്ഷേമപദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന്, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സഹകരണത്തോടെ പഞ്ചായത്തു തലത്തിൽ സെമിനാറുകൾ, ശില്പശാലകൾ, ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങൾ എന്നിവമൂലം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

3. പ്രത്യേക ഘടക പദ്ധതിയിൽപ്പെടുത്തി, അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ യുവതീയുവാക്കൾക്ക്, ശാസ്ത്ര സാങ്കേതിക ഉപദേശങ്ങളും പരിശീലനങ്ങളും നല്കി. തൊഴിൽരംഗത്തെ പ്രോത്സാഹിപ്പിക്കുകയും പുതിയ തൊഴിൽ സംരംഭങ്ങൾ പഞ്ചായത്തു തലത്തിൽ തുടങ്ങുന്നതിനാവശ്യമായ പ്രവർത്തനമൂലധനം പഞ്ചായത്തുകൾ വഴി നല്കുകയും ചെയ്യുക.

4. സാംസ്കാരിക നിലവാരം മെച്ചപ്പെടുത്തുന്നതിന് പട്ടികജാതി കോളനികളിലും ലക്ഷംവീടുകോളനികളിലും T.V. കിയോസ്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക.

5. പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടുവെയ്ക്കുന്നതിനാവശ്യമായ ധനസഹായവും നല്കുക. മുഴുവൻ വീടുകളും സൗജന്യമായി വൈദ്യുതീകരിക്കുക.

6. രാജാക്കാട് കേന്ദ്രീകരിച്ച് പട്ടികജാതി പട്ടികവർഗ്ഗവിഭാഗ വിദ്യാർത്ഥികൾക്കായി ഒരു ഫ്രീ-മെട്രിക്ക് ഹോസ്റ്റൽ സ്ഥാപിക്കുക.

7. ക്ഷേമ പദ്ധതികൾ യഥാസമയം പ്രയോജനപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട്, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ ഒരു സെൽ (ഓഫീസ്) രാജാക്കാട്ടിൽ സ്ഥാപിക്കണം.

8. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, സാമ്പത്തികനില കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമായി പഞ്ചായത്തടിസ്ഥാനത്തിൽ സർവീസ് സഹകരണ സംഘം രൂപീകരിക്കുകയോ, നിലവിലുള്ളവ പുനരുദ്ധരിക്കുകയോ ചെയ്യുക.

9. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ കൂടുതൽ അധിവസിക്കുന്ന പുന്ന സിറ്റി, മമ്മട്ടിക്കാനം എന്നിവിടങ്ങളിൽ ഓരോ IHDP കോളനികൾക്ക് അംഗീകാരം നല്കുക.

10. പഞ്ചായത്തിലുള്ള മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും പഞ്ചായത്തു മുഖേന സൗജന്യമായി ആടുമാടുകളും കാർഷിക ഉപകരണങ്ങളും നല്കുക.

ഗ്രാമസഭാ റിപ്പോർട്ടുകൾ

വാർഡ് 1

1. പട്ടിക ജാതി പട്ടിക വർഗ്ഗക്ഷേമപദ്ധതികൾ സ്ഥിരമായി നിലനിർത്തുക.

2. പട്ടികജാതി പട്ടികവർഗ്ഗത്തിനു ലഭിക്കുന്ന സഹായങ്ങൾ അവർക്ക് ലഭിക്കുന്നുണ്ടോ എന്നറിയുന്നതിന് അവരുടെ ഒരു പ്രതിനിധി പഞ്ചായത്തിൽ ഉണ്ടായിരിക്കണം.

വാർഡ് 2

1. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി പ്രത്യേകമായി ഒരു സമിതി രൂപീകരിക്കുക.

2. ഭൂമിയും വീടും ഇല്ലാത്തവർക്ക് ഭൂമി, വീട്, തൊഴിൽ പരിശീലനം നൽകുകയും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സൗജന്യ സഹായം നൽകുക.

3. സർക്കാരിൽ നിന്നും നൽകുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ അവകാശിക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. കഷിഭവനുകളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇടനിലക്കാർ തട്ടിയെടുക്കുന്നത് അവസാനിപ്പിക്കണം.

വാർഡ് 3

